279
JUNE 2020

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# പ്രതിസന്ധികൾ, സാധ്യതകൾ

279

**EDITORIAL BOARD**

**Editor**
Dr. A.S. Sumesh

**Managing Editor**
Dr. P.K. Kusalakumari

**Assistant Editors**
Dr. Sony John
Dr. N. Renuka

**Members**
Dr. C. Padmanabhan
Dr. P.N. Harikumar
Dr. Santhosh K
Dr. Sheela M. Joseph
Prof. A.G. Oleena
Prof. Pramod Vellachal
Dr. K.P. Jayakumar
Dr. Arya Gopi
Dr. Vysakhan Thambi
Shyla Hameed
Dr. Premkumar R.
Dr. Myna Umaiban
Sona P
Dr. M.R.Rajesh
Abhilash T
Sheeja K.P
Harinarayanan S.
SubinVarghese
Lijo Sebastian
Bineesh E.K
Shine P.S.

Design
**Jwala Creatives**

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.in**


Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
Dr. P.N. Harikumar, AKPCTA State Committee Office, Vanchiyoor, TVPM-35.

# JUNE 2020

- *എഡിറ്റോറിയൽ* 3
- *ഉന്നതവിദ്യാഭ്യാസമേഖലയിൽ തകരുന്ന ഫെഡറൽ സംവിധാനം*
  **ആർ. ഇന്ദുലാൽ** 4
- *സർവ്വസ്വതന്ത്ര മുതലാളിത്തവും 'താലിനോമിക്‌സി'ന്റെ വസ്തുതകളും*
  **ഷൈല ഹമീദ്** 8
- *ഹിമാലയൻ യാത്രകൾ*
  **ഡോ. ജോയിസുകുട്ടി ജോസഫ്** 14
- *രണ്ടുകവിതകൾ*
  **ഡോ. സി.എസ്. സേവ്യർ** 22
- *Gay Affects: The Serene Dissidence of Jonathan Dollimore*
  **Cheri Jacob K** 24
- *ഹാജർ നിറം*
  **ഡോ. അന്നാസാലി ഇ.എം.** 29
- *ഭക്തി: ചരിത്രാനുഭവവും വർത്തമാന യാഥാർത്ഥ്യവും*
  **ഡോ. ടി. മധു** 30
- *സമകാലിക ഇന്ത്യൻ സമ്പദ് വ്യവസ്ഥയിലെ മുതലാളിത്ത പ്രതിസന്ധി*
  **അനിൽ വർമ്മ** 36
- *കാറ്റ്*
  **ഡോ. ജോയിസ് റ്റോം** 47
- *Verses in Crisis*
  **Dr. T.R. Muralikrishnan** 48
- *Corona Engenders infight among the proponents of Globalisation*
  **Dr. Dileep MR** 50
- *അമേരിക്കയിൽ നിന്നൊരു പട്ടാളക്കാരൻ*
  **ശംഭു ആർ.** 55
- *കരുണാമയൻ*
  **ഗോപകുമാർ രാമകൃഷ്ണൻ** 57
- *വിദ്യാർത്ഥിവസന്തം*
  **ഡോ. സീത വിജയകുമാർ** 58

എഡിറ്റോറിയൽ



# പ്രതിസന്ധികൾ, സാധ്യതകൾ


പ്രതിസന്ധികൾ പുതിയ സാധ്യതകൾ കൂടിയാണ്. തീവ്രഗതിയിൽ പടർന്നു പിടിക്കുന്ന ഒരു രോഗാണുവിന് മുന്നിൽ ആശങ്കപ്പെടുന്ന അതേ ലോകം, സാങ്കേതിക വിദ്യയുടെ പുതിയ സാധ്യതകളെ ദൈനംദിന ജീവിത വ്യവഹാരത്തിലേക്ക് ചേർത്തുപിടിക്കാൻ തുടങ്ങിയിരിക്കുന്നു. വൈവിധ്യമാർന്ന തലങ്ങളിലേക്ക് വളരെ വേഗം കടന്നുചെല്ലാൻ കഴിയുന്ന സാങ്കേതിക വിദ്യയുടെ പ്രതീതിയാഥാർഥ്യത്തിന്റെ മായാജാലത്തെ അതിജീവിക്കാൻ ഒരു മൂന്നാം ലോകരാജ്യത്തിന് ഒരുപാട് കാലം കഴിയില്ല. പെട്ടെന്ന് വ്യാപിച്ച ഒരു പുതിയ സങ്കേതം എന്നതിനപ്പുറം സാമൂഹിക ജീവിതക്രമത്തിൽ പാലിക്കേണ്ട സാങ്കേതിക നീതിശാസ്ത്രബോധം ഉപഭോക്താവ് എന്ന നിഷ്ക്രിയ സ്വീകർത്താവിനെ പരിശീലിപ്പിക്കാൻ ഈ സങ്കേതത്തിന് കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസം ഡിജിറ്റൽ ആവണം എന്ന ആശയത്തെ കൈകാര്യം ചെയ്യുമ്പോൾ ഇത്തരം ഒട്ടനേകം കാര്യങ്ങളിൽ ഉന്നത വിദ്യാഭ്യാസ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട പങ്കാളികൾ എന്ന നിലയിൽ നമ്മുടെ നിലപാടുകൾ പ്രസക്തവും പ്രധാനവുമാണ്.

ഡിജിറ്റൽ ഡിവൈഡ് എന്നത് സാങ്കേതിക വിദ്യയുടെ കേവല അപര്യാപ്തതയെ സൂചിപ്പിക്കുന്ന പദമല്ല. അത് സാമൂഹികമായ ഒരു നീതി നിഷേധം കൂടിയാണ്. കോളേജുകൾ കേവലം സിലബസ് പഠനകേന്ദ്രങ്ങൾ മാത്രമാണ് എന്നും അതിന് പകരമാവാൻ സാങ്കേതിക വിദ്യക്ക് കഴിയും എന്നും കരുതുന്ന ഉദ്യോഗസ്ഥ പ്രഭുത്വത്തെ പുതിയകാല സാമ്രാജ്യത്വ വെല്ലുവിളിയായി മാത്രമേ കരുതാൻ കഴിയൂ. ജൈവികമായ ക്ലാസ്സ്മുറികളിൽ രൂപപ്പെട്ട ജനാധിപത്യ മതനിരപേക്ഷ പുരോഗമന ആശയങ്ങളിൽ അസ്വസ്ഥതയുള്ളവർ അത്തരം സാധ്യതകളെ ഇല്ലാതാക്കാൻ നടത്തുന്ന ഏതൊരു പരിശ്രമത്തെയും ചെറുത്തു തോൽപ്പിക്കാൻ നമുക്ക് കഴിയണം.

മാതൃകാപരമായ ഒട്ടനേകം പ്രവർത്തങ്ങൾ കോവിഡ് കാലത്ത് നാം ഏറ്റെടുത്ത് വിജയിപ്പിക്കുകയുണ്ടായി. വിദ്യാർത്ഥിയെയും അധ്യാപകരെയും ഒരേപോലെ തയ്യാറാക്കി നിർത്താൻ ഉതകുന്ന ഒന്നിലേറെ പദ്ധതികൾ നാം നടപ്പിലാക്കി വിജയം വരിച്ചു. മണിക്കൂറുകളുടെ കണക്കുകളിൽപ്പെടുത്തി അളക്കേണ്ടതല്ല അധ്യാപനം എന്ന് നാം ഉറക്കെ വിളിച്ചുപറയുന്നത് ഇത്തരം മാതൃകകളിലൂടെയാണ്. പ്രതിസന്ധിയുടെ ഈ കോവിഡ് കാലത്തെ നാം നേരിടുന്നത് ശക്തമായ ജനകീയ ബദലുകൾ മുന്നോട്ട് വച്ചുകൊണ്ടാണ്. ഓൺലൈൻ വിദ്യാഭ്യാസത്തിന്റെ എല്ലാ പരിമിതികളും വ്യക്തമായി തിരിച്ചറിഞ്ഞുകൊണ്ട് ഓരോ വിദ്യാർഥിയിലേക്കും എത്തിച്ചേരാൻ കഴിയുന്ന ബോധന പ്രക്രിയയെ പരിചയപ്പെടുത്തുകയാണ് നാം ചെയ്തത്. ലോകത്തിന് മാതൃകയായ കേരളത്തിൻറെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ചചെയ്യപ്പെടുമ്പോഴെല്ലാം ഉന്നത വിദ്യാഭ്യാസ രംഗത്ത് നാം നടത്തിയ ഇടപെടലുകളും അതിൽ ഉണ്ടാവും എന്നതിൽ നമുക്ക് അഭിമാനിക്കാം.

**ഡോ. എ.എസ്. സുമേഷ്**
drassumesh@gmail.com
9744168522

ആർ ഇന്ദുലാൽ



# ഉന്നതവിദ്യാഭ്യാസമേഖലയിൽ തകരുന്ന ഫെഡറൽ സംവിധാനം

കോവിഡ് 19 മഹാമാരി
മനുഷ്യന്റെ ലിഖിത
ചരിത്രത്തിൽ ഇതുവരെ ഉണ്ടാകാ
ത്തത് പോലെ ലോകത്തെ ആകെ
മരവിപ്പിച്ചു നിർത്തിയിരിക്കുന്ന
കാലത്തിലൂടെയാണ് നമ്മൾ കട
ന്നു പോകുന്നത്. ഇത് ഇതുവരെ
പരിചയിച്ചു പോന്നിട്ടുള്ള ജീവി
തചര്യകൾക്ക് ആകെ വിഘാതം
സൃഷ്ടിക്കുന്നുണ്ട് എങ്കിലും പുതിയ
തരത്തിലുള്ള സാധ്യതകൾ തുറന്നു
തരികയും ചെയ്തിട്ടുണ്ട്. പരമ്പരാ
ഗത തൊഴിൽ രീതികളിൽ വലിയ
തോതിലുള്ള മാറ്റം ഈ കാലഘട്ട
ത്തിൽ ഉണ്ടായിട്ടുണ്ട്. ഉൽപാദന
ത്തിന്റെ പഴയ രൂപങ്ങൾ നൂതന
സാങ്കേതികവിദ്യയിൽ അധിഷ്ഠിത
മായ പുതിയ ഉൽപ്പാദനരൂപങ്ങൾ
ക്ക് വഴി മാറുന്ന കാഴ്ചയാണ് ലോ
കമെങ്ങും ഇപ്പോൾ കാണുന്നത്.
മരണനിരക്കിന്റെ കാര്യത്തിൽ മറ്റു
പല പകർച്ചവ്യാധികൾക്കും പി
ന്നിലാണെങ്കിലും വ്യാപന വേഗം
കൊണ്ട് കോവിഡ് ലോകത്തെ
യാകെ പിടിച്ചുകുലുക്കിയിട്ടുണ്ട്.
ഈ നടുക്കം ലോക സമ്പദ് വ്യവ
സ്ഥയിൽ തന്നെ കാതലായ മാ
റ്റങ്ങൾ സൃഷ്ടിക്കാതെ ഇരിക്കില്ല.
സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ കോവി
ഡിനെ നിയന്ത്രിച്ച് നിർത്തുമ്പോൾ
മുതലാളിത്ത വ്യവസ്ഥ നിലനിൽ
ക്കുന്ന വികസിത രാഷ്ട്രങ്ങൾ എന്ന്
മേനി നടിച്ചു കൊണ്ടിരുന്ന രാജ്യ
ങ്ങൾ കോവിഡിന് മുന്നിൽ വിറ
ങ്ങലിച്ച് നിൽക്കുന്നത് ലോകമാ
കെയുള്ള കാഴ്ചയാണ്. മുതലാളിത്ത
വ്യവസ്ഥയിലെ ആരോഗ്യരംഗം
സ്വകാര്യവൽക്കരിക്കപ്പെട്ട തിന്റെ
മുഴുവൻ ദൗർബല്യവും വെളിവാക്കി
നിൽക്കുന്നത് കാണാനാവുന്നുണ്ട്.
ലോക മുതലാളിത്തം നേരിടുന്ന
ആഗോള പ്രതിസന്ധി ഏറെ
മൂർച്ഛിക്കാൻ കോവിഡ് എന്ന
മഹാമാരി കാരണമായിട്ടുണ്ട്
എന്ന് സാരം. എന്നാൽ ആരോ
ഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ
പ്രധാന മേഖലകളെല്ലാം പൊതു
മേഖലയിൽ നിലനിർത്തിയ സോ
ഷ്യലിസ്റ്റ് രാജ്യങ്ങൾ കോവിഡ്
വ്യാപനത്തെ നിയന്ത്രിക്കുകയും
മരണനിരക്ക് വളരെ കുറച്ചു നിർ

ത്തുകയും ചെയ്തിട്ടുണ്ട്. ചൈനയും ക്യൂബയും പോലെ കേരളവും ഇതിന്റെ ഉദാഹരണമാണ്.

കോവിഡ് മഹാമാരി ഏറെ ബാധിക്കുന്ന ഒരു മേഖല വിദ്യാഭ്യാസം തന്നെയാണ്. കേരളത്തിൽ ജനവരി മാസത്തിൽ ആരംഭിച്ച കോവിഡിന്റെ രണ്ടാംഘട്ട വ്യാപനം ഉണ്ടാകുന്നത് മാർച്ച് മാസത്തിലാണ്. മാർച്ച് 10 മുതൽ തന്നെ കേരളത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുകയാണ്. സ്വാഭാവികമായും ബദലുകൾ അന്വേഷിച്ചു കൊണ്ടല്ലാതെ വിദ്യാഭ്യാസ പ്രക്രിയ തുടർന്നു കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. വരുന്ന കുറച്ച് മാസങ്ങളിൽ എങ്കിലും ഇതിൽ വലിയ മാറ്റങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. മാർച്ചിൽ രാജ്യമാകെ ലോക്ഡൗണിലേക്ക് പോകുന്നതിനു മുൻപ് തന്നെ കോവിഡ് കാലത്തെ അതിജീവിക്കുന്നതിനുവേണ്ട വിദ്യാഭ്യാസ മാതൃകകൾ ആലോചിക്കേണ്ടതുണ്ട് എന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിച്ചത് എകെപിസിടിഎ മാത്രമാണ്. തുടർന്ന് ലേൺ ഇൻ ലോക്ഡൗൺ എന്ന പേരിൽ നാല് പ്രമുഖ സർവകലാശാലകളിലെയും വിദ്യാർഥികൾക്കു വേണ്ടി ഓൺലൈൻ മാധ്യമങ്ങൾ ഉപയോഗിച്ച് ക്ലാസ്സുകൾ എടുത്തു കൊടുക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുകയും പ്രതിദിന പങ്കാളിത്തം ഒന്നര ലക്ഷത്തിൽ എത്തിച്ച് വിജയിപ്പിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ പ്രതിദിന വാർത്താസമ്മേളനത്തിൽ മാതൃകാപരമായ പ്രവർത്തനം ആയി ഈ പദ്ധതി പ്രശംസിക്കപ്പെട്ടു.

തുടർന്ന് നമ്മൾ ഏറ്റെടുത്ത ഈ ടീച്ചിംഗ് പദ്ധതി ഏഴായിരത്തിലധികം അധ്യാപകരെ ഓൺലൈൻ സാങ്കേതികവിദ്യയിൽ പരിശീലിപ്പിച്ചതുകൊണ്ടാണ് മേയ് അവസാനം ഓൺലൈൻ ക്ലാസുകൾ നടപ്പാക്കിക്കൊണ്ട് സർക്കാർ തീരുമാനം പ്രഖ്യാപിച്ചപ്പോൾ കേരളത്തിലെ അധ്യാപകർ അത് സധൈര്യം ഏറ്റെടുത്തത്. ഓൺലൈൻ ക്ലാസുകൾ സാമ്പത്തികവും സാമൂഹികവുമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാവകാശങ്ങൾ നിഷേധിക്കുന്നത്  നമ്മുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതിനാൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് നമ്മൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓൺലൈൻ ക്ലാസ്സുകളിൽ അധ്യാപകരും വിദ്യാർത്ഥികളും

**യുജിസിയുടെയും കേന്ദ്രസർക്കാരിനെയും നിയന്ത്രണങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വർദ്ധിച്ചു വരുന്നത് ഏറെ ആശങ്കയോടെയാണ് നമ്മൾ വീക്ഷിക്കുന്നത്. അധ്യാപകരുടെ ജോലിഭാരവും ആയി ബന്ധപ്പെട്ട് നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ എല്ലാം ഉറവിടം യുജിസിയുടെ ഇത്തരത്തിലുള്ള ഉള്ള സ്വാധീനം തന്നെയാണ്.**

തമ്മിലും വിദ്യാർഥികൾ പരസ്പരവും ഉള്ള ജൈവ ബന്ധങ്ങളിലൂടെ ആർജ്ജിക്കുന്ന വിജ്ഞാനത്തിന് അവസരം നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ ഈ ദുരന്ത കാലത്തിനപ്പുറം ഓൺലൈൻ ക്ലാസുകൾ വിദ്യാഭ്യാസത്തിന്റെ സാധാരണ രീതി ആകരുത് എന്നും കോവിഡ് മഹാമാരി ഒഴിയുന്ന കാലത്ത് സാധാരണ ക്ലാസ്സ് മുറികളിലേക്ക് വിദ്യാഭ്യാസം മടങ്ങണമെന്നും ഉള്ള അഭിപ്രായം സംഘടന ശക്തമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ യുജിസി അടക്കമുള്ള കേന്ദ്ര ഏജൻസികളുടെ നിലപാടുകളെ ശക്തമായി പ്രതിരോധിക്കുന്നതിന് സംഘടന തുടർന്ന് തയ്യാറെടുക്കുകയും ചെയ്യേണ്ടതുണ്ട്.

യുജിസിയുടെയും കേന്ദ്രസർക്കാരിനെയും നിയന്ത്രണങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ വർദ്ധിച്ചു വരുന്നത് ഏറെ ആശങ്കയോടെയാണ് നമ്മൾ വീക്ഷിക്കുന്നത്. അധ്യാപകരുടെ ജോലിഭാരവും ആയി ബന്ധപ്പെട്ട്  നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന പ്രശ്നങ്ങളുടെ എല്ലാം ഉറവിടം യുജിസിയുടെ ഇത്തരത്തിലുള്ള ഉള്ള സ്വാധീനം തന്നെയാണ്. 1980കളിൽ ഗൈഡ്ലൈനുകൾ മാത്രം നൽകിയിരുന്ന യുജിസി തൊണ്ണൂറുകൾ മുതൽ ഇങ്ങോട്ട് റെഗുലേഷൻ ഇറക്കിക്കൊണ്ട് ഉന്നത വിദ്യാഭ്യാസത്തെ വരുതിയിലാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടങ്ങിയതായി കാണാം. 1998 റെഗുലേഷൻ മുതൽ ശമ്പള പരിഷ്കരണത്തിനുള്ള യുജിസിയുടെ സാമ്പത്തിക സഹായം ലഭിക്കുന്നതിന് റെഗുലേഷൻ  പൂർണമായി അംഗീകരിക്കുക എന്നത് നിർബന്ധിതമായി മാറുന്നു. 1998 റെഗുലേഷന്റെ പശ്ചാത്തലം അഞ്ചാം ശമ്പള പരിഷ്കരണ നിർദേശങ്ങൾ നൽകുന്നതിന് രൂപീകരിക്കപ്പെട്ട രസ്തോഗി കമ്മീഷൻ റിപ്പോർട്ട് ആയിരുന്നു. അധ്യാപകരുടെ ജോലിഭാരവും ആയി ബന്ധപ്പെട്ട്   ഈ റിപ്പോർട്ട് മുന്നോട്ടുവച്ചിരുന്ന നിർദ്ദേശം ആഴ്ചയിൽ 22 മണിക്കൂർ എന്നായിരുന്നു. ഇത് പിന്നീട് യുജിസി ഒരു പ്രത്യേക ഉത്തരവായി ഇറക്കിയെങ്കിലും ഐഫക്ടോയുടെ ശക്തമായ സമരത്തിന് ശേഷം പിൻവലിക്കപ്പെട്ടു. അതുവരെ നിർദ്ദേശിക്കപ്പെട്ടിരുന്ന പിജി ജോലിഭാരത്തെപ്പറ്റി ഈ റെഗുലേഷൻ മുതൽ യുജിസി നിശബ്ദത പാലിച്ചു. കേരളത്തിൽ 1998 റെഗുലേഷൻ പ്രകാരം അധ്യാപകരുടെ ജോലിഭാരം ആഴ്ചയിൽ 16 മണിക്കൂർ എന്ന നിബന്ധന നടപ്പിലാക്കിയെങ്കിലും പി ജിയുടെ പ്രത്യേക ജോലിഭാരം നിലനിർത്തുകയാണ് ചെയ്തത്. കൂടാതെ അവസാനത്തെ പോസ്റ്റിന് എട്ട് മണിക്കൂറിൽ അധികം ജോലിഭാരം എന്നും ഏകാധ്യാപക വിഭാഗങ്ങളിൽ ആറുമണിക്കൂറോ അതിലധികമോ ജോലിഭാരം

എന്നും നിബന്ധന ഉണ്ടായി. 2010 റെഗുലേഷനോടെ പരിഷ്കരിച്ച് നടപ്പിലാക്കുന്നത് കൂടുതൽ നിർബന്ധമാവുകയും അതിന് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇറങ്ങി പുറപ്പെടുകയും ചെയ്തതിന്റെ ഫലമാണ് ഇപ്പോൾ ഉണ്ടായിരിക്കുന്ന അസ്വസ്ഥതകൾ. ജോലിഭാരവും ആയി ബന്ധപ്പെട്ട ചർച്ചകൾ തികച്ചും യാന്ത്രികവും ബ്യൂറോക്രാറ്റിക്കുമായ ഒരു മേഖലയിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതും ഇപ്പോഴത്തെ പ്രശ്നത്തെ കൂടുതൽ സങ്കീർണ്ണമാക്കി യിട്ടുണ്ട്. അദ്ധ്യാപകരുടെ ജോലിഭാരം കണക്കാക്കുന്നത് മറ്റു മേഖലകൾ പോലെ ആകരുത് എന്നും അതിന് ഏറ്റവും അനുയോജ്യമായത് സർവകലാശാലാ സംവിധാനമാണ് എന്നും തന്നെയാണ് സംഘടനയുടെ നിലപാട്. കരിക്കുലത്തിന്റെ വിനിമയ ഘടനയും അധ്യാപകരും വിദ്യാർത്ഥികളും തമ്മിലുള്ള സമ്പർക്ക പ്രക്രിയയും നിശ്ചയിക്കേണ്ടത് സർക്കാർ സംവിധാനങ്ങളുടെ ബ്യൂറോക്രാറ്റിക് രീതിയിലല്ല, സർവകലാശാലകളുടെ അക്കാദമിക പരിപ്രേക്ഷ്യത്തിനുള്ളിലാണ്. ബിരുദാനന്തര ബിരുദ തലത്തിൽ പഠനം ഗവേഷണങ്ങളിലേക്ക് നയിക്കേണ്ടത് കൊണ്ട് അതിന്റെ ഗുണനിലവാരം നിലനിർത്തുന്നതിനാണ് അധ്യാപകർ ക്ലാസ്സുകൾക്ക് തയ്യാറെടുക്കുന്ന സമയംകൂടി ജോലിഭാരത്തോടൊപ്പം കണക്കാക്കിയത്. ഇതിനെ കേവലമായ യാന്ത്രിക യുക്തികൊണ്ട് മനസ്സിലാക്കാൻ ശ്രമിക്കുന്നത് തികഞ്ഞ മൗഢ്യം ആയി പോകും. ഏകാധ്യാപക വിഭാഗങ്ങളിൽ സ്ഥിരനിയമനം ഇല്ലാതെയാകുന്നത് ചില ഭാഷാ-മാനവിക വിഷയങ്ങളുടെ പഠനം തന്നെ എന്നെന്നേക്കുമായി ഇല്ലാതാവാൻ കാരണമാകും എന്ന് നമ്മൾ കരുതുന്നു. അതുകൊണ്ടു തന്നെ യുജിസി റെഗുലേഷന്റെ ചുവടുപിടിച്ച് 2020 ഏപ്രിൽ ഒന്നിന് ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇറക്കിയ ഉത്തരവ് ഉന്നതവിദ്യാഭ്യാസമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കും എന്നാണ് നമ്മുടെ നിലപാട്. ഇത്തരം കാര്യങ്ങളിൽ കുറേക്കൂടി വിശദമായ ചർച്ചകളും പുനരാലോചനകളും അനിവാര്യമാണ് എന്ന് തന്നെയാണ് നമ്മൾ കരുതുന്നത്. അത് ഉണ്ടാകും എന്ന് നമ്മൾ പ്രതീക്ഷിക്കുന്നു.

പുതിയ കോഴ്സുകൾ അനുവദിക്കുന്നത് ഉൾപ്പെടെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മുഴുവൻ പരിഷ്കാരങ്ങളും വിശദമായ അക്കാദമിക് ചർച്ചകൾക്കു ശേഷം മാത്രമേ പാടുള്ളൂ എന്നാണ് സംഘടനയുടെ സുചിന്തിതമായ നിലപാട്. ഒരു ഉന്നത വിദ്യാഭ്യാസ നയം രൂപീകരിച്ചു കൊണ്ട് ഇത്തരം കാര്യങ്ങളിൽ ചർച്ച ചെയ്യണമെന്ന് സംഘടന ഇതിനോടകം തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

മാറിയ കാലഘട്ടത്തിലെ അനിവാര്യമായ മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ട് സംഘടന അതിൻറെ അറുപത്തിരണ്ടാം സംസ്ഥാന സമ്മേളനത്തിലേക്ക് പോവുകയാണ്. "ദേശീയ വിദ്യാഭ്യാസ നയത്തെ പ്രതിരോധിക്കുക, മതേതര പൗരത്വം ഉയർത്തിപ്പിടിക്കുക" എന്നീ മുദ്രാവാക്യങ്ങൾ ആണ് ഈ സംസ്ഥാന സമ്മേളനം മുന്നോട്ടുവയ്ക്കുന്നത്. നമ്മുടെ രാജ്യത്തിന്റെ പൊതു രാഷ്ട്രീയ സ്ഥിതിഗതികളിൽ അടുത്തകാലത്ത് സംഭവിച്ച മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടാണ് ഈ മുദ്രാവാക്യങ്ങൾ നമ്മൾ ഉയർത്തുന്നത്. ഫെഡറൽ സംവിധാനം തകർത്തുകൊണ്ട് സംസ്ഥാന സർക്കാരുകളുടെയും സർവകലാശാലകളുടെയും സ്വയംഭരണാവകാശം ഇല്ലാതാക്കിക്കൊണ്ട് ഉന്നതവിദ്യാഭ്യാസം കേന്ദ്രീകൃത ഭരണത്തിനു കീഴിൽ കൊണ്ടുവരാൻ കേന്ദ്രസർക്കാർ നടത്തുന്ന ശ്രമങ്ങളെ എകെപിസിടിഎ അതിശക്തമായി പ്രതിരോധിക്കേണ്ടതുണ്ട്. കോളജുകളുടെ സ്വയംഭരണത്തിന്റെ പേര് പറഞ്ഞു കൊണ്ട് വിദ്യാഭ്യാസ കച്ചവടം പ്രോത്സാഹിപ്പിക്കുന്ന നവലിബറൽ നയങ്ങളാണ് കേന്ദ്രസർക്കാർ മുന്നോട്ടുവയ്ക്കുന്നത്. പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കപ്പെടുകയും സ്വയംഭരണ കോളേജുകൾ വ്യാപകമാവുകയും ചെയ്യുന്നതോടെ സ്വകാര്യ കോളേജ് അധ്യാപകന്റെ സേവന വേതന വ്യവസ്ഥകൾക്ക് സർവകലാശാലകൾ നൽകിയിരുന്ന സംരക്ഷണ കവചം നഷ്ടപ്പെടുന്ന സാഹചര്യം ഉരുത്തിരിഞ്ഞു വന്നേക്കാം. നവലിബറൽ സാമ്പത്തിക നയങ്ങളോട് മതേതരത്വത്തെ ഹനിക്കുന്ന വർഗീയതാൽപര്യം കൂടി കൂട്ടിച്ചേർക്കപ്പെടുമ്പോൾ കേരളം ഇതുവരെ സംരക്ഷിച്ച് നിർത്തിയിരുന്ന വിദ്യാഭ്യാസ സംസ്കാരം തന്നെ തുടച്ചു നീക്കപ്പെടും എന്ന് നമ്മൾ ആശങ്കപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ അധികാര കേന്ദ്രീകരണത്തിനും വർഗീയതയ്ക്കും ഉദ്യോഗസ്ഥ ഭരണത്തിനും എതിരായ നിലപാടുകൾ എടുത്തു കൊണ്ട് തുടർപ്രവർത്തനങ്ങൾ തീരുമാനിക്കാൻ ഈ സംസ്ഥാനസമ്മേളനത്തിന് ആകും എന്ന് പ്രത്യാശിക്കാം. അറുപത്തിരണ്ടാം സംസ്ഥാന സമ്മേളന കാലത്ത് മുഴുവൻ സംഘടനാ പ്രവർത്തകരെയും അഭിവാദ്യം ചെയ്യുന്നു.



'ഹാസ്യം ഒരു രാഷ്ട്രീയ വ്യവഹാരം - ജനപ്രിയ സംസ്കാരത്തെ മുൻനിർത്തിയുള്ള പഠനം' എന്ന വിഷയത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ബാബു രാജൻ. കെ. തിരൂരങ്ങാടി പി.എസ്.എം.ഒ. കോളേജിലെ മലയാള വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്

# എ കെ പി സി ടി എ ക്ക് ഗവൺമെൻറ് അംഗീകാരം

GOVERNMENT OF KERALA

**Abstract**

The All Kerala Private College Teachers' Association-Recognition granted-Orders issued.

---

HIGHER EDUCATION (D) DEPARTMENT

**G.O (MS) No: 17/89/H/Edn. Dated, Trivandrum ,23rd January 1989.**

---

**Read:-** Letter dated 10-11-'88 from the General Secretary, The All Kerala Private College Teachers' Association, Trivandrum-1.

ORDER

Government are pleased to grant recognition to The All Kerala Private College Teachers' Association.

By Order of the Governor,

T. K. Alex

Joint Secretary to Government.

**Copy to:**

**The General Secretary'** The All Kerala Private College Teachers' Association.
**The Director of Collegiate** Education Trivandrum.
**The Registrar,** University of Kerala, Trivandrum.
**The Registrar,** University of Calicut.
**The Registrar,** Mahatma Gandhi University, Kottayam.

(forwarded by Order)

(Sd)

Section Officer.

# സർവ്വസ്വതന്ത്ര മുതലാളിത്തവും 'താലിനോമിക്സി'ന്റെ വസ്തുതകളും

**ഷൈല ഹമീദ്**
എം.ഇ.എസ്. കോളേജ്,
നെടുങ്കണ്ടം



ഇന്ത്യയിലെ സാമ്പത്തിക സ്ഥിതി പ്രതീക്ഷിച്ചതിലും ദുർബലമാണ് എന്ന് ഈയടുത്തിടെ പറഞ്ഞത് ഐഎംഎഫ് വക്താവ് ജെറിറൈസ് ആണ്. ഈയൊരു പ്രസ്താവനയിൽ നിന്ന് തന്നെ രാജ്യത്തിന്റെ സാമ്പത്തികഭദ്രത എത്ര ഭീതിജനകമാണെന്ന് മനസ്സിലാക്കാൻ പറ്റും. കൃത്യമായ വിലയിരുത്തലിന്റെയും വിശകലനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഒരു അന്താരാഷ്ട്ര ഏജൻസി ഇത്തരമൊരു അഭിപ്രായം പറയുകയുണ്ടായത്. ഘടനാപരമായ സാമ്പത്തിക പരിഷ്കാരങ്ങളുടെ അഭാവം വളർച്ചാമേഖലകളെ തളർത്തിക്കളയുന്നു. ഇന്ത്യൻ ജിഡിപി 6.1 ശതമാനം വളർച്ച കൈവരിക്കുമെന്നാണ് ഐഎംഎഫ് കഴിഞ്ഞ ഒക്ടോബറിൽ പ്രവചിച്ചത്. എന്നാൽ ഇത് പിന്നീട് 4.8 ശതമാനമായി താഴ്ത്തപ്പെട്ടു. നടപ്പ് സാമ്പത്തിക വർഷത്തിന്റെ രണ്ടാംപാദത്തിൽ 4.5 ശതമാനം വളർച്ച മാത്രമാണ് ഇന്ത്യയ്ക്ക് കൈവരിക്കാനായത്. ഇതിനെ സാധൂകരിക്കുന്നതാണ് പുതിയ സാമ്പത്തികസർവ്വേ റിപ്പോർട്ട്.

ഗവൺമെന്റിന്റെ ചീഫ് ഇക്കണോമിക് അഡ്വൈസർ ആയ കൃഷ്ണമൂർത്തി സുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ സാമ്പത്തികസർവ്വേ 2019-20ൽ പറഞ്ഞിരിക്കുന്ന ചില കാര്യങ്ങൾ പ്രധാനമായും ചർച്ചചെയ്യപ്പെടേണ്ടതുണ്ട്. മുകളിൽ സൂചിപ്പിച്ചത്പോലെ, സമ്പദ്ഘടനയുടെ പരിതാപകരമായ അവസ്ഥാവിശേഷങ്ങൾ സാക്ഷ്യംവഹിക്കുന്ന

പല തെളിവുകളും, ഉറവിടങ്ങളും ഒളിപ്പിച്ച് വെക്കുന്നതാണ് ഈ സാമ്പത്തികസർവ്വേ.

"ഇന്ത്യയിലെ സാമ്പത്തികരംഗം പുനഃരുജ്ജീവിപ്പിക്കാൻ അതിതീവ്രമായ സാമ്പത്തിക പരിഷ്കാരങ്ങൾ ത്വരിതഗതിയിൽ നടപ്പിലാക്കാൻ സാമ്പത്തികസർവ്വേ കേന്ദ്രസർക്കാരിനോട് നിർദ്ദേശിക്കുന്നുണ്ട്." (Economic Survey of India 2019-20) ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ തന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ പറഞ്ഞുവെക്കുന്നതും മറ്റൊന്നല്ല. സാമ്പത്തികസർവ്വേയിലൂടെ പറയാതെ പറയേണ്ടിവരുന്ന ചില സാമ്പത്തിക യാഥാർത്ഥ്യങ്ങളെ ഇപ്പോഴത്തെ ബഡ്ജറ്റുമായി കൂട്ടിവായിക്കേണ്ടതുണ്ട്.

2019-20 സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രകാരം വളർച്ചാനിരക്കിൽ വലിയ ഇടിവാണ് ഉണ്ടായിരിക്കുന്നത്. കഴിഞ്ഞവർഷത്തെ സാമ്പത്തിക സർവ്വേയിൽ നടപ്പുവർഷം ഏഴുശതമാനം വളർച്ചയുണ്ടാകുമെന്നായിരുന്നു പ്രചരിപ്പിച്ചിരുന്നത്. എന്നാൽ വളർച്ചാതോത് 4.5 ശതമാനമായി കുറഞ്ഞത് വ്യക്തമാണ്. വിപണികളുടെ പ്രാപ്തിയില്ലായ്മയും കമ്പോളനയങ്ങളിലെ ചാഞ്ചാട്ടവും, വ്യാപാരനിക്ഷേപ പ്രവർത്തനങ്ങളിലെ മാന്ദ്യവും, ജനങ്ങളുടെ 'വാങ്ങൽശേഷി' കുറഞ്ഞതും സാമ്പത്തികമാന്ദ്യത്തിന് കാരണമായിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷം കൂടുതൽ മെച്ചപ്പെട്ട വളർച്ചാനിരക്കാണ് സാമ്പത്തിക സർവ്വേ മുന്നോട്ടുവെക്കുന്നത്. ഗവൺമെന്റിന്റെ വിപണിയിലെ അധിക ഇടപെടൽ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഹനിക്കുകയാണെന്നും പലപ്പോഴും ഇത് വലിയ നഷ്ടങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും സാമ്പത്തിക സർവ്വേയിൽ പറയുന്നുണ്ട്. വിഭവങ്ങൾ കാര്യക്ഷമമായോ ഫലപ്രദമായോ ഉപയോഗപ്പെടുത്താൻ കഴിയാത്ത അവസ്ഥയും ഇത് മൂലം നിലനിൽക്കുന്നുണ്ടെന്നും സർവ്വേ വിവക്ഷിക്കുന്നു. ചുരുക്കത്തിൽ വിപണിയിലെ 'മത്സര'വും 'സ്വകാര്യനിക്ഷേപ'ങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നാണ് സാമ്പത്തിക സർവ്വേ അടിവരയിട്ട് പറയുന്നത്.

സാമ്പത്തിക ശാസ്ത്രത്തിന്റെ പിതാവായ ആഡംസ്മിത്ത് ഒരു നൂറ്റാണ്ട് മുമ്പ് വിഭാവനം ചെയ്തിരുന്നതും, പല രാജ്യങ്ങളിലും സാമ്പത്തികനയമായി സ്വീകരിച്ചിരുന്നതും, ആഗോള സാമ്പത്തിക തകർച്ച (Great depression-1930) യിലേക്ക് നയിച്ചതുമായ ലെയിസസ് ഫെയർ പോളിസി (Laissez fair policy) സാമ്പത്തികരംഗത്ത് ഗവൺമെന്റ് നിയന്ത്രണം കുറക്കുക/ഇല്ലാതാക്കുക എന്ന നയത്തിലേക്കുള്ള ഒരു തിരിച്ചുപോക്ക്, അല്ലെങ്കിൽ അതിന്റെ പ്രാവർത്തികവൽക്കരണമാണ് ഈ ഗവൺമെന്റ് മുന്നോട്ടുവെക്കുന്നത്. ക്ലാസ്സിക്കൽ ഇക്കണോമിക് സിസ്റ്റം മുന്നോട്ടുവെക്കുന്ന കമ്പോളവ്യവസ്ഥ, അദൃശ്യകരങ്ങൾ (Invisible hand), കമ്പോളത്തിലെ തുലനാവസ്ഥ, (Demand Supply equality) മൂലധന സമാഹരണം, (Capital Accumulation), ഗവൺമെന്റ് നിയന്ത്രണം കുറക്കുക (Laissez fair policy) തുടങ്ങിയ നയങ്ങളുടെ അനന്തരഫലമായിട്ടുണ്ടായ ആഗോള സാമ്പത്തിക തകർച്ച (Great depression 1930) ഈയവസരത്തിൽ വിലയിരുത്തപ്പെടേണ്ടതാണ്. സാമ്പത്തിക സർവ്വേയുടെ ആദ്യത്തെ അധ്യായം തന്നെ ഇതിനെ സാധൂകരിക്കുന്നതാണ്, "വിശ്വാസ്യതയുടെ കരത്താൽ താങ്ങപ്പെടുന്ന 'അദൃശ്യകരം' (Invisible hand) ഈ അദൃശ്യകരം എന്നത് നവലിബറൽ ആശയങ്ങളോട് ചേർന്ന് നിൽക്കുന്ന സ്വതന്ത്ര മുതലാളിത്ത ഇടപെടലുകളാണ്. ജനങ്ങളുടെ വാങ്ങൽശേഷിയിലുണ്ടായ കുറവ് 'ആഗോള സാമ്പത്തിക മാന്ദ്യ'ത്തിന്റെ ഒരു പ്രധാന കാരണമായിരുന്നു. ഏതാണ്ട് സമാനമായ സാഹചര്യങ്ങളാണ് കഴിഞ്ഞ കുറെ മാസങ്ങളായി ഇന്ത്യൻ സാമ്പത്തിക രംഗം നേരിട്ടുകൊണ്ടിരിക്കുന്നത്. നവഉദാരസാമ്പത്തിക നയങ്ങളുടെ അനന്തരഫലമായി വരുമാനവും, സ്വത്തും സമ്പന്നവർഗങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന വ്യവസ്ഥിതി അനസ്യൂതം തുടർന്ന് വരുന്നു. ഇത്തരം പ്രവണതകൾ സമ്പന്നരുടെ വരുമാനവും, ആസ്തിയും അതിവേഗം വർദ്ധിക്കുന്നതിന് കാരണമായി. സാധാരണ ജനങ്ങളുടെ ക്രയശേഷിയിലുണ്ടായ ഇടിവ് സാമ്പത്തിക തളർച്ചയിലേക്ക് വിപണിയെ എത്തിക്കുന്നതിനും കാരണമായി.





| ഇന്ത്യൻ സമ്പദ്ഘടന ഒറ്റനോട്ടത്തിൽ (ഉറവിടം: സാമ്പത്തിക സർവ്വേ) | |
|---|---|
| വർഷം | ജി.ഡി.പി. വളർച്ച (%) |
| 2016-17 | 8.2 |
| 17-18 | 7.2 |
| 18-19 | 6.8 |
| 19-20 | 5.0 |
| 20-21* | 6-6.5 |
| * പ്രതീക്ഷിക്കുന്ന വളർച്ച | |

| ധനകമ്മി | |
|---|---|
| വർഷം | ധനകമ്മി (%) |
| 2016-17 | 3.5 |
| 17-18 | 3.5 |
| 18-19 | 3.4 |
| 19-20* | 3.3 |
| *ബജറ്റ് എസ്റ്റിമേറ്റ് | |

| വിദേശനാണ്യശേഖരം | |
|---|---|
| വർഷം | ഡോളറിൽ |
| 2016-17 | 3700 കോടി |
| 17-18 | 42500 കോടി |
| 18-19 | 41300 കോടി |
| 19-20* | 46120 കോടി |
| * 2020 ജനവരി വരെ | |

| മൊത്ത വിലക്കയറ്റത്തോത് | |
|---|---|
| വർഷം | വിലക്കയറ്റം (%) |
| 2016-17 | 1.7 |
| 17-18 | 3.0 |
| 18-19 | 4.3 |
| 19-20* | 1.5 |

| വ്യവസായ വളർച്ച | |
|---|---|
| വർഷം | വളർച്ച (%) |
| 2016-17 | 5.2 |
| 2017-18 | 5.9 |
| 2018-19 | 6.9 |
| 2019-20* | 2.5 |
| *മുൻകൂർ എസ്റ്റിമേറ്റ് | |

| കാർഷിക വളർച്ച | |
|---|---|
| വർഷം | വളർച്ച (%) |
| 2016-17 | 4.1 |
| 2017-18 | 5.0 |
| 2018-19 | 2.9 |
| 2019-20 | 2.8 |
| *മുൻകൂർ എസ്റ്റിമേറ്റ് | |

| സേവനമേഖല - വളർച്ച | |
|---|---|
| വർഷം | വളർച്ച (%) |
| 2016-17 | 7.7 |
| 2017-18 | 8.1 |
| 2018-19 | 7.5 |
| 2019-20 | 6.9 |
| *മുൻകൂർ എസ്റ്റിമേറ്റ് | |

### 'താലിനോമിക്സി'ന്റെ യാഥാർത്ഥ്യങ്ങൾ

പാർലമെന്റിൽ സമർപ്പിച്ച സാമ്പത്തിക സർവ്വേയിലെ ഒരു പ്രധാനപ്പെട്ട അധ്യായമാണ് 'താലിനോമിക്സ്' - ഇന്ത്യയിലെ ഭക്ഷണത്തിന്റെ ധനതത്വശാസ്ത്രം 'Economics of a plate of India' എന്നത്. ഒരു സാധാരണ വ്യക്തി/ അഞ്ചംഗ കുടുംബം ശരാശരി ആഹാരത്തിനുവേണ്ടി അവന്റെ മൊത്തം കൂലിയുടെ (a plate of food) എത്ര ശതമാനം ചെലവഴിക്കുന്നുഎന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നതാണ് താലിനോമിക്സ്. കൂടാതെ വിലക്കയറ്റം എങ്ങനെ സ്വാധീനിക്കുന്നു, വെജിറ്റേറിയൻ, നോൺ വെജിറ്റേറിയൻ ആഹാരത്തിന്റെ വിലയിലുള്ള വ്യത്യാസം, ആഹാരത്തിന് ഉപയോഗിക്കുന്ന പ്രധാന ഘടകങ്ങൾ, അവയിലെ വ്യത്യാസങ്ങൾ, സംസ്ഥാനങ്ങൾ തമ്മിൽ ആഹാരഘടനയിലുള്ള വ്യത്യാസങ്ങൾ, ആഹാരം പാകം ചെയ്യാനുള്ള ഇന്ധനത്തിന്റെ ചെലവ്, അതിന്റെ വില തുടങ്ങി വിവിധ ഘടകങ്ങൾ താലിനോമിക്സ് കണക്കാക്കുന്നതിന് വേണ്ടി പരിഗണിച്ചിട്ടുണ്ട്. ഇക്കണോമിക്സ് സർവ്വേ 'താലിനോമിക്സി'ലൂടെ തൊഴിലാളി (Industrial Workers) ഉപഭോക്തൃ സൂചികയുടെ (Consumer Price Index) അടിസ്ഥാനത്തിലാണ് ഭക്ഷണവില കണക്കാക്കപ്പെട്ടിരിക്കുന്നത്. 2019 സാമ്പത്തിക സർവ്വേയിൽ, താലിനോമിക്സിലൂടെ 2006-07ൽ ഒരു അഞ്ചംഗ കുടുംബം രണ്ടുനേരം വെജിറ്റേറിയൻ/നോൺ വെജിറ്റേറിയൻ താലി ഭക്ഷണം കഴിക്കണമെങ്കിൽ വരുമാനത്തിന്റെ കൂടുതൽ ഭാഗവും ചെലവഴിക്കേണ്ടിവരുമായിരുന്നു. എന്നാൽ ഇന്ന് ഒരു ശരാശരി വ്യാവസായിക തൊഴിലാളിയുടെ വാർഷികവരുമാനം ഉപയോഗിച്ച് വെജിറ്റേറിയൻ താലിഭക്ഷണത്തിന്റെ താങ്ങാവുന്ന വില 2006-2007 മുതൽ 2019-20 വരെ 29 ശതമാനം മെച്ചപ്പെട്ടുവെന്നും നോൺവെജിറ്റേറിയൻ താലിഭക്ഷണത്തിന് 18 ശതമാനം മെച്ചമുണ്ടായതായും പറയുന്നു. ഭക്ഷണവിലയിലുണ്ടായ കുറവ് സ്ഥാപിച്ചെടുക്കലാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലൂടെ കൃഷ്ണമൂർത്തി വി സുബ്രഹ്മണ്യൻ പറയാതെ പറഞ്ഞുവെക്കുന്നത് നരേന്ദ്രമോഡിയുടെ ഭരണത്തിൽ സാധാരണജീവിതം മെച്ചപ്പെടുത്തുന്നു എന്നതാണ്. അതായത് ഒരു ദിവസക്കാലിക്കാരന്റെ ഭക്ഷണത്തിന് വേണ്ടി ചെലവഴിക്കുന്ന തുകയിൽ കുറവ് വന്നിരിക്കുന്നു എന്നത്, എന്നാൽ ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്ത് ചില പ്രധാന ഭക്ഷ്യഘടകങ്ങളെ ഒഴിവാക്കി ഫുഡ് ഗ്രെയ്ഡ് പട്ടിക തയ്യാറാക്കിയും, വിവിധ സംസ്ഥാനങ്ങളിലെ വിലവിവരങ്ങളും, ജീവിതസാഹചര്യങ്ങളും വ്യത്യസ്തമാണെന്നുള്ളതും ഇത്തരം വാദങ്ങൾക്ക് പ്രസക്തിയില്ലാതാക്കുന്നു. സർക്കാരിന്റെ വിലസൂചികകൾക്ക് സാധാരണയായി എടുക്കാറുള്ള ഭക്ഷ്യസാധനങ്ങൾ താലിനോമിക്സ് സൂചിക കണക്കാക്കുന്നതിൽ വന്നിട്ടുണ്ടെങ്കിലും, ഹോട്ടൽ ഭക്ഷണത്തിന്റെ വിലകൂടിപരിഗണിച്ചിരുന്നെങ്കിൽ സ്ഥിതി മറ്റൊന്നാകുമായിരുന്നു. തൊഴിൽമേഖലയിലെ കൂടുതൽ ആളുകളും ഹോട്ടൽ ഭക്ഷണത്തെ ആശ്രയിക്കുന്നത് സാധാരണമാണ്.



| All India Annualised Gain to a Household off Five Individuals with Two Meals a Day | | | | |
|---|---|---|---|---|
| Year | Gain in Rs. | As a proportion off annual earnings of a worker (in percent) | Gain in Rs. | As a proportionof Annual Earnings of a Worker (in percent) |
| | Vegetarian Thali | Non-Vegetarian Thali | | |
| 2016-17 | 526.9 | 0.4 | 6408.2 | 4.3 |
| 2017-18 | 10304.3 | 6.5 | 8910.3 | 5.6 |
| 2018-19 | 16744.4 | 10 | 16318.2 | 9.7 |
| 2019-20 | 15972.3 | 9 | 15511.5 | 8.7 |

Source : Survey calculations
Note” * Calculations for 2019-20 based on prices for the period April-October, 2019

## കൂലിയും, ഭക്ഷണവും കർഷക പ്രതിസന്ധിയും

വിലസൂചികകൾക്ക് ആധാരമായി എടുത്തത് Industrial workers consumer price ആണ്. രാജ്യത്ത് കൂലിക്കാരന്റെ വരുമാനത്തിൽ കൂടുതൽ ഉണ്ടാകുന്നുണ്ടെങ്കിലും ഒരു സാധാരണ കൃഷിക്കാരന്റെ വരുമാനത്തിൽ (സ്വന്തമായി ചെറുകിട കൃഷിചെയ്യുന്ന കർഷകൻ) വലിയ ഉയർച്ചയൊന്നും ഉണ്ടായിട്ടില്ല. യഥാർത്ഥ കർഷകരുടെ പ്രതിസന്ധിക്കും, കാർഷിക ഉൽപന്നങ്ങളുടെ വിലയിടിയുന്നതിനും രാജ്യം സാക്ഷ്യംവഹിച്ചതാണ്. അതുകൊണ്ട് Industrial Workers Price Index കൊണ്ട് യഥാർത്ഥ ഭക്ഷണവില നിർണയിക്കപ്പെടുന്നത് സാങ്കേതികത്വത്തിൽ നിന്ന് മാത്രമേ ശരിയായിക്കാണാൻ കഴിയുകയുള്ളൂ. രാജ്യത്തെ കർഷകരുടെ ഉൽപന്നങ്ങൾക്ക് കിട്ടുന്ന വില കർഷകതൊഴിലാളിയുടെ വരുമാനത്തിനൊപ്പം പോലും എത്തുന്നില്ല എന്ന് സമ്മതിക്കേണ്ടിവരുന്ന ഒരു സാമ്പത്തിക സർവ്വേയാണിത്. തൊഴിലാളിയുടെ കൂലിയിൽ നേരിയ വർദ്ധനവുണ്ടെങ്കിലും കാർഷിക ഉൽപന്നങ്ങളും വിലയിലും വിതരണത്തിലും ഇടിവ് വന്നിരിക്കുന്നു.

കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കുന്ന മറ്റൊരു കാര്യത്തെക്കുറിച്ചും സാമ്പത്തിക സർവ്വേ പ്രതിപാദിക്കുന്നുണ്ട്. "കർഷകരുടെ കടം എഴുതിത്തള്ളുന്നത് പോലുള്ള കാര്യങ്ങൾ അബദ്ധവും, സാമ്പത്തിക അച്ചടക്കമില്ലായ്മയ്ക്കും കാരണമാകും" കടം വാങ്ങിയാൽ തിരിച്ചടക്കേണ്ട എന്ന രീതിയെ പ്രോത്സാഹിപ്പിക്കാൻ ആവില്ല എന്നതാണ് ഇതിന് കാരണമായി ചൂണ്ടിക്കാട്ടുന്നത്. കുത്തകമുതലാളിമാരും കോർപ്പറേറ്റുകളും ഗവൺമെന്റിന്റെ ഒത്താശയോടെ ഇന്ത്യയിലെ ബാങ്കുകൾക്ക് ഏൽപിച്ച കനത്ത ആഘാതം ഇതിനോട് ചേർത്ത് വായിക്കേണ്ടതുണ്ട്.





താണ്. സ്വകാര്യനിക്ഷേപങ്ങൾക്ക് ആക്കംകൂട്ടണമെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കാൻ സാമ്പത്തിക സർവ്വേ ഊന്നൽ നൽകുന്നു. പുതിയ നിക്ഷേപങ്ങൾ, സമാഹാരങ്ങൾ, ഉൽപാദനക്ഷമത, തൊഴിൽസൃഷ്ടി തുടങ്ങിയവയെല്ലാം സ്വകാര്യനിക്ഷേപത്തിലൂടെ മാത്രമേ പ്രോത്സാഹിപ്പിക്കാൻ കഴിയുകയുള്ളൂ. ഇതിനുള്ള തുടർനടപടികൾക്കാണ് ഇത് ഊന്നൽ നൽകുന്നത്. ഇതിന്റെ തുടർച്ചയാണ് കേന്ദ്രധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ ലോകസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റ് 2020.

## ബജറ്റിലൂടെ മുതലാളിത്ത സൗഹൃദം

കഴിഞ്ഞ എഴുപതുവർഷത്തിനിടെയുള്ള ഏറ്റവും അടിയന്തിരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ രാജ്യം കടന്നുപോകുന്ന അവസരത്തിൽ, ഒരു പതിവ് ബിസിനസ് എന്നതിനപ്പുറം, സാമ്പത്തിക മാന്ദ്യത്തിൽ നിന്ന് കരകയറാനുള്ള പ്രാരംഭനടപടികൾ പോലും ഈ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഈ ബഡ്ജറ്റിന്റെ അടിസ്ഥാന തത്ത്വം തന്നെ മുൻപ് സൂചിപ്പിച്ചതുപോലെ വിപണിയെ സ്വതന്ത്രമാക്കുക എന്നതാണ്. രാജ്യത്തിന്റെ അഭിലാഷം, സാമ്പത്തിക വികസനം, കരുതലോടെ ഇന്ത്യ, എന്നീ മൂന്ന് പ്രധാന ആശയങ്ങൾക്കാണ് ഈ വർഷത്തെ ബഡ്ജറ്റ് ഊന്നൽ നൽകുന്നത്. ഓഹരി കമ്പോളങ്ങളെ ലക്ഷ്യമാക്കിയും, കർഷകരെ 'തല്ലിയും' കോർപ്പറേറ്റുകളെ 'തലോടി'യും സ്വീകരിക്കുന്ന വിരുദ്ധ നിലപാടുകൾ എത്ര പരിഹാസ്യമാണ്.

ഓഹരിവിപണിയിലെ വർദ്ധനവും മൂലധനവരവിന്റെ കുത്തൊഴുക്കും പെരുപ്പിച്ച് കാണിച്ച് യഥാർത്ഥത്തിൽ ഇല്ലാത്ത ജിഡിപി വളർച്ചയെ പെരുപ്പിച്ച് കാണിക്കാനാണ് ഈ ഗവൺമെന്റ് ശ്രമിക്കുന്നത്. സാമ്പത്തിക സർവ്വേയിൽ പരാമർശിക്കുന്നത് പോലുള്ള പ്രകടമായ വേതനവർദ്ധനവ് (തൊഴിൽമേഖലയിൽ) ഉണ്ടായിട്ടില്ല എന്നതാണ് കഴിഞ്ഞ കുറേ മാസങ്ങളിലെ സാമ്പത്തിക സ്ഥിതിവിവരക്കണക്കുകള സൂചിപ്പിക്കുന്നത്. നഗരമേഖലയിലും ഗ്രാമീണമേഖലയിലും തൊഴിലില്ലായ്മ വളരെ കൂടിയിരിക്കുന്നു. 2010-11ൽ നഗരങ്ങളിലെ വേതനവളർച്ചാനിരക്ക് 20.5 ശതമാനമായിരുന്നത് 2018-19ൽ വളരെ കുറഞ്ഞതായിട്ടാണ് എസ്.ബിഐയുടെ പഠനം പറയുന്നത്. കൂടാതെ ഇന്ത്യയിൽ ഔപചാരിക (Formal Sector) അനൗപചാരിക (Informal Sector) മേഖലകൾ തമ്മിൽ തൊഴിൽ വേതനവ്യവസ്ഥയിൽ പ്രകടമായ മാറ്റം നിലനിൽക്കുന്നുണ്ട്. അനൗപചാരിക മേഖലയിലേതിനെക്കാൾ ഇരുപത് ഇട്ടി കൂലി കൂടുന്നതാണ് ഔപചാരിക മേഖലയിൽ. സ്ഥിതിവിവരകണക്കുകൾ അനുസരിച്ച് ഇന്ത്യയിലെ തൊഴിലാളികൾ ഭൂരിപക്ഷവും അനൗപചാരിക മേഖലകളിൽ ജോലിചെയ്യുന്നവരാണ്. വേതനവ്യവസ്ഥയെ മുൻനിർത്തി ശരാശരി ഭക്ഷണവില ഉയർത്തിക്കാട്ടി വേതനത്തിന്റെ വളരെ ചുരുങ്ങിയ ശതമാനമേ ആഹാരത്തിന് ആകുന്നുള്ളൂ എന്ന് സമർത്ഥിക്കുന്ന താലിനോമിക്സ് വിശകലനങ്ങളിൽ വൈരുദ്ധ്യങ്ങൾ നിലനിൽക്കുന്നു. കൂടാതെ സാമ്പത്തിക സർവ്വേ വളർച്ചക്കുറവ് ഉണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്ന





വിദേശനിക്ഷേപം പ്രോത്സാഹിപ്പിച്ചും വിറ്റഴിക്കൽ നയങ്ങൾ നടപ്പാക്കിയും, സ്വതന്ത്രസംരംഭകത്വം വർദ്ധിപ്പിച്ചുകൊണ്ടും പൂർണ്ണമായും ഒരു മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയായി ഇന്ത്യൻ സാമ്പത്തിക രംഗത്തെ നിലനിർത്തുക എന്നീ നിലപാടുകളാണ് ബഡ്ജറ്റിലുടനീളം കാണാൻ കഴിയുന്നത്. ഓഹരി മേഖലകളെക്കാൾ രാജ്യത്തിന്റെ ഉൽപാദന മേഖലകളെ ശക്തമാക്കുന്ന നടപടിക്രമങ്ങൾക്കായിരുന്നു കൂടുതൽ ഊന്നൽ നൽകേണ്ടിയിരുന്നത്. 2024-25ൽ ഇന്ത്യയെ അഞ്ച് ട്രില്ല്യൺ ഡോളർ സമ്പദ് വ്യവസ്ഥയിലേക്ക് ഉയർത്തുന്നതിനുള്ള സുതാര്യവും വിപുലവുമായ യാതൊരു പ്രഖ്യാപനങ്ങളോ, പദ്ധതികളോ ഈ ബഡ്ജറ്റിൽ പ്രതിപാദിച്ചിട്ടില്ല എന്നതാണ് വസ്തുത. രാജ്യത്തിന്റെ സമ്പത്തും, വളർച്ചാനിരക്കും കൂട്ടുന്നതിനുള്ള നയപരിപാടികളാണ് ബഡ്ജറ്റിലുടനീളം പരാമർശിക്കുന്നത് എന്നതാണ് ധനകാര്യമന്ത്രിയുടെ വാദം. എന്നാൽ ആരുടെ സമ്പത്താണ് വർദ്ധിക്കുന്നത് എന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. രാജ്യത്തിന്റെ എഴുപത്തിമൂന്ന് ശതമാനത്തിൽ കൂടുതൽ സമ്പത്ത് ഒരു ശതമാനം ശതകോടീശ്വരന്മാരുടെ കൈവശമാണെന്നിരിക്കെ ഇത്തരം ഉത്തേജനപാക്കേജുകൾ ആർക്കാണ് ഗുണംചെയ്യുക? നിക്ഷേപ സമാഹരണം എന്ന ഓമനപ്പേരിൽ കോർപ്പറേറ്റ് നികുതി 15 ശതമാനമായി കുറച്ചത് ഇതിനെ സാധൂകരിക്കുന്നതാണ്. അടിസ്ഥാനമേഖലകളിലെ വിപണി- ക്രയശേഷി വർദ്ധനവിന് പ്രാധാന്യം നൽകിയാൽ മാത്രമേ സാമൂഹികനീതി ഉറപ്പുവരുത്തുന്ന സാമ്പത്തിക വികസനം നടപ്പിലാക്കാൻ കഴിയുകയുള്ളൂ. സാമൂഹിക സുരക്ഷാ പദ്ധതികളിലെ നീക്കിയിരിപ്പ് വർഷംതോറും കുറഞ്ഞുവരുന്നതായി കാണാൻ കഴിയും. സാമ്പത്തിക നയങ്ങളുടെ പ്രധാന ലക്ഷ്യം ജനങ്ങൾക്ക് സാമൂഹിക സാമ്പത്തിക സമത്വം ഉറപ്പുവരുത്തുകയും, ക്രയശേഷി വർദ്ധിപ്പിച്ചുകൊണ്ട് ജീവിതനിലവാരം ഉയർത്തുകയും ചെയ്യുക എന്നതാകണം.


പൊതുമേഖലാ ഓഹരിവിറ്റഴിക്കുന്നതിനെക്കാൾ 'സ്ഥാപനം വിൽക്കുക' എന്നതാണ് അഭികാമ്യമെന്നും, സ്വകാര്യസംരഭകത്തിലൂടെ പുതിയൊരു മുതലാളിത്ത സാമ്പത്തിക സംസ്കാരം രൂപപ്പെടുത്താനും ബജറ്റ് ഊന്നൽ നൽകുന്നു. മുൻകാലങ്ങളിലെ മുദ്രാവാക്യമായിരുന്ന 'മേക്ക് ഇൻ ഇന്ത്യ' എന്നതിന് പകരം 'അസംബിൾ ഇൻ ഇന്ത്യ' എന്ന തയമാണ് സ്വീകരിച്ചിരിക്കുന്നത്. സ്വകാര്യവൽക്കരണത്തിന്റെ പൂർണ്ണതയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

1990-91കളിൽ നടപ്പിലാക്കിയ ആഗോള ഉദാരവൽക്കരണങ്ങളുടെ ബാക്കിപത്രമായി മാത്രമേ ഇപ്പോഴത്തെ സാമ്പത്തിക നയങ്ങളെ വിലയിരുത്താൻ കഴിയുകയുള്ളൂ. ഇന്ത്യൻ സമ്പദ് വ്യവസ്ഥ നേരിടുന്ന യഥാർത്ഥ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനോ, പഠനം നടത്താനോ ഭരണാധികാരികൾ തയ്യാറാകുന്നില്ല. സമ്പദ് വ്യവസ്ഥയുടെ നേർചിത്രങ്ങളെ 'ഒളിപ്പിച്ചുവെക്കുന്ന' പ്രതിലോമകരമായ നിലപാടുകൾക്കെതിരെ സാമൂഹികനീതിയും തുല്യതയും, സ്വാതന്ത്ര്യവും ഉറപ്പുവരുത്തുന്ന സുസ്ഥിരമായ ബദൽ വികസന മാതൃകകൾ രൂപപ്പെടുത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്.

യാത്ര

# ഹിമാലയൻ യാത്രകൾ


**ഡോ. ജോയിസുകുട്ടി ജോസഫ്**
കെ.ഇ. കോളേജ്, മാന്നാനം, കോട്ടയം



"എന്നിൽ ഊർജ്ജ ചൈതന്യം തിരിച്ചു വരുമ്പോഴൊക്കെ ഞാൻ ഹിമ മുടികളിലേക്ക് എന്റെ കണ്ണുകളുയർത്തും" പൂക്കളുടെ താഴ്‌വാരത്തെ ജീവനു തുല്യം സ്നേഹിച്ച ജോവാൻ മാർഗരറ്റ് ലെഗ്ഗിയുടെ ശവകുടീരത്തിലെഴുതി വെച്ച വാക്കുകളാണിത്. എപ്പോഴൊക്കെ യാത്രയുടെ തരംഗങ്ങൾ എന്റെ മനസിലുണ്ടാവുന്നോ അപ്പോഴെല്ലാം ലെഗ്ഗി വീണു മരിച്ച വാലി ഓഫ് ഫ്ലവേഴ്സിനെക്കുറിച്ചോർക്കും. എന്നും ഒരു പ്രലോഭനമായിരുന്നു അത്. കാൽ നൂറ്റാണ്ടു മുമ്പ് മാന്നാനം കെ.ഇ കോളജിലെ ചില സുഹൃത്തുക്കളുടെ ഒപ്പം പാതി വഴി വരെ എത്തിയതാണ്. വഴികൾ മഞ്ഞ് മൂടി കിടന്നതിനാൽ നടന്നില്ല. പിന്നീടുള്ള ശ്രമങ്ങളെല്ലാം ഓരോരോ കാരണങ്ങളാൽ മുടങ്ങിപ്പോയി. ജീവിതത്തിലെ വലിയ ആഗ്രഹങ്ങളിലൊന്ന് ഇപ്പോഴാണ് നടക്കുന്നത്.

ഒരു സഞ്ചാരിയെ പ്രലോഭിപ്പിക്കാനുള്ള വകകളെല്ലാം ഈ രമ്യ ഭൂഭാഗത്തിനുണ്ട്. അതിന്റെ അകൃത്രിമമായ ഭംഗി, നീണ്ട മലകയറ്റം, താഴ്വരയുടെ അതിരുകാക്കുന്ന ഹിമ മുടികൾ, പൂക്കളുടെ തേനും സുഗന്ധവും പേറി താഴ്വരയിലൂടൊഴുകുന്ന പുഷ്പവാടി ഗംഗ, എണ്ണമറ്റ ജാതികളിലുള്ള ആൽഫീൻ പുഷ്പങ്ങൾ, താഴ്വരയുടെ ജൈവവൈവിധ്യം...

ഒരു വഴി തെറ്റലിന്റെ കഥയു



ണ്ട് ഈ പുഷ്പ താഴ്വരയ്ക്ക്. 1931 ലായിരുന്നു അത്.കാമത്ത് കൊട്ടുമുടി കയറിയിറങ്ങി വന്ന ഫ്രാങ്ക് എസ് സ്മൈത്തിന്റെ നേതൃത്വത്തിലുള്ള പർവ്വതാരോഹകർ ബൈയുന്തർ പാസിൽ നിന്ന് കനത്ത മൂടൽമഞ്ഞിൽ  വഴിതെറ്റി എത്തുകയായിരുന്നു ഇവിടെ. തങ്ങളുടെ ആപൽക്കരമായ ആ വഴി തെറ്റൽ ലോകത്തിലെ ഏറ്റവും മനോഹര കാഴ്ച കാണാനുള്ള നിയോഗമായിരുന്നു എന്നാണ് അദ്ദേഹം പറയുന്നത്.ഗഡ് വാളികൾ പുഷ്പാവതി താഴ്വര എന്ന് വിളിക്കുന്ന ആ താഴ്വരയ്ക്ക് വാലി ഓഫ് ഫ്ലവേഴ്സ് എന്ന പേരും അദ്ദേഹം നൽകി. പൂക്കളേയും പൂമ്പാറ്റകളേയും കുറിച്ച് പഠിക്കുന്നതിനിടയിൽ അവിടെ വീണു മരിച്ച എഡിൻബറോക്കാരി ബോട്ടാണിസ്റ്റ് ,താഴ്വരയുടെ കാവൽ മാലാഖയെന്നറിയപ്പെടുന്ന മാർഗരറ്റ് ലെഗ്ഗിയാണ് പൂക്കളുടെ താഴ്വാരത്തെ പ്രശസ്തമാക്കിയ മറ്റൊരാൾ. പിന്നീട് പ്രൊഫ. ചന്ദ്രപ്രകാശ് കാല പത്ത് വർഷങ്ങളോളം ഇവിടെ ചിലവഴിച്ച് താഴ്വരയെക്കുറിച്ച് പഠിച്ച് രണ്ട് മനോഹര പുസ്തകങ്ങളെഴുതുന്നു. (The valley of flowers-myth& reality, Ecology & Conservation of valley of flowers)

രഥബാൻ, നീലഗിരി തുടങ്ങിയ പർവ്വതങ്ങളുടെ താഴ്വരയാണിത്. പർവ്വതങ്ങളിൽ നിന്ന് താഴ്വരയെ നനച്ചു കൊണ്ട് നിരവധി അരുവികളൊഴുകുന്നു. അരുവികളെല്ലാം പുഷ്പവാടി ഗംഗയിൽ ചേർന്ന് ഒരു ചെറിയ നദിയായി, ഹേമകുണ്ഡിൽ നിന്ന് വരുന്ന ഹേമ ഗംഗയുമായി ചേർന്ന്, പിന്നീട് ഗോവിന്ദ ഗംഗയായി അളകനന്ദയായ്, സാക്ഷാൽ ഗംഗയായി ഒഴുകുന്നു.

1982-ലാണ് നന്ദാദേവി ബയോസ്ഫിയർ റിസർ വിൽ വാലി ഓഫ് ഫ്ലവേഴ്സ് നാഷണൽ പാർക്ക് രൂപീകൃതമാവുന്നത്. ഇതിന്റെ ആകെ വിസ്തീർണ്ണം 87.50 ചതുരശ്ര കിലോമീറ്ററാണ്. പൂക്കളുടെ താഴ്വാരത്തിന്റെ നീളം 8 കിലോമീറ്ററും വീതി 2




കിലോമീറ്ററുമാണ്.12500 അടി ഉയരത്തിലാണിത്.

ആൽഫീൻ പുഷ്പങ്ങളുടെ ലോകത്തിലെ ഏറ്റവും വലിയ സ്വാഭാവിക ഉദ്യാനമാണിത്. 520 ഇനം ചെടികളെ ചന്ദ്രപ്രകാശ് കാല ഇവിടെ കണ്ടെത്തി രേഖപ്പെടുത്തിയിട്ടുണ്ട്.കൂടുതലും ഓർക്കിഡ്, പോപ്പി, മാരി ഗോൾഡ്, ഡെയ്സി ഇനങ്ങളിൽ പെട്ടവയാണ്. ബിർച്ച്, റോഡോഡെൻഡ്രോൺ, ഭൂർജം തുടങ്ങിയ നിരവധി ഇനം പർവ്വത വൃക്ഷങ്ങളും പാർക്കിലുണ്ട്. ഹിമപ്പുലികൾ, മാനുകൾ, ചാരക്കരടികൾ, ചാരക്കുരങ്ങന്മാർ, വരയാടുകൾ, നിരവധി ഇനം പൂമ്പാറ്റകൾ, ചെറുചാതികൾ - ഹിമാലയത്തിൽ മറ്റൊരിടത്തും കാണാത്ത വിധം ജൈവസമ്പന്നമാണിവിടം.

വാലി ഓഫ് ഫ്ലവേഴ്സിലേക്കുള്ള വഴി ആരംഭിക്കുന്നത് ജോഷിമഠത്തിൽ നിന്ന് 18 കിലോമീറ്റർ അകലെ, ബദരിനാഥ് വഴിയിലുള്ള ഗോവിന്ദ്ഘാട്ടിൽ നിന്നാണ്. വാഹനങ്ങൾ ഗോവിന്ദ്ഘാട്ട് വരെ മാത്രമേ അനുവദിക്കൂ. ഇവിടെ നിന്ന് പൂൽനവരെയുള്ള നാലു കിലോമീറ്റർ പോകാൻ ജീപ്പുകൾ കിട്ടും.പൂൽനയിൽ നിന്ന് ഗംഗാരിയവരെയുള്ള 10 കിലോമീറ്റർ നടക്കണം. ബൈയുന്ദർഗ്രാമം വരെയുള്ള ആദ്യത്തെ 7 കിലോമീറ്റർ ദൂരം ചെറിയ കയറ്റങ്ങൾ മാത്രമുള്ള വഴിയാണ്. നല്ല മനോഹര കാട്ടിലൂടെയാണ് ഈ നടപ്പു വഴി. ഇടയ്ക്ക് ചെറിയ ചായക്കടകളുമുണ്ട്. എന്നാൽ ലക്ഷ്മൺഗംഗ കടക്കുന്നതോടെ വഴിയുടെ സ്വഭാവം മാറുന്നു. സ്തൂപികാഗ്രമരങ്ങളാണ് ഇവിടെ കൂടുതലും.ഒന്നാം ദിവസത്തെ ട്രക്കിംഗ് അവസാനിക്കുന്നത് 10000 അടി ഉയരത്തിലുള്ള ഗംഗാരിയയിലാണ്.നാലു മാസം മാത്രം സജീവമാകുന്ന ഒരു ക്യാമ്പാണിത്.ഇവിടെ ഒരു സിക്ക് ഗുരുദ്വാരയും ധർമ്മശാലയും ഏതാനും ചെറിയ ഹോട്ടലുകളും ചായക്കടകളും ഉണ്ട്.ഗംഗാരിയയിൽ എങ്ങോട്ട് നോക്കിയാലും മരങ്ങൾക്കിടയിലൂടെ എത്തി നോക്കുന്ന ഹിമശൈലങ്ങൾ കാണാം. ഉയർന്ന പ്രദേശങ്ങളുമായി അനുകൂലനം നേടാൻ ഇവിടുത്തെ താമസം ഉപകരിക്കും.

ഗംഗാരിയയിൽ നിന്ന് ഹേമകുണ്ഡ് സാഹിബിലേക്കും പൂക്കളുടെ താഴ്വാരത്തിലേക്ക് വഴി രണ്ടായി പിരിയുന്നു.ഫോറസ്റ്റ് ചെക്ക് പോസ്റ്റിൽ നിന്ന് ടിക്കറ്റെടുത്തു വേണം പോകാൻ.7 മണി മുതൽ 12 മണി വരെ മാത്രമേ പ്രവേശനം അനുവദിക്കയുള്ളൂ. ഏറ്റവും തിരക്കുള്ള ദിവസം പോലും നൂറ്റമ്പതു പേരിൽ കൂടുതൽ വാലി ഓഫ് ഫ്ലവേഴ്സിലേക്ക് പോകാറില്ല. ബൈയുന്ദർ വാലി പരിസ്ഥിതി സംരക്ഷണ സമിതി നന്നായി പരിപാലിക്കുന്ന കല്ലുപാകിയ ഒറ്റയടിപ്പാതയിലൂടെയാണ് പോകേണ്ടത്. ഗേറ്റിൽ നിന്ന് മനോഹരമായ വഴിയിലൂടെ ഏകദേശം ഒരു കിലോമീറ്റർ നടക്കുമ്പോൾ പുഴയെത്തുകയായി. മഞ്ഞുമലകളിൽ നിന്നിറങ്ങി വരുന്ന ശക്തമായ പ്രവാഹം അല്പം ഭയപ്പെടുത്താതിരിക്കില്ല. തടിപ്പാലം കടക്കുന്നതോടെ വഴിയുടെ സ്വഭാവം മാറുന്നു.രണ്ടു കിലോമീറ്ററോളം കുത്തുകയറ്റമാണിനി. ഹൈക്കിംഗ് പോൾ കുത്തി



ഉറപ്പിച്ച് വളരെ സൂക്ഷിച്ച് വേണം മുന്നോട്ട് പോകാൻ. പൈൻ മരങ്ങൾ ഇപ്പോൾ ഭൂർജ മരങ്ങൾക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. ലോകത്തിലെ ഏറ്റവും മനോഹരമായ ഭൂർജ വ ന മാണിവിടെ. പാതയുടെ ഇരുവശവും പുഷ്പങ്ങൾ കണ്ടു തുടങ്ങുന്നു. വഴിമലയുടെ മുകളിലെത്തുമ്പോൾ ദൂരെ പൂക്കളുടെ താഴ്‌വാരം കാണാം. ഇനി ഒരു കിലോമീറ്ററോളം മലഞ്ചെരിവിലൂടെ താഴേക്കിറങ്ങണം. നാം പൂക്കളുടെ താഴ്‌വാരത്തിലെത്തുകയായി. മുകളിൽ മഞ്ഞുറഞ്ഞു കിടക്കുന്നതും താഴെ പ്രവഹിക്കുന്നതുമായ ഒന്നു രണ്ട് അരുവികൾ മുറിച്ചുകടക്കണം. പൂക്കളുടെ ഉത്സവമാണിപ്പോൾ. മല കയറിയതിന്റെയും തണുപ്പിന്റെയും ക്ഷീണമെല്ലാം ശരീരം മറന്നു കളയുന്നു. പൂക്കളെ ചവിട്ടാതെ നടപ്പാതയിൽ നിന്ന് ഒരടി മുന്നോട്ട് വയ്ക്കാനാവില്ല. ചിലയിടത്ത് നടപ്പാതയിലേക്കും പൂക്കൾ അതിക്രമിച്ച് കയറിയിരിക്കുന്നു. എവിടെ തിരിഞ്ഞാലും പൂക്കൾ. പൂക്കളിലെമ്പാടും പൂമ്പാറ്റകളും വണ്ടുകളും. പേരറിയാത്ത നിരവധി പക്ഷികൾ. ഇടയ്ക്ക് ഉത്തരാഖണ്ഡിന്റെ സംസ്ഥാന പക്ഷിയായ മൊണാൽപക്ഷിയേയും കണ്ടു.

താഴ്വരയിലൂടെ ഒന്നു രണ്ടു കിലോമീറ്റർ ചെല്ലുമ്പോൾ പാത രണ്ടായി പിരിയുന്നു. വലതു വശത്തേക്കുള്ള വഴി മാർഗരറ്റ് ലെഗ്ഗിയുടെ ശവകുടീരത്തിലേക്കാണ്. എന്റെ പ്രധാന ലക്ഷ്യം അതായിരുന്നതിനാൽ ആ വഴി തന്നെ നടന്നു. ശവകുടീരത്തിലേക്ക് നടക്കുമ്പോൾ മനസിലൊരു ആന്തലായിരുന്നെങ്കിൽ അവിടെയെത്തിയപ്പോൾ അസൂയയായി. വീണു മരിക്കാനും മരിച്ചടക്കപ്പെടാനും ഇതുപോലെ മനോഹരമായ സ്ഥലം വേറെ ആർക്ക് ലഭിക്കും. ശവകുടീരത്തെ വലയം ചെയ്ത് പൂക്കൾ.ചുറ്റിലും ശവകുടീരത്തെ ഉറ്റുനോക്കുന്ന മുടികൾ. ഉച്ചകഴിയുന്നതോടെ വഴികൾ മറയുമെന്ന മുന്നറിയിപ്പും തനിച്ചാണെന്നുള്ള ബോധവും മൂലം കാഴ്ചകൾ കണ്ടു തീർക്കാനുള്ള വെമ്പലോടെ താഴ്വാരത്തിന്റെ മാലാഖയോട് യാത്ര പറഞ്ഞ് തിരിഞ്ഞു നടന്നു.

ഇനി ഏകദേശം നാലു കിലോമീറ്റർ നടന്നാൽ താഴ്‌വരയുടെ അഗ്രത്തിലെത്താം. രണ്ട് മഞ്ഞ് മലകൾക്കിടയിൽ നിന്ന് മഞ്ഞിനടിയിലൂടെ പുഷ്പവാടി ഗംഗ ഊർന്നിറങ്ങി വരുന്ന മനോഹര കാഴ്ച കാണാം. ഒഴുക്കിന് നല്ല ശക്തിയുണ്ട്.ഷൂസഴിച്ചു വെച്ച് വെള്ളത്തിലിറങ്ങി. ആ തണുത്ത പരിശുദ്ധി അല്പം ഉള്ളിലാക്കി. കൈകാലുകളും മുഖവും നനച്ചു. സമയം കളയാതെ തിരിച്ചു നടന്നു. താഴ്‌വര കോടമഞ്ഞിനാൽ മൂടാൻ തുടങ്ങിയിരിക്കുന്നു. കാറ്റും ശക്തി പ്രാപിച്ചു വരുന്നു. താഴ്വരയുടെ തുടക്കത്തിൽ കൂട്ടുകാർ എന്നെ കാത്തുനിൽപ്പുണ്ടായിരുന്നു. താഴ്വരയ്ക്ക് പുറത്തെത്തിയതും മഴ തുടങ്ങി. സൈന്യത്തും സംഘവും അവരുടെ താഴ്വരയിലെ ആദ്യത്തെ രാത്രി കഴിച്ചുകൂട്ടിയ പാറയുടെ വിള്ളലിൽ കയറി പോഞ്ചോ ധരിച്ചു. സമയം കളയാതെ മലയിറങ്ങി. അരുവിയുടെ പ്രവാഹത്തിന് ശക്തി വർദ്ധിച്ചിരിക്കുന്നു. തിരിച്ച് ഗംഗാരിയായിൽ എത്തിയപ്പോൾ വൈകുന്നേരമായി. ഒരു പകൽ

മുഴുവൻ നീണ്ട നടത്തം. നടന്ന ദൂരം 20 കിലോമീറ്റർ.സഫലമായ ഒരു ദിനം കൂടി കടന്നു പോവുന്നു.

## രണ്ട്

### ഹേമകുണ്ഡ് സാഹിബ്

ആരാധനാലയങ്ങൾ, ദേവാലയങ്ങൾ എന്ന നിലയിൽ എന്നെ ഒരിക്കലും ആകർഷിച്ചിട്ടില്ല. എന്നാലും പ്രമുഖ മതങ്ങളുടെ, ഇന്ത്യയിലും ഇന്ത്യയ്ക്ക് വെളിയിലുമുള്ള പ്രധാന ആരാധനാലയങ്ങൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്. ഇത്തരം ഓരോ ആരാധനാലയങ്ങളും ഭക്തരെ ആകർഷിക്കുന്നത് മതപരമല്ലാത്ത ഓരോ പ്രത്യേകതകൾ കൊണ്ടാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. ചരിത്രപരമോ, വാസ്തുശില്പപരമോ, ഭൂഭാഗ പരമോ ഇത്തരം പ്രത്യേകതകളാണ് പലപ്പോഴും ആൾക്കാരെ ആകർഷിക്കുന്നത്. ഇത്തരം പ്രത്യേകതകളാൽ എനിക്ക് താല്പര്യം തോന്നിയിട്ടുള്ള ഒരു സിക്ക് ക്ഷേത്രമാണ് ഹേമകുണ്ഡ് സാഹിബ്.

ലോകത്തിലെ ഏറ്റവും ഉയരത്തിലുള്ള ഗുരുദ്വാരയാണിത്.14500 അടിക്ക മേലെയുള്ള ഹിമാലയ മുടിയിലാണ് ഇത് നിൽക്കുന്നത്.1666 മുതൽ 1708 വരെ ജീവിച്ചിരുന്നു എന്ന് കരുതപ്പെടുന്ന പത്താമത്തെ സിക്ക് ഗുരുവായ ഗുരു ഗോവിന്ദ് സിംഗ് പൂർവ്വജന്മത്തിൽ ഹേമകുണ്ഡിൽ തപസ്സ ചെയ്തിരുന്നു എന്നാണ് സിക്കുകാരുടെ വിശ്വാസം. സിക്കുകാരുടെ ഇതിഹാസ ഗ്രന്ഥങ്ങളിൽ ഈ തപഃസ്ഥാനത്തെക്കുറിച്ച് വിശദമായി വർണിച്ചിട്ടുണ്ട്. ഇതിഹാസങ്ങളുടെ ചുവടുപിടിച്ച് പിന്നീടുണ്ടായ സിക്ക് സാഹിത്യത്തിലെമ്പാടും ഹിമം മൂടിയ ഹേമകുണ്ഡിനെക്കുറിച്ച് പറയുന്നുണ്ട്. ഹിമാലയത്തിൽ എവിടെയാണീ സ്ഥാനം എന്ന് ആർക്കും അറിയില്ലായിരുന്നു പോലും.ഇന്ത്യൻ പട്ടാളത്തിൽ നിന്ന് റിട്ടയർ ചെയ്ത സന്ത് സോഹൻ സിംഗ് (അദ്ദേഹം സിക്കുകാരുടെ ഒരു ഗ്രന്ഥി - ഗുരു ഗ്രന്ഥസാഹിബ് പഠിച്ചവൻ - ആയിരുന്നു) 1934-ലാണ് ഈ സ്ഥലം കണ്ടെത്തുന്നത്. അദ്ദേഹം അവിടെ ഒരു ചെറിയ ക്ഷേത്രം പണിത് ഗുരു ഗ്രന്ഥസാഹിബ് പ്രതിഷ്ഠിക്കുന്നു. പിന്നീട് ഇവിടെ നമ്മൾ ഇപ്പോൾ കാണുന്നതുപോലെ അഞ്ചു വശങ്ങളുള്ള, നക്ഷത്രാകൃതിയിലുള്ള ചെറിയ ഗുരുദ്വാര 1966 ലാണ് പണികഴിപ്പിച്ചത്. ഇന്ത്യൻ ആർമിയിലെ എഞ്ചിനിയർ ഹർകിരാത്ത് സിംഗാണ് ഇത് പണിയിച്ചത്.(വാസ്തവത്തിൽ നക്ഷത്രാകൃതിയല്ല കമഴ്ത്തിവെച്ചതാമരപ്പൂവിന്റെ ആകൃതിയാണ് ഇതിനുള്ളത്. ഊർദ്ധകമലം എന്നത് ഗ്രന്ഥസാഹിബിലെ ഒരു പ്രധാന ബിംബമാണ്)




ജൂൺ 1 മുതൽ ഒക്ടോബർ 5 വരെയാണ് സാധാരണയായി ഗുരുദ്വാരയിലേക്ക് തീർത്ഥാടനം. മെയ് മാസം ഇന്ത്യൻ പട്ടാളവും കർസേവകരും ചേർന്ന് മഞ്ഞ് മാറ്റി വഴി വൃത്തിയാക്കും.ഏകദേശം ഒരു മാസം വേണ്ടിവരും അതിന്. മഞ്ഞ് വീഴ്ച നേരത്തെയായാൽ സെപ്റ്റംബറിൽ തന്നെ ക്ഷേത്രം അടയ്ക്കും. ഗുരുദ്വാര അടച്ചിടുന്ന 8 മാസം ഒരാൾ പോലും അവിടെ ഉണ്ടാവില്ല.

ഹേമകുണ്ഡ് എന്ന കുളമാണ് ഇവിടുത്തെ പ്രധാന ആകർഷണീയത. ഹേമകുണ്ഡ് എന്നാൽ സുവർണ്ണകുളം എന്നാണർത്ഥം. ഹേമകുണ്ഡിൽ ആചാരപരമായ കുളി കഴിഞ്ഞ് ഗുരുദ്വാരയെ പ്രദക്ഷിണം ചെയ്ത മാത്രമേ തീർത്ഥാടകർ ഉള്ളിൽ പ്രവേശിക്കൂ. അമൃതസർ സുവർണ്ണ ക്ഷേത്ര കുളത്തിലെ വെള്ളം ഹേമകുണ്ഡിൽ ചേർക്കുകയും ഹേമകുണ്ഡിൽ നിന്ന് വെള്ളമെടുത്ത് സുവർണ്ണ ക്ഷേത്രക്കുളത്തിൽ ചേർക്കുകയും ചെയ്താൽ മാത്രമേ സിക്ക് ജീവിതം സഫലമാവുകയുള്ളൂ എന്ന് വിശ്വസിക്കുന്നവരുമുണ്ട്.

വാലി ഓഫ് ഫ്ലവേഴ്സിലേക്കും ഹേമകുണ്ഡ് സാഹിബിലേക്കും പോകുന്നവർ ഗംഗാരിയ ആണ് ബേസ് ക്യാമ്പായി ഉപയോഗിക്കുന്നത്.ഗോവിന്ദഘാട്ടിൽ നിന്ന് ഗംഗാരിയവരെയുള്ള 14 കി.മി ദൂരം കുതിരപ്പുറത്തോ ഹെലികോപ്റ്ററിലോ താണ്ടുന്നവരാണധികവും.ഹിമാലയൻ വഴികളെയും പൊക്കം കുറഞ്ഞ ഹിമാലയൻ കുതിരകളെയും (പോണി ) അറിയാവുന്നതുകൊണ്ടും നടപ്പ് ഒരു ശീലമായതുകൊണ്ടും ഞാൻ കാൽനട തന്നെയാണ്

തിരഞ്ഞെടുത്തത്. ഹിമാലയൻ കാടുകളുടെയും പർവത നദിയായ ഗോവിന്ദ് ഗംഗയുടെയും ഭംഗി ആസ്വദിച്ച് അഞ്ചാറു മണിക്കൂർ കൊണ്ട് ഗംഗാരിയായിൽ നടന്നെത്തി. ഞങ്ങളുടെ യാത്ര നടത്തുന്ന യാത്രി ഗ്രൂപ്പിന്റെ ടൂർ എസ്കോർട്ട്, മിടുക്കനായ ചെറുപ്പക്കാരൻ ബിപിന്റെ ഹിമാലയ അറിവുകൾ കേട്ട് നടന്നതിനാൽ നടപ്പ് അപാര ഭംഗിയുള്ളതായിരുന്നു.

ഒന്നാം ദിവസത്തിന്റെ പകുതി പകലും വാലി ഓഫ് ഫ്ലവേഴ്സിന് പോകുന്ന രണ്ടാം ദിവസവും കാലാവസ്ഥാനുകൂലനത്തിന് ലഭിക്കുന്നതു കൊണ്ട് മൂന്നാം ദിവസം ഹേമകുണ്ഡിലേക്ക് പോകാൻ പറ്റുന്നത്.പതിനായിരം അടി ഉയരമുള്ള ഗംഗാരിയയിൽ നിന്ന് 6 കിലോമീറ്റർ ദൂരം കൊണ്ട് 15000 അടി അടുത്ത് ഉയരമുള്ള ഹേമകുണ്ഡിലെത്തുന്നതിന്റെ കാഠിന്യത്തെക്കുറിച്ച് നേരത്തെ കേട്ടിരുന്നെങ്കിലും നടന്നപ്പോഴാണ് ശരിക്കറിയുന്നത്. ചവിട്ടുന്ന പാതയിലെ ഓരോ കല്ലും മുകളിലേക്കാണ് പതിപ്പിച്ചു വെച്ചിരിക്കുന്നത്. ചിലയിടത്ത് വഴി കുത്തനെയാണ്. ഉയരം കൂടുന്നതനുസരിച്ച് പ്രാണവായു കുറയുന്നതു കൊണ്ടാവും കിതപ്പ് നിൽക്കുന്നില്ല. സാധാരണ അല്പം നടന്ന് കിതയ്ക്കുമ്പോൾ അല്പനേരം വിശ്രമിച്ചാൽ കിതപ്പ് മാറാറുള്ളതാണ്. ഇത് വിശ്രമിക്കുമ്പോഴും ഹൃദയം ദ്രുതഗതിയിൽ മിടിച്ചു കൊണ്ടിരിക്കും. തീർത്ഥാടകരിൽ മിക്കവരും കുതിരപ്പുറത്താണ് മല കയറുന്നത്. തീർത്ഥാടകരിൽ പത്തു ശതമാനം പേർ പോലും നടന്ന് മല കയറുന്നില്ല. കുതിരകൾക്കും മനുഷ്യർക്കും വിശ്രമിക്കാൻ രണ്ടു മൂന്നിടത്ത് വിശ്രമത്താവളങ്ങൾ ( ച്ചട്ടികൾ) ഉണ്ട്. ഇരിക്കാൻ സൗകര്യമുള്ള രണ്ടോ മൂന്നോ തട്ടുകടകളാണ് ച്ചട്ടികളിലുള്ളത്.നടന്നുമല കയറുമ്പോൾ നമുക്ക് ഇരിക്കാനോ ഭക്ഷണമെന്തെങ്കിലും കഴിക്കാനോ പലപ്പോഴും തോന്നാറില്ല. കയ്യിൽ കരുതിയ ഫ്ലാസ്കി ലെ ചുക്കുകാപ്പിയും ഡ്രൈ ഫ്രൂട്ട്സും തന്നെ ഉണ്ട. അവസാനത്തെ ഒന്നു രണ്ടു കിലോമീറ്റർ ഒരു ശാരീരിക ക്ഷമതാ പരീക്ഷണം പോലെ കഠിനമാണ്. നാ





ട്ടുഭാഷയിൽ പറഞ്ഞാൽ 'ചങ്കുപറിയുന്ന കയറ്റം.' വിമാനത്തിലിരുന്ന് നോക്കുമ്പോൾ കിട്ടുന്നതു പോലെ, ഹിമാലയൻ മുടികളുടെ മനോഹര കാഴ്ച കോടമഞ്ഞ് മറച്ചില്ലെങ്കിൽ കാണാം. കനത്ത മൂടൽമഞ്ഞ് വരുന്നതും പോകുന്നതും കിട്ടു അനുഭവമാണ്. ഇടയ്ക്ക് ഹിമം കട്ടപിടിച്ച് കിടക്കുന്ന രണ്ടു മൂന്ന് അരുവികൾ ( ഹിമാനി )കടക്കണം.കല്ലുപാകിയ വഴിത്താരയുടെ ഒരു വശം മതിലു പോലെ, എട്ടു പത്തടി ഉയരത്തിൽ ഹിമം വെട്ടി നിറുത്തിയിരിക്കുന്നു. മഞ്ഞിനിടയിലൂടെ ഒഴുകി വരുന്ന അരുവി നടപ്പാത മുറിച്ച് ഒഴുകുന്നു. ഇന്ത്യയിലെ ഏറ്റവും പവിത്ര പുഷ്പമെന്ന് കരുതപ്പെടുന്ന ബ്രഹ്മകമലം ഏറ്റവും കൂടുതലുള്ള പ്രദേശമാണിത്. വഴിയിൽ നിന്ന് അല്പം മാറി നിൽക്കുന്ന ബ്രഹ്മകമലത്തിന്റെ പടമെടുക്കാൻ മൂടൽമഞ്ഞ് സമ്മതിച്ചില്ല.

ഹിമാലയൻ വഴികളിലൊരിടത്തും ഇത്രയും മെരുക്കമുള്ള കുതിരകളെയും മര്യാദക്കാരായ കുതിരക്കാരെയും കണ്ടിട്ടില്ല. ആ പ്രദേശത്തെ ആദിവാസികളായ ഭോട്ടിയകളാണ് കുതിരക്കാർ മിക്കവരും.പുറത്ത് കെട്ടിവച്ച കുട്ടകളിൽ ചുമന്ന് മനുഷ്യരെ മുകളിലെത്തിക്കുന്ന ചുമട്ടുകാരുമുണ്ട്. മനുഷ്യനെ ചുമക്കുന്നവരും മിക്കവാറും ഭോട്ടിയകളാണ്. പത്തോ അമ്പതോ കിലോ ശാരീരിക ഭാരം മാത്രമുള്ള ഭോട്ടിയകൾ എഴുപതോ എൺപതോ കിലോ ഭാരമുള്ളവരെ ചുമന്ന് മല കയറുന്നത് പലപ്പോഴും അവിശ്വസനീയതയോടെ നാം നോക്കി നിന്നു പോകും. കുതിരക്കാരും കുട്ടക്കാരുമൊന്നും ചെയ്യുന്നത് കട്ടിപ്പണിയാണെങ്കിലും കഴുത്തറക്കുന്ന കൂലി ചോദിക്കാറില്ല.

നാലഞ്ചു മണിക്കൂർ ശരിക്ക് കഷ്ടപ്പെട്ടാലേ മലമുടിയിലെത്തൂ. കൊടുമുടി മുകളിൽ നിന്നുള്ള കാഴ്ചകൾ അത്യപൂർവ്വമെന്നാണ് കേട്ടിട്ടുള്ളത്. തൊട്ടു മുന്നിൽ നിൽക്കുന്നവരെപ്പോലും കാണത്തില്ലാത്തതുപോലെ കോടമഞ്ഞ് മൂടിയതിനാൽ പറഞ്ഞു കേട്ടതിനെ വിശ്വസിക്കാനെ തരമുള്ളൂ. മിക്കവാറും തീർത്ഥാടന കേന്ദ്രങ്ങൾ പിടിച്ചുപറി കേന്ദ്രങ്ങൾക്കൂടിയായാണ് എനിക്ക് തോന്നിയിട്ടുള്ളത്.ഇവിടെയാകട്ടെ അത്തരമൊരു പിടിച്ചുപറി സ്വഭാവം കാണുന്നില്ല. പടി കയറി ചെല്ലുമ്പോൾ തന്നെ ഗുരുദ്വാരയുടെ മുറ്റത്ത് വൃത്തിയുള്ള ഭോജന ശാല കാണാം. നല്ല പാൽ ചായയും മഞ്ഞ നിറത്തിലുള്ള കഞ്ഞി (കിച്ചഡി ) യും വൃത്തിയുള്ള പിഞ്ഞാണങ്ങളിൽ ആവശ്യം പോലെ കുടിക്കാം. ഷൂസഴിച്ചു വെച്ചു വേണം ഹേമകുണ്ഡിലേക്കും ഗുരുദ്വാരയിലേക്കും കടക്കാൻ. ആചാരപരമായ വേഷം ധരിച്ച്, കുന്തവുമായി നിൽക്കുന്ന നിഹാംഗ് സിക്കുകാരെക്കണ്ട് അല്പം ഭയം തോന്നിയേക്കാം. പേടിക്കേണ്ട. പാവങ്ങളാണ്. തണുപ്പിന്റെ കാഠിന്യം കൊണ്ടാണമസിലുപിടുത്തം. നമ്മൾ ഒന്ന് ചിരിച്ചു കാണിച്ചാൽ ആ മസിലുപിടുത്തമൊക്കെ അയയും.(പഞ്ചാബി ഹൗസും മല്ലുസിംഗും കണ്ടതുകൊണ്ട് സിക്കുകാരെ കാണുമ്പോൾ ചിരിക്കും



പഞ്ചം വരില്ല)

ഹേമകുണ്ഡ് മൂടൽമഞ്ഞിൽ പൂർണമായും മറഞ്ഞിരിക്കുകയാണ്. തൊട്ടപ്പുറത്ത് ഉണ്ടെന്ന് പറയപ്പെടുന്ന മനോഹര ഹിമശൈലങ്ങൾ പോയിട്ട് കുളത്തിന്റെ പടവുകൾ പോലും കാണാൻ പറ്റുന്നില്ല. കുളത്തിലെ വെള്ളം കണ്ണാടിച്ചില്ലുപോലെ തെളിമയുള്ളതാണെന്നാണ് കേൾവി.ഹേമകുണ്ഡിൽ നിന്നാണ് ഹേമ ഗംഗ ഉദ്ഭവിക്കുന്നത്. കുളത്തിൽ ആചാരപരമായി സ്നാനം ചെയ്യുന്നവരുണ്ട്. കുളത്തിൽ മുങ്ങിക്കയറുന്ന ചിലരുടെ പല്ലുകൾ കൂട്ടിയിടിക്കുന്നത് കൂടെയുള്ളവരിൽ ചിരി പടർത്തുന്നുണ്ട്.

മറ്റ് സിക്ക് ഗുരുദ്വാരകളിലെ അനുഷ്ഠാനങ്ങളുമായി വലിയ വ്യത്യാസമൊന്നും ഇവിടെയുണ്ടെന്ന് തോന്നുന്നില്ല. ഗുരു ഗ്രന്ഥ സാഹിബിൽ നിന്നുള്ള വായന, അതിന്റെ വ്യാഖ്യാനം, ബാചിത്രനാടകത്തിൽ(Bachitra Naatak) ഹേമകുണ്ഡിലെ ഗുരു ഗോവിന്ദ് സിംഗിന്റെ തപസ്സിനെക്കുറിച്ചുള്ള ഗായക സംഘത്തിന്റെ പാട്ട് – ഇതൊക്കെയാണ് അവിടെ നടക്കുന്നത്. (എല്ലാ ആരാധനാലയങ്ങളിലും ഇത്തരം കലാപരിപാടികൾ തന്നെയാണ് നടക്കുന്നത് ) ഇത്തരം മൂന്ന് ആരാധനാ പരിപാടികൾ ദിവസവും അവിടുണ്ട്. ഗുരു ഗോവിന്ദ് സിംഗിനെ അനുകരിച്ച് ചില തീർത്ഥാടകർ തപസ്സ് ചെയ്യുന്നതു പോലെ അവിടിരുപ്പുണ്ട്. സാധാരണ കഠിനമായ വ്രതം എടുത്ത്, കഷ്ടപ്പാടു നിറഞ്ഞ യാത്രയ്ക്കവസാനം എത്തുന്ന തീർത്ഥാടന കേന്ദ്രങ്ങളിൽ ഭ്രാന്തു പിടിച്ച ഭക്തി കാണാറുണ്ടെങ്കിൽ ഇവിടെ അങ്ങനെയൊന്നും കണ്ടില്ല. ആരാധനാലയങ്ങളുടെ ഉള്ളിൽ സാധാരണ നമുക്കുണ്ടാവുന്ന തിക്കുമുട്ടൽ ഇവിടെ ഉണ്ടാവുന്നില്ല.

ഗുരുദ്വാരയ്ക്ക് അടുത്തു തന്നെ ലക്ഷ്മണ ക്ഷേത്രവുമുണ്ട്.ലക്ഷ്മണൻ ഇവിടെ തപസ്സ് ചെയ്തിരുന്നു എന്നാണ് വിശ്വാസം.ഹേമകുണ്ഡിൽ നിന്ന് ഉത്ഭവിക്കുന്ന ഹേമ ഗംഗയ്ക്ക് ലക്ഷ്മണ ഗംഗയെന്നും വിളിപ്പേരുണ്ട്. ചെറിയ ഒരു മരപ്പാലം കടന്ന് 10 മീറ്റർ നടന്നാൽ അവിടെയെത്താം. മെല്ലിച്ച ഒരു ഗഢ്വാളിപ്പൂജാരിയും അവിടുണ്ട്. മൂടൽമഞ്ഞിൽ ക്ഷേത്രം മറഞ്ഞിരിക്കുന്നതിനാണോ എന്തോ ആരും അങ്ങോട്ട് പോകുന്നതായി കണ്ടില്ല.

നാലു മണിക്ക് ഗുരുദ്വാര അടയ്ക്കും. തീർത്ഥാടകർക്ക് ഇവിടെ രാത്രി കഴിയാൻ പറ്റില്ല. മൂടൽമഞ്ഞ് കനത്തു നിൽക്കുന്നതു കൊണ്ടാണോ എന്തോ ഹേമകുണ്ഡും പരിസരവും നേരത്തെ വിജനമാവാൻ തുടങ്ങിയിരിക്കുന്നു. മഴയുടെ ലക്ഷണങ്ങളും കാണാനുണ്ട്. കുതിരപ്പുറത്ത് ഇറക്കമിറങ്ങുന്നത് ബുദ്ധിമുട്ടായതിനാലാവാം തീർത്ഥാടകർ കൂടുതലും താഴോട്ട് നടക്കുകയാണ്. കുതിരകളും ഭോട്ടിയ ചുമട്ടുകാരും മിക്കവാറും മലയിറങ്ങിക്കഴിഞ്ഞു. ഭോജനശാല അടയ്ക്കാനുള്ള തയ്യാറെടുപ്പുകൾ കണ്ടുതുടങ്ങി.മലയിറങ്ങിപ്പോവുന്ന കുതിരക്കുളമ്പടിയൊച്ച കേട്ട്, കൊടുമുടികളിലെ കാറ്റിന്റെ ശീൽക്കാരം കേട്ട്, ഇനി മിക്കവാറും വരാൻ സാധ്യതയില്ലാത്ത ഹേമകുണ്ഡിനോടും കാവൽനിൽക്കുന്ന കൊടുമുടികളോടും യാത്ര പറഞ്ഞ് തിരിച്ചിറക്കം തുടങ്ങി.

# രണ്ട് കവിതകൾ

## അശരണം

മുലഞെട്ടിൽ നിന്ന്
അമൃതപാനത്തിനിടെ
ഇരുട്ടിനെ കൂട്ടുപിടിച്ച്
ഉള്ളിലൂടെ  പാഞ്ഞുപോയ
നീലച്ച ഹൃദയമാണ്
കരിങ്കല്ലിൽ ചോര ചിതറിച്ച്
തലച്ചോറ് തിന്നത്..
ഒടുങ്ങാത്ത ദാഹത്തോടെ
ചുണ്ടു പറിച്ചെടുത്ത്
മറ്റൊരാൾക്ക് ചുരത്തി ഒഴുക്കിയത്..
സിരകളിലപ്പോൾ
ഒഴുകിപ്പരന്ന ചോരയ്ക്ക്
മരണത്തിന്റെ മണം പകർന്നത്..
ചോര മണമുള്ള രാത്രിയിൽ
കൂട്ടുകിടക്കാനെത്തിയ
ശരീരത്തെ തിരിച്ചറിയാതെ പോയത്..
പിന്നാമ്പുറത്തെവിടെയോ
കൂർക്കം വലിച്ച്
ഒന്നും അറിയാതെ
ഒരാൾ ഉറങ്ങിപ്പോയത്..
കടലിലും കരിങ്കല്ലിനുമിടയിൽ
ഇനിമേൽ എന്നും ഒരു സ്മാരകമുണ്ടാവും
അതിനുചുറ്റും അണ്ഡം
ഒരു കാഴ്ച വസ്തുവും
ബീജം അതിന്റെ
കാവൽക്കാരനുമാകും..
കടൽത്തിരമാലകൾ
ഒരിളം കണ്ണീരാവും.
കരിങ്കല്ലിൽ തട്ടിയുടയുന്ന
ഉപ്പ് വെള്ളം ചുവപ്പാവും..
കാഴ്ചപോയ കണ്ണുകൾക്കെല്ലാം
എറിഞ്ഞുടയ്ക്കപ്പെട്ട ഒരു ഹൃദയം
കണ്ണുകൾകൊണ്ടുമാത്രം
നിർമ്മിക്കപ്പെട്ട വീടൊരുക്കി
കാത്തിരിക്കും..

ഡോ. സി.എസ്. സേവ്യർ
കെ.ഇ. കോളേജ്, മാന്നാനം



# ജലംകൊണ്ട് ഇറുത്തെടുക്കപ്പെട്ടവൾ

ഇനി ഞാനൊരു  കവിത രചിക്കും
വിടരും മുൻപേ ഇറുത്തെടുക്കപ്പെട്ട
ഒരു കുഞ്ഞ് പൂവിനെക്കുറിച്ച്..
കൊച്ചു പൂവിന്റെ
സ്വപ്നങ്ങളെക്കുറിച്ച്..
നൊമ്പരങ്ങളെക്കുറിച്ച്...
പിച്ചവച്ച് വീണ്
പിടഞ്ഞെണീറ്റ വഴികളെക്കുറിച്ച്...
നെഞ്ചിലെ തുടിപ്പുകളെക്കുറിച്ച്...
കളിചിരികളെക്കുറിച്ച്...
ശ്വാസ നിശ്വാസങ്ങളിലെ  ഏറ്റകുറച്ചിലുകളെക്കുറിച്ച്..
പിന്നെ
പൊരുളറിയാതെ കുഴയുന്ന  വേരുകളെക്കുറിച്ച്..
പൊയ്ക്കാറ്റിൽ ഉലയുന്ന ശാഖകളെക്കുറിച്ച്..
അവയിലൊക്കെ
ഓരോ കുഞ്ഞു കവിതകൾ ഒളിഞ്ഞിരിപ്പുണ്ട്..
വെറും കവിതകൾ അല്ല..
അക്ഷരങ്ങൾ കൊണ്ട് കൊരുക്കാനാവാത്തത്രമേൽ ആഴത്തിൽ
ഹൃദയം കൊണ്ടെഴുതി
പൂരിപ്പിക്കേണ്ട കവിതകൾ.....
പക്ഷെ
ചോദ്യം ചെയ്യപ്പെടാനാവാത്ത
മനസിന്റെ നൈർമല്ല്യം
മുറിപ്പെട്ടു പോകുമ്പോൾ
ഹൃദയം കൊണ്ട്  എങ്ങനെ
നല്ലൊരു കവിത രചിക്കും .

നെഞ്ചോട് ചേർത്ത് കാത്തുവെച്ച പലതിലും
അറ്റുപോയ ജീവന്റെ  ആത്മാവില്ലാത്ത ജഡം
വെള്ളത്തിൽ കുരുങ്ങി കിടക്കുമ്പോൾ
കവിതയ്ക്ക് എവിടെ വാക്കുകൾ..

എന്ത്  കൊടുത്തിനി കവിതയെ
തിരികെ വിളിക്കും...
എങ്ങനെ  കൂടെ കൂട്ടും...
ഇനിയെപ്പോൾ  പിറവിയെടുക്കും.....
കവിതയിനി  എന്തിനെ  പ്രണയിക്കും...
മധുരമുള്ള വരികളാനി  എന്തിനെകുറിച്ചെഴുതും
ഏത്  ഈണത്താൽ  വായിച്ചറിയും....
വേണ്ട
എനിക്കിനി കവിതകളില്ല..
എന്റെ കവിതകൾ
ഇന്നലെ വഴിതെറ്റി ആറ്റിൽ വീണ് വെള്ളം കുടിച്ച് ചത്തു.....

# Gay Affects: The Serene Dissidence of Jonathan Dollimore

**Cheri Jacob K.**
UC College, Aluva



**1. The Meeting/Parting...**

"Be kind to me", the dense bass voice of Professor Jonathan Dollimore caress my left ear as we wind up the interview on the eve of him delivering the V.C. Harris Memorial Lecture, 2018 at School of Letters, Mahatma Gandhi University, Kottayam. Instantly, an uncanny link pops up in my mind. Here is a doyen, whose forays into Gay Studies and his conceptualisation/use of 'creative vandalism' to legitimately claim an honourable space for LGBTs within and without the academia – something which he designates as 'transgressive re-inscription' – is known to all; he is right here in Kottayam to deliver the memorial lecture of an absent beloved whose last stage-performance was brimming with an *LGBT queerness* – a thoroughly cross-dressed Professor V. C. Harris appearing in a personally scripted tour-de-force, *Njaanum Njaanum* [*Me & Me*]. Right through the session and the subsequent walks within the School of Letters premises, one is struck by his plumpness; his slightly bend posture; his laboured walk and his ever keen and ever moist eyes.

Dear Reader, you must be intrigued about this "Be Kind to Me" utterance on the part of Jonathan, known the world over for his path-breaking work on Cultural Materialism, the seminal book (as co-editor, along with his long-time partner Alan Sinfield) *Political Shakespeare*: *Essays in Cultural Materialism*, not to forget the stunningly interventionist *Radical Tragedy* (single authored) and of course his astonishingly bold 'short-circuit

performance' with regard to the notion of Sexual Dissidence: both the establishment of the Centre for the Study of Sexual Dissidence (affectionately known as Sex Diss) at the University of Sussex (again, along with his long-time partner Alan Sinfield), UK and also his book *Sexual Dissidence*…Well, the actual 'frame of the event' will unravel in an instant.

When Jonathan was about to leave School of Letters, he repeats the words, this time caressing my right ear, "Be kind to me": his sharp nose is pointed my way, as though in an act of interrogation; but then the lips part and a serene comfortingly cajoling smile radiates. Just when he was leaving School of Letters, I exclaim: 'What a wonderful guy!' And from the group that was present there, on the porch - a group comprising of *already* and *yet-to-be* Postcolonially-oriented and Cultural-Studies-informed academicians - there emerges a voice, tinged with an impish laughter, "No! No! He is a Good Gay!" Something pierced into my heart! I wanted to retort. But at that instant, my eyes locked with that of Jonathan, the very moment the car he was in, took a swerve and vanished. I realised what he was hinting at. If published, the interview should be bland: sans sensationalism, sans sleaze, sans sympathies. I was being enlightened to 'kindly' soak in the reality that it is easy to merely academically write about gayness; can we live (with) it? Really – here in *enlightened* Kerala? And for once, the cross-dressed V. C. Harris loomed before my eyes: What would he have said if he had heard the line that troubled/hurt/infuriated me? – "Jonathan, he is a Good Gay!" Well, well. So here comes, Jonathan unplugged; Excerpts from the query-conversation...

**2. The Talking/Remembering...**

**Q**: A very casual question: How does it feel to be in Kerala/India for the first time?



**A**: Wonderful! Exhausting, but wonderful! Firstly because people are so kind and welcoming and I love the students because they are genuinely and innocently alive. They don't seem to be as jaded and cynical as some of my students and that I value very much.

**Q**: Oh that's great! And yesterday, while I was chatting with you, you just mentioned a very curious connection, that at the time of your entry into India there were two landmarks Supreme Court judgements in India. Can you speak a little bit about that?

**A**: Well, look, you shouldn't ask a first-time visitor to India to really comment on internal Indian issues. But I will just remark that when I saw from the UK that there has been the decriminalising of homosexuality by the Supreme Court, I thought that was absolutely wonderful. I know some gay activists who have connections with India so they were absolutely thrilled and I was thrilled on their behalf. And now this, the other ruling on adultery, of which I am not too clear, I've sensed that it is a very positive development for women and I appreciate it wholeheartedly.

**Q**: We use the word *political* within the academy and we also use the word *political* outside of the academy - Where do you relate to this word more?

**A**: In UK now, young people [even 2 or 3 years ago] who were politically ignorant and indifferent to politics are now involved, because they can't afford not to be. There are big issues around: Brexit; leaving the EU. In UK now, there has never been a more exciting time, a terrible unstable and dangerous time; and that is because we have failed. And one of the consequences is the tendency to move to the 'right'. If you would have asked me that question a year or two ago, I would have probably said *inside* the academy because that is simply were I used to work. But the moment I came out on to the streets to where the politics is really quite exciting and where the people are involved [mostly young people] I felt the pulse. So right now it's *outside*.

**Q**: And what's happening with the *inside*?

**A**: Oh well in my country, terrible things. The universities basically have been taken over by money; they have become businesses - they run as Corporations and the students are now customers. They borrow huge amounts of money in order to go to universities. So it's been turned into a kind of consumerist environment and I think that it is that this is deeply regrettable. I mean I left universities about12 years ago because one day I realised that I didn't like working in the universities anymore. I didn't believe in what I was asked to do. So I walked out; I walked out of my door - I left the job and never went back.

**Q**: Do you think this whole concept of 'Creative Vandalism' is positive? How does it fit-in in this era of Donald Trump and Narendra Modi wherein you find brute rightist forces shamelessly trying to manipulate things; how do you place your notion of 'Creative Vandalism' in such a socio-politico-cultural scenario?

**A**: I wanted a concept to describe the manner in which people could sometimes make really quite valid usage of works by ways/methods that weren't designed to be used in such a capacity; and yet create something very powerful as a result. All great developments in art often involve some kind of violation of the existing order of things. Rock music was an appropriation of black people, and there were a lot of black people at that time who really resented what these white kids were doing with their music. They felt there was a kind of an exploitation of *their* music, but you know history tells us that actually something good came out of it.
I will give you another example: when Bob Dylan moved from folk to electric guitar, i remember that amazing episode in Manchester in the year 1966. It was an acoustic guitar in the first half of the concert and he was going on to the electric guitar in the second half .As he was tuning up, someone in the audience shouted that they hated electric guitar; they thought it was a treason vis-a-vis the whole folk tradition. And someone shouted 'Judas' from the audience. So Dylon turned around to the back and he said, 'play fucking loud'. And then he turned back and he sang; it was quite an aggressive song - he just howled it at the audience. It was an active creative vandalism; it was the beginning of a new era and it was wonderful. So in a way that kind of an active violent in-appropriation (which almost involves a violation of the authenticity of an art form) is how new kinds of art forms develop.

**Q**: Since you mentioned a year, may I ask what you were doing in 1968?

**A**: Oh, I was a Newspaper reporter.

**Q**: I hope you got the connection, 1968. Europe was burning with student revolutions...

**A**: I left school when I was 15 years old; my first job was working in a car factory. 1968 passed me by because I was a lonely boy in a provincial town and 'the 1968' was happening in London and not where I was. There was no 'culture' in my family; no one was interested in culture, there was no politics in my family. And I was the only one in the town who liked Bob Dylan. And so I was not a 1968 person.

**Q**: Did Raymond Williams teach you?

**A**: No, no. Raymond Williams was at Cambridge University. I applied to Cambridge University and they rejected me. I wasn't the right material.


**Q**: But later you got in touch with him...

**A**: He was very good. He was a strange man and what he spoke, and when he wrote, he could be quite laborious. I never thought he was an inspiring person but I did respect him greatly because of what he has written. I have to tell you, when I first went to the university, I was called a provincial upstart with expensive perversions.

**Q**: So that brings me to the next domain of what you have been practicing throughout your life, this whole idea being *queer*. Don't you think that's too broad a term and it should be broken into further specifics?

**A**: Yes, yes you are right. I never liked the term at all because, I mean, when I started to teach *gay* material in 1980s at the University of Sussex it was called *gay and lesbian*; that's what it was. Now this whole programme developed under big expectations and *gay studies* became properly established as a disciple within the academia.  Now what happens is that people come into gay studies with a 'second wave' mindset and they make it *queer* as though *gay* sounds kind of old-fashioned; and they study *gay* as *queer* theory. And I used to get up in the audience and say, 'this is bull-shit because you are completely ignoring earlier generation of historians who are really important people who did

the ground work: Geoffrey Wheats, Dennis Oddman, and others - real pioneers. What you have done is, you have thieved what you want from them and then completely ignored them.' So, I didn't like the word *queer* because I thought it represented that moment in *gay studies* where it was taken over by rather a superficial and pretentious bunch of academics. Unfortunately, like the word *Capitalism*, it has become unavoidable and you can't fight it. But you owe the 'first phase' a real deep respect because of what that people did and we should never forget that/them.



**Q**: What exactly was the motive behind the founding of the Centre for Sexual Dissidence?

**A**: I have been teaching gay courses from the mid 1981 and that was the time - it was a very, very bad time - it was the time of the HIV Aids. There were a lot of kickbacks and lot of discrimination; things were really, really difficult. That was also the time our Tory government tried to pass legislations preventing the teaching of homosexual issues in schools. Anyways, I did offer the courses at the university; my colleagues were brilliant, they supported me and as the program grew, more and more students became interested. Myself and Alen Sinfield, my partner, my lover, we said, 'Why don't we set up a centre for the subject to give it kind of more prominence. It was at that time that I published my book *Sexual Dissidence*. So that's what we did; that centre is 25 years old and still going strong.

**Q**: You, quite often, talk about 'Transgressive Re-inscription' - Can you elaborate?


**A**: When I looked at the history of how gay cultures gained visibility, it was often in terms of transgressive re-inscription. That is to say, the move was not as it were trying to escape the oppressive hetero-normative structure totally; neither was it about becoming completely independent, completely alternative or completely oppositional. It was more of turning back into it and perverting it, sabotaging it from within; it's like short circuiting - you would disrupt from within. It's like insurrection and I just like that idea.

**Q**: Can you link this up with Cultural Materialism?

**A**: Of course, because you know Cultural Materialism is alongside Feminism, alongside Gay Studies, alongside liberation movements; they are all part of the big picture. I'll tell you this: the amazing thing is that I have two children 23 and 17. I'm amazed of how much progress they have made, around the issues of gender, race, and sexuality. I mean my seventeen-year-old daughter, I don't know if she is gay or not, that doesn't matter, but she is a real friend of transgender people in school because she speaks up when they are bullied or dismissed or taunted. I'm just not having that, maybe she doesn't know what sexuality is but that doesn't matter because she recognises injustice and she has got to make a stand and I'm very proud of that.

**Q**: What is your equation with this label called 'Cultural Studies'?

**A**: I think Cultural Studies is an even more general title than Cultural Materialism, a huge umbrella but historically very important. It is basically a huge movement, post-war, from the fifties on; Richard Hoggart was the first one, Raymond Williams of course, and lots of other people. Basically, it was and is about taking culture seriously, as a space for political intervention.




That is what it is.

**Q**: Now a tricky question: What is your equation with God?

**A**: If you meant whether I believe in God, No I don't. I would say that I take religion very seriously, both as a mode of social control and also a mode of liberation; you know Liberation Theology has been very, very important. I also think even if one is an absolute atheist there are some concepts that can be taken from the religious tradition, the Christian religious tradition, namely, redemption, atonement, forgiveness - these are concepts which truly may yet save the world.

**Q**: How old are you?

**A**: Seventy

**Q**: Does that make you an ageing materialist academician going spiritual?

**A**: Good question. I would say it is not a 'turning away' from Cultural Materialism. It is a 'taking away' from the theological because I do take very seriously the importance of religion in every conceived way. You know when I decided that I wanted to write a book about death, everyone thought that's not a project on Cultural Materialism. I went on to do it and I wanted to explore some of the darker side of human culture, the darker side of the human desire, the darker sides of human history.

**Q**: Now, about the *difference* between New Historicism and Cultural Materialism – the difference, if reduced to two figures, you and Stephen Greenblatt, does it have any unconscious link with the hetero/homo-sexuality axis: That is to say the wonderfully deep yet painful concerns you bring out through Cultural Materialism, somewhere, at some point it, links up with the reality of gayness; on the other side Stephen is not gay.

**A**: What you are suggesting is that New Historicism is heterosexual. I can't say that I don't think it is true but certainly for me my Cultural Materialism revolves through my own sexuality, there is no question about that. That is one of the reasons why I constantly turned away from Cultural Materialism when the project was being taken over by 'hetero-dominant' universities. There is also another difference; I don't have a job, I am not in a position to speak decisively, I have no powers in the academia now. Stephen Greenblatt is one of the most powerful and successful academicians in the world.

**Q**: You mentioned your lover Alan, did you breakup with him?

A: I didn't breakup with him. We were together for seventeen years, and then I linked up with a wonderful woman.

**Q**: So you are a bisexual.

**A**: If you *need* a term, Yes!



# ഹാജർ നിറം

അണഞ്ഞുപോകാറായ
തിരിനാളത്തിൽ
മുറുക്കിപിടിച്ചൊരുനാൾ
തിരഞ്ഞിറങ്ങിയ
പാദങ്ങൾക്കടിയിൽ
ഞെരിഞ്ഞമർന്ന സ്വപ്നങ്ങൾ
ചോദിച്ച ഹാജർ നിറം?
പഞ്ചഭൂതങ്ങളുടെ ഹാജർ
ജോലിയിലെ, വിയർപ്പിന്റെ
ക്ലാസ് മുറിയിലെ, പരീക്ഷാമുറിയിലെ
മനസ്സിന്റെ, വിശപ്പിന്റെ
വേദനയുടെ, സുഖത്തിന്റെ
നിലനില്പിന്റെ, രോദനങ്ങളുടെ
മനഃസാക്ഷിയുടെ, മനുഷ്യത്വത്തിന്റെ
ശബ്ദങ്ങളുടെ, ജീവന്റെ
ഹാജർ
കറുപ്പ്.

**ഡോ. അന്നാസാലി ഇ.എം.**
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്



# ഭക്തി : ചരിത്രാനുഭവവും വർത്തമാന യാഥാർത്ഥ്യവും

**ഡോ.ടി.മധു**
കെ.എസ്സ്.എം.ഡി.ബി.കോളേജ്,
ശാസ്താംകോട്ട



ആചാരവത്കരിക്കപ്പെടുകയും കേരളീയ സാമൂഹ്യ-രാഷ്ട്രീയ ബോധത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്ന ചരിത്രസന്ദർഭത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ആഴമേറിയ നൈതികബോധമല്ലാതായിരിക്കുന്നു,മതം. അതോടെ അതിനകത്ത് ഉൾച്ചേർന്നിരുന്ന വിമർശനാത്മകമോ മാനുഷികമോ ആയ മൂല്യങ്ങൾക്ക് സ്ഥാനം ഇല്ലാതായിട്ടുണ്ട്. ജാതീയ സാമുദായിക രൂപങ്ങൾ മത ജീവിതത്തിൽ പ്രബലത കൈവരിക്കുന്ന സന്ദർഭവുമിതാണ്.അതായത് ജാതീയതയും സാമുദായികതയും മതബോധത്തിന്റെ കേന്ദ്രങ്ങളായി മാറുന്നത് മതാത്മകത ആചാരപരതയിലേക്ക് പ്രവേശിക്കുന്നതോടെയാണ്. ഒരു സമൂഹത്തിന്റെ സാംസ്കാരിക പ്രതിസന്ധിയെ വെളിവാക്കുന്ന സൂചിക കൂടിയാണിത്. ഇത്തരമൊരു സാംസ്കാരിക അധ:പതനത്തിനെതിരെയുള്ള പ്രതിഷേധവും പ്രതിരോധവുമായിരുന്നു,ഇന്ത്യയിലെ ഭക്തിപ്രസ്ഥാനം. എന്നാൽ ഭക്തി സിദ്ധാന്തം സാധ്യമാക്കിയ പുതിയ ലോക ബോധവും മനുഷ്യ സങ്കല്പവും അതിന്റെ തുടർച്ചയെന്നോണം കേരളത്തിൽ പ്രബലമായ നവോത്ഥാന മൂല്യങ്ങളും പലവിധത്തിലുള്ള വെല്ലുവിളികളെ നേരിടുകയാണ്. ഫാസ്റ്റ് ഫുഡ് സംസ്കാരത്തെയാണ് ഇന്നത്തെ ഭക്തിരീതി ഓർമ്മപ്പെടുത്തുന്നത്. നവയുഗ ആത്മീയത വ്യക്തിയിൽ കുറ്റബോധവും ഭയവും നിറച്ചുകൊണ്ട് ജീവിക്കാനുള്ള അവന്റെ സകല ആത്മവിശ്വാസത്തെയും കെടുത്തിക്കളയുകയും അന്ധവിശ്വാസപ്രചാര വേലയിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയുമാണ്. വിശ്വാസത്തെ അന്ധമാക്കിതീർക്കാനും ആചാരമാക്കി മാറ്റാനുമുള്ള സകല ശ്രമങ്ങൾക്കും എതിരായിരുന്നു യഥാർത്ഥ ഭക്തിവാദം. അതിനാൽ തന്നെ ആധുനിക സമൂഹത്തിലേക്ക് തുറക്കുന്ന കണ്ണുകളിൽ അന്ധത




നിറക്കാനുള്ള യാതൊരു ശ്രമത്തെയും പ്രോത്സാഹിപ്പിച്ചു കൂടാ. ഭക്തി - വിശ്വാസം ഏറ്റവും നല്ല വില്പന ചരക്കായി മാറുകയും ആരാധനാലയങ്ങൾ വിശ്വാസ ചന്തകളായും രൂപാന്തരപ്പെടുന്ന വർത്തമാന കാലത്ത്, സമൂഹത്തെ നവീകരിക്കുന്നതിൽ ഭക്തിപ്രസ്ഥാനം ഏറ്റെടുത്ത് നിർവ്വഹിച്ച ദൗത്യം എന്തെന്ന അന്വേഷണത്തിന് ഒട്ടും പ്രസക്തി കുറയുന്നില്ല. മറിച്ച് ഭക്തിസിദ്ധാന്തം ഉയർത്തിക്കൊണ്ടു വന്ന നവോത്ഥാന പ്രമേയങ്ങളെ വീണ്ടെടുത്തു കൊണ്ട് ഈ സാംസ്കാരിക പ്രതിസന്ധിയെ മറികടക്കാനുള്ള ജാഗ്രത പുലർത്തേണ്ടത് ഇന്നിന്റെ അടിയന്തര ആവശ്യമായും തീർന്നിട്ടുണ്ട്. ഒരു രാഷ്ട്രീയ സമൂഹത്തെ സംബന്ധിച്ചിടത്തോളം ഇത് പ്രധാനമാണ താനും.

## ഭക്തി സിദ്ധാന്തം: പ്രതിരോധവും വിമർശനവും

കേരളത്തിലെ ഭക്തിധാര (15,16,17 ശതകം) പ്രധാനമായും പാർശ്വവൽകൃത ജനത/ കീഴാള ജനതയുടെ പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയും സിദ്ധാന്തവും പ്രയോഗവുമായാണ് വികസിച്ചത്. ചാതുർവർണ്യാധിഷ്ഠിത സാമൂഹിക ക്രമത്തിന് പുറത്തു നിർത്തിയിരുന്ന സാമാന്യ ജനത തങ്ങളുടെ മോചന-മോക്ഷത്തിനുള്ള പ്രധാന ഉപാധിയായി ഭക്തിയെ ഉപയോഗിക്കുകയായിരുന്നു. അധീശത്വ ശക്തികൾ മുന്നോട്ടു വയ്ക്കുന്ന മുക്തിമാർഗ്ഗത്തെ ജ്ഞാന-കർമ്മ -യോഗമാർഗ്ഗത്തെ തിരസ്കരിച്ച് ഭക്തിരീതിയെ പിൻതുടരാനുള്ള തീരുമാനം എല്ലാവിധ ചൂഷണ വ്യവസ്ഥയ്ക്കും എതിരെയുള്ള മുന്നറിയിപ്പുകൂടിയായി. അതിനാൽ ഒരു പ്രത്യേക ചരിത്രസന്ദർഭത്തിന്റെ സാമൂഹിക-സാംസ്കാരിക വിമർശന പദ്ധതിയായി വേണം ഭക്തിസിദ്ധാന്തത്തെ മനസ്സിലാക്കാൻ.ഫ്യൂഡൽ അവബോധങ്ങൾക്കും ആചാരങ്ങൾക്കും സ്ഥാനരൂപങ്ങൾക്കും എതിരായ ഒരു വിമർശനാവബോധം അത് ഉയർത്തിപ്പിടിക്കുന്നുണ്ട്. ഭക്തിപ്രസ്ഥാനത്തിന്റെ പ്രമേയങ്ങൾ ഏറെയും ഫ്യൂഡൽ വ്യവസ്ഥ നിലനിർത്തിപ്പോന്ന സാംസ്കാരിക പദ്ധതികൾക്ക് എതിരായിതീരുന്നതിന്റെ കാരണവും ഇതാണ്. ഭക്തിവാദത്തിന്റെ ഉള്ളടക്കങ്ങളെ വീണ്ടുവിചാരത്തിന് വിധേയമാക്കുമ്പോൾ അതിന്റെ രൂപീകരണ സന്ദർഭം നിശ്ചയമായും വിശദീകരണം ആവശ്യപ്പെടുന്നു.

## 1.1 മതപരിവർത്തനവും പരിവർത്തന മതവും

ഭക്തിപ്രസ്ഥാനത്തെ ഭാരതീയ തത്വചിന്തയുടെ സ്വാഭാവിക വികാസപരിണാമമായി ചുരുക്കിക്കാണാൻ ശ്രമങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ഇതേ തത്വചിന്തയെ വ്യാഖ്യാനിച്ച് അധികാരത്തിനും ചൂഷണത്തിനുമുള്ള ആയുധങ്ങളായി ഉപയോഗിച്ചു പോന്ന ഒരു സാമൂഹിക ഘടനയാണിവിടെ നിലനിന്നതെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.അതിനെതിരെ നിലയുറപ്പിച്ചവരാണ് ഭക്തിവാദക്കാർ. അന്യമതക്കാരുടെ പ്രത്യേകിച്ച് പോർട്ടുഗീസ് ആധിപത്യത്തിനെതിരെയുള്ള സാംസ്കാരിക കലാപമായി ഭക്തിപ്രസ്ഥാനത്തെക്കാണുന്നവരും കുറവല്ല." പോർട്ടുഗീസുകാരുടെ ആക്രമണം വരുത്തിവച്ച ശൈഥില്യത്തെത്തുടർന്നാണ്



ഭക്തിപ്രസ്ഥാനം ഉയർന്നുവന്നതെന്നാണ് സി.പി അച്യുതമേനോൻ രേഖപ്പെടുത്തുന്നത് (1989:20). എന്നാൽ ഡോ.താരാചന്ദ് ഇതിനെ മറ്റൊരു തരത്തിൽ കാണാനാണ് ശ്രമിക്കുന്നത്.- മധ്യയുഗത്തിൽ ഭാരതത്തിൽ കടന്നുവന്ന ഇസ്ലാമിക സംസ്കാരം ഭാരതത്തിന്റെ മുമ്പിൽ ഒരു പ്രശ്നമായി പരിണമിച്ചപ്പോൾ, വിശാലഹൃദയരായി നിന്നു കൊണ്ട് അതിന്റെ സംസ്കാരത്തെക്കൂടി സ്വീകരിക്കാൻ തീരുമാനിച്ചു എന്നും ഇസ്ലാമിക സംസ്കാരവും ഭാരതീയ സംസ്കാരവും തമ്മിൽ പുൽകുന്നതിനു സ്വീകരിച്ച മാർഗ്ഗമാണ് ഭക്തിപ്രസ്ഥാനമെന്നും അദ്ദേഹം വിശദീകരിക്കുന്നു. യുക്തിയുക്ത നിരക്കുന്ന ഒന്നായി ഈ വാദത്തെ സ്വീകരിച്ചുകൂടാ. ഭക്തി സിദ്ധാന്തത്തിൽ ഒരിടത്തും ഈ രണ്ട് മത സംസ്കാരങ്ങളുടെ സമന്വയം സ്ഥാനം പിടിച്ചിട്ടില്ല. പക്ഷേ മത ഐക്യം ഭക്തിപ്രസ്ഥാനത്തിൽ ഉണ്ടുതാനും. അതിനെ ഭക്തിപ്രസ്ഥാനം മുന്നോട്ടു വച്ച മാനവ സമത്വമെന്ന ആശയത്തിന്റെ പ്രതിഫലനമായേ കാണേണ്ടതുള്ളൂ.കുറച്ചുകൂടി യാഥാർത്ഥ്യത്തെ പിൻതുടർന്നുകൊണ്ടുള്ള നിഗമനമാണ് പി.കെ.ഗോപാലകൃഷ്ണന്റേത്. -ഹൈന്ദവ സംസ്കാരത്തിന്റെ ജീർണതയും ഇസ്ലാമിക സംസ്കാരത്തിന്റെ വെല്ലുവിളിയും തീർത്ത അന്തരീക്ഷത്തിൽ നിന്ന് രൂപപ്പെട്ടതാണ് ഭക്തിപ്രസ്ഥാനം(1999:18). ഇവിടെ താരാചന്ദും ഗോപാലകൃഷ്ണനും ഭക്തിപ്രസ്ഥാനത്തിന്റെ പ്രേരക ഘടകമായി ഉയർത്തികാട്ടുന്നത് ഇസ്ലാമിക സംസ്കാരം ഉയർത്തിയ പ്രശ്നങ്ങൾ/വെല്ലുവിളികൾ ആണ്. എന്തായിരുന്നു ക്രിസ്തുമതവും ഇസ്ലാം മതവും ഉയർത്തിയ വെല്ലുവിളികൾ? നിശ്ചയമായും ഇവർ വിരൽ ചൂണ്ടുന്നത് മതപരിവർത്തനത്തെ തന്നെ. ഈ സന്ദർഭത്തിലാണ് മതപരിവർത്തനത്തിന് എതിരായ മുന്നേറ്റമായിരുന്നോ ഭക്തി പ്രസ്ഥാനം എന്ന ചോദ്യത്തിന് പ്രസക്തി കൈവരുന്നത്.

പോർട്ടുഗീസ് അധിനിവേശം കേരളീയ മതബോധത്തിൽ വിള്ളലുകൾ വീഴ്ത്തുന്നതിൽ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. ക്രിസ്തുമതം ഇവിടുത്തെ ജനതയിൽ അടിച്ചേൽപ്പിക്കുന്നതിലും അവർ വിജയിച്ചു.അതേ സമയം പ്രസ്തുത മതത്തെ സ്വമേധയ സ്വീകരിക്കാനും കേരളീയ ജനത തയ്യാറായി എന്നതും കാണേണ്ടതുണ്ട്. മുസ്ലീങ്ങൾ കേരളത്തിൽ മതം അടിച്ചേൽപ്പിക്കാൻ മുതിർന്നില്ല എന്നതിന് തെളിവുകൾ കണ്ടെത്താനാകും. ഇസ്ലാം മതപ്രചാരണാർത്ഥം വിദേശ മുസ്ലീങ്ങൾ മലബാറിൽ വരുകയും മതതത്വങ്ങൾ പ്രചരിപ്പിക്കുകയും അതിൽ ആകൃഷ്ടരായ മലബാറുകാർ ഇസ്ലാം മതം സ്വീകരിച്ചതായും (തുഹ്ഫത്തുൽ മുജാഹിദ്ദീനിൽ)- രേഖപ്പെടുത്തിയിരിക്കുന്നു.

ഈ രണ്ടു കൂട്ടരും മുന്നോട്ടു വച്ച മത സമീപനം ഹിന്ദുമതത്തിൽ നിലനിന്നിരുന്ന ജാതി/അയിത്ത വ്യവസ്ഥിതികളെ ചോദ്യംചെയ്യാൻ പ്രേരിപ്പിക്കുന്നതായിരുന്നു. മതം മാറ്റം സ്വീകരിച്ചവർക്ക് സമൂഹ ത്തിൽ കൈവന്ന പ്രത്യേക അവകാശവും സ്വാതന്ത്ര്യവും വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. അപ്പോൾ ഹിന്ദുമതത്തിന് വെല്ലുവിളിയായി മതപരിവർത്തനം പരിണമിച്ചപ്പോൾ, അതിനെ എതിരിടുന്നതിനു വേണ്ടി നടത്തിയ പ്രവർ

ത്തനങ്ങൾ ഭക്തി സിദ്ധാന്തത്തെ സാധ്യമാക്കിയിരുന്നല്ലോ? അന്യ മതത്തിലേക്കുള്ള ജനതയുടെ താത്പര്യം ഹിന്ദു മതത്തിന്റെ ശുദ്ധീകരണത്തിലേക്കാണ് നയിച്ചത്. മതപരിവർത്തനത്തിനുള്ള പ്രേരണകളിൽ പ്രധാനം ഹിന്ദുമതം അക്കാലത്ത് നേരിട്ടുകൊണ്ടിരുന്ന ജീർണ്ണത തന്നെ. അതിനുള്ള പരിഹാരം നിശ്ചയമായും മതവിമർശനമാണെന്നും തിരിച്ചറിഞ്ഞു. മതത്തിന്റെ പരിവർത്തനമെന്നാൽ മതത്തിനുള്ളിൽ എല്ലാവർക്കും എത്തപ്പെടാനും തുല്യതയോടെ നിലനിൽക്കാനും പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യമായി വ്യാഖ്യാനിക്കപ്പെട്ടു.അങ്ങനെ ഹിന്ദു മതത്തിൽ സാധ്യമായിത്തുടങ്ങിയ ആഭ്യന്തര വിമർശനമാണ് ഭക്തി വാദത്തിന് പ്രേരകമായ പ്രധാന ഘടകം. ആ അർത്ഥത്തിൽ ഹിന്ദു മത വിമർശനാവബോധമായാണ് ഭക്തിസിദ്ധാന്തം വികസിച്ചത്. മതത്തിന്റെ പ്രത്യയശാസ്ത്രത്തെ തെറ്റായി വ്യാഖ്യാനിക്കുന്നതിനും പ്രയോഗിക്കുന്നതിനും എതിരെയുള്ള പ്രതിഷേധവും പ്രതിരോധവുമായി അത് നിലകൊള്ളുന്നു.

ചുരുക്കത്തിൽ ഭക്തിപ്രസ്ഥാനത്തെ സാധ്യവും സ്വീകാര്യവുമാക്കുന്നതിന് മറ്റെന്ത് കാരണങ്ങൾ കണ്ടെത്താമെങ്കിലും ഹിന്ദുമത ജീർണതയ്ക്ക് എതിരെയുള്ള വിമർശനമാകും അതിന്റെ കേന്ദ്രത്തിൽ നിലയുറപ്പിക്കുക. ഹൈന്ദവ സംസ്കാരത്തിന്റെ ജീർണതയ്ക്ക് എതിരായ പ്രതിസംസ്കാരനിർമ്മിതിയാണ് ഭക്തിസിദ്ധാന്തം എന്ന് നിസ്സംശയം പറയാം. അതിന് നേതൃത്വം നൽകിയതാകട്ടെ സമൂഹത്തിലെ അടിസ്ഥാന ജനവിഭാഗവും. ഒരു ജനകീയ പ്രതിരോധത്തിന്റെ രീതികളും രൂപങ്ങളും ഭക്തി പ്രസ്ഥാനം കൈവരിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല.


### 2. ഭക്തിപ്രസ്ഥാനം സഫലമായ സാംസ്കാരിക വിപ്ലവം.

ഭക്തിപ്രസ്ഥാനം ഇന്ത്യ ഇന്നോളം കണ്ട സാംസ്കാരിക വിപ്ലവങ്ങളിൽ വച്ച് ഏറ്റവുമധികം സർവ്വതലസ്പർശിയും സ്ഥലകാലവ്യാപ്തിയുള്ളതുമായിരുന്നതായി സച്ചിദാനന്ദൻ അഭിപ്രായപ്പെടുന്നു(2001:16). സാമൂഹ്യം,ആത്മീയം, രാഷ്ട്രീയം, സാമ്പത്തികം എന്നിങ്ങനെ ജീവിതത്തിന്റെ മുഖ്യതലങ്ങളെ ആകെ അത് പുതുക്കിപ്പണിതു. മാത്രമല്ല, സാഹിത്യത്തിന്റെ ദർശനം, ഭാഷ, ഭാവം, രൂപം എന്നിവയേയും മാറ്റിത്തീർക്കാൻ അതിനു കഴിഞ്ഞതായി അദ്ദേഹം നിരീക്ഷിക്കുന്നു. നിശ്ചയമായും ഭക്തിപ്രസ്ഥാനത്തിന്റെ നേട്ടങ്ങളെ മുന്നേപറഞ്ഞ പ്രതിരോധത്തിന്റെയും വിമർശനത്തിന്റെയും സഫലതയായിത്തന്നെ എണ്ണണം. മാത്രമല്ല, ഭക്തി സിദ്ധാന്തം ഉയർത്തിപ്പിടിച്ച മൂല്യങ്ങൾ പുതിയൊരു സാമൂഹിക നിർമ്മിതിയ്ക്ക് ഉതകുന്നതു കൂടിയായിരുന്നു.

### 2.1 വിജ്ഞാന വിപ്ലവവും ജാതിവിമർശനവും

അറിവിന്റെ ജനകീയ വൽക്കരണം സാധ്യമാക്കി എന്നതാണ് ഭക്തി പ്രസ്ഥാനത്തിന്റെ ഫലങ്ങളിൽ പരമപ്രധാനം. അറിവ് തങ്ങളുടേത് മാത്രമാണെന്ന പൗരോഹിത്യ നാട്യത്തെ തിരസ്കരിച്ചുകൊണ്ടാണ് ഭക്തിപ്രസ്ഥാനം പ്രവർത്തിച്ചത്. വേദാന്ത ചിന്തകൾ ശൂദ്രാദികൾക്ക് കേൾക്കാനോ, ചൊല്ലാനോ, മനസ്സിലാക്കാനോ പാടില്ലെന്ന വിചാരഗതിക്ക് മങ്ങലേറ്റ സന്ദർഭമായിരുന്നു അത്. പുരാണേതിഹാസങ്ങൾ, ദർശ




Courtesy: Wikimedia Commons

നങ്ങൾ തുടങ്ങി ഏതൊരറിവും എല്ലാവരുടേതുമാണെന്ന ചിന്ത പ്രബലത നേടി. ആത്മീയതയെ കീഴാളരിലേക്ക് വ്യാപിപ്പിക്കാൻ ഇതുവഴി കഴിഞ്ഞു എന്നതാണ് ഇതിന്റെ മറ്റൊരു ഫലം. വരേണ്യ വർഗ്ഗത്തിന്റെ കുത്തകയായിരുന്ന ജ്ഞാനമേഖലയിലേക്കുള്ള അന്യമതക്കാരുടെ കടന്നുകയറ്റം നിലവിലെ സാമൂഹിക ക്രമത്തെയാണ് ഉടച്ചുവാർത്തത്. പിന്നീട് കേരളത്തെ നവലോകബോധ്യങ്ങളിലേയ്ക്ക് നയിക്കുന്നതിൽ ഭക്തി പ്രസ്ഥാനക്കാലത്ത് സംഭവിച്ച വിജ്ഞാനവികേന്ദ്രീകരണത്തിന് പ്രധാന പങ്കുണ്ട്.

ചാതുർവർണ്യത്തിന്റെ യുക്തിയെ നിരസിക്കൽ ഭക്തിസിദ്ധാന്തത്തിന്റെ ലക്ഷ്യങ്ങളിൽ ഒന്നായിരുന്നല്ലോ. മനുഷ്യവർഗ്ഗത്തെ ജാതി-ഉപജാതി ക്രമങ്ങളിൽ തളച്ചിട്ട് ചൂഷണ വിധേയമാക്കാമെന്ന ചാതുർവർണ്യ വ്യാഖ്യാതാക്കളുടെ ഉദ്ദേശത്തെയാണ് ഭക്തി കവികൾ ചോദ്യം ചെയ്യുന്നത്. ജാതി വ്യത്യാസങ്ങളുടെയും മതത്തിന്റെയും പേരിൽ നടക്കുന്ന സാമൂഹിക മർദ്ദനങ്ങളെയും അത് അപലപിക്കുന്നു എന്ന് ഭക്തിപ്രസ്ഥാനത്തിന്റെ നേട്ടങ്ങളെ വിശദീകരിക്കുന്ന സന്ദർഭത്തിൽ കെ ദാമോദരൻ രേഖപ്പെടുത്തുന്നുണ്ട്(1998:442). ഭക്തിവാദികളിൽ എല്ലാവരും തന്നെ ജാതിഭേദചിന്തയ്ക്ക് എതിരായി നിലയുറപ്പിച്ചവരാണ്. ജൻമമല്ല സ്വഭാവമാണ് ജാതി നിർണയത്തിന് അടിസ്ഥാനമെന്ന് അവർ വാദിച്ചു. ജാതിഭേദത്താൽ പൊതുധാരയിൽ നിന്ന് മാറ്റിനിർത്തപ്പെട്ട വലിയൊരു വിഭാഗത്തിന് ആത്മബോധം വളർത്തുന്നതിനുള്ള പ്രധാന ഊർജ്ജമായിരുന്നു ഇത്തരം ചിന്തകൾ. അധഃസ്ഥിതർക്ക് ആത്മനിന്ദയില്ലാതാക്കി ആത്മവിശ്വാസം പകരുന്നതിൽ ഭക്തിപ്രസ്ഥാനത്തിന് ചെറുതല്ലാത്ത പങ്കുണ്ട്. തുളസീദാസിനെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ അധഃസ്ഥിതർക്ക് പ്രതീക്ഷയും ധൈര്യവും പകരാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്ന ധീരേന്ദ്രവർമ്മയുടെ നിരീക്ഷണം നിശ്ചയമായും കീഴാള ജനതയുടെ മുന്നേറ്റ ചരിത്രത്തിന്റെ തുടക്കത്തെ കൂടി ഉൾക്കൊള്ളുന്നുണ്ട്. ഭക്തി സിദ്ധാന്തം തുടർന്നുപോന്ന ജാതി വിമർശനം ജാതിനിരാസ ദർശനത്തെയാണ് ഉയർത്തിപ്പിടിച്ചത്. അതിന്റെ തുടർച്ചയായി വേണം നവോത്ഥാനകാലത്ത് കേരളത്തിൽ ശക്തിപ്രാപിച്ച ജാതിവിരുദ്ധസമരങ്ങളെ നോക്കിക്കാണാൻ.

## 2.2 മതസമത്വവും മാനവികതാബോധവും

ഒരു മതേതര പൊതുമണ്ഡലത്തെ നിർമ്മിക്കുന്നതിൽ ഭക്തിസിദ്ധാന്തം വഹിച്ച പങ്ക് നിർണായകമാണ്. മതവൈരത്തെയും മത്സരത്തെയും നിരുത്സാഹപ്പെടുത്തിക്കൊണ്ടാണ് ഭക്തിപ്രസ്ഥാനം നിലയുറപ്പിച്ചത്. ഭിന്ന മതങ്ങൾ ഈശ്വരനിലേക്കുള്ള ഭിന്ന വഴികളാണെന്ന പ്രചാരണം പ്രബലത നേടിയ സന്ദർഭമായിരുന്നു അത്. ഹിന്ദുക്കളെയും മുസ്ലിങ്ങളെയും തമ്മിൽ അടുപ്പിക്കാനും സാരാംശത്തിൽ മതങ്ങൾ ഭിന്നങ്ങളല്ലെന്നും

കാണിക്കുവാനുള്ള ശ്രമവും ഭക്തി പ്രസ്ഥാനത്തിന് പിന്നിലുണ്ടായി രുന്നതായി താരാചന്ദ് നിരീക്ഷി ച്ചിട്ടുണ്ട്. കബീർദാസിനെ ഹിന്ദു ക്കളും മുസ്ലീങ്ങളും ഒരു പോലെ ഗുരുവായി അംഗീകരിച്ചു എന്നതും ഈ മത സമത്വ ചിന്തയ്ക്ക് തെളിവാ ണ്. മതകേന്ദ്രിതമായ പൗരോഹി ത്യത്തിന് എതിരായാണ് മതസമ ത്വ ആശയം വികസിച്ചത്. ഒരു മതേതര പൊതുമണ്ഡലത്തെ നിർ മ്മിച്ചെടുക്കുന്നതിലേയ്ക്കാണ് ഇത് വളർന്നത്. പൗരോഹിത്യത്തിന്റെ ഭേദചിന്തയ്ക്കും വിഭജിച്ചുകൊണ്ടു ള്ള ആധിപത്യ പ്രവണതയ്ക്കും ബദലായിരുന്നു അത്. എന്നാൽ ആഗോളവത്ക്കരണ ആധുനി കതയിൽ ഇത്തരം മൂല്യങ്ങളെ സൗകര്യപൂർവ്വം കൈയ്യൊഴിഞ്ഞു കൊണ്ട് ആധിപത്യത്തിന്റെയും പ്രത്യയശാസ്ത്രമായി മതത്തെ ഉപയോഗിക്കാനുള്ള ശ്രമങ്ങൾ ക്ക് മേൽകൈ വരുന്നു എന്നത് ഗൗരവത്തോടെ വീക്ഷിക്കേണ്ട സംഗതിയാണ്.ക്ഷേത്രത്തിനു പുറത്തേയ്ക്ക് ഈശ്വരനെ കൊണ്ട് വന്ന്, ബിംബാരാധനയെക്കാൾ മഹത്തരം ഈശ്വര ഭക്തിയാണെ ന്ന് സാമാന്യജനതയെ ബോധ്യ പ്പെടുത്തുന്നതിൽ ഭക്തി സിദ്ധാ ന്തക്കാർ വിജയച്ചു. ഇത് ക്ഷേത്ര കേന്ദ്രിത അധികാരഘടനയ്ക്കും സാമ്പത്തിക ആധിപത്യത്തിനും ഉടച്ചിൽ വരുത്തുന്നതായിരുന്നു. ക്ഷേത്രാചാരപ്രധാനമായ പൂജക ളും ആഘോഷങ്ങളും ചടങ്ങുകളുമല്ല വ്യക്തിയെ ബോധത്തിലേയ്ക്ക് നയി ക്കുന്നത്. മതത്തിന്റെ ഔപചാരിക ഘടകത്തിനും ആരാധനയുടെ ബാഹ്യസ്വഭാവത്തിനും എതിരായ പ്രതിക്ഷേധം ഭക്തിയുടെ ലക്ഷ്യമാ യതുകൊണ്ടാണിങ്ങനെ സംഭവി ക്കുന്നത്. മാനസിക ശുദ്ധീകരണ മാണ് വ്യക്തിയെ സംബന്ധിച്ച് പ്ര ധാനം. ഭൂമിയിലെ മനുഷ്യ ജൻമം മഹത്തരമെന്ന് വിശ്വസിക്കുന്ന ഭക്തിവാദക്കാർ മാനവികതാബോ ധത്തെ ഉയർത്തിപ്പിടിക്കുന്നവരാ യിരുന്നു.അനുഷ്ഠാന ക്രിയകളുടെ ലോകത്തുനിന്നും ദൈവം മനുഷ്യാ നുഭവങ്ങളുടെ തലത്തിലേയ്ക്ക് പരി വർത്തനപ്പെടുന്ന സന്ദർഭമായി വേണം ഇതിനെ കാണാൻ. അത്



പുതിയൊരു മനുഷ്യ ദർശനവും സാമൂഹികനിർമ്മിതിയും ലക്ഷ്യം വയ്ക്കുന്നു. ഈശ്വരന്റെ മുന്നിലെങ്കി ലും മനുഷ്യനും മനുഷ്യനും തമ്മിൽ തുല്യരാണെന്നതാണ് ഭക്തിസി ദ്ധാന്തത്തിന്റെ കേന്ദ്രാശയം. അതു കൊണ്ടു തന്നെ മനുഷ്യ മഹത്വ സങ്കൽപവും അതിനെതിരായി നിലയുറപ്പിക്കുന്ന എല്ലാവിധ യുക്തികൾക്കും എതിരെയുള്ള വിമർശനവും ഒരേ സമയം ഭക്തി സിദ്ധാന്തം പിൻതുടരുന്നുണ്ട്. മാനുഷികതയുടെ പൂർണ്ണതയാണ് ദൈവികത എന്ന പുതിയൊരു ദർശനമാണ് ഭക്തിപ്രസ്ഥാനം ഉയർത്തിപ്പിടിക്കുന്നത്.

## 2.3 ജനകീയ സാഹിത്യവും പ്രാദേശിക ഭാഷാഭിമാനവും

കീഴാളപ്രതിരോധത്തിന്റെ ആയുധ മായി സാഹിത്യം മാറുന്നത് ഭക്തി പ്രസ്ഥാനത്തിന്റെ സന്ദർഭത്തിലാ ണ്. ഒരു ജനത അവരുടെ സ്വത്വ ത്തെയും ഭാഷയെയും സാഹിത്യ ത്തെയും ജീവിത ദർശനത്തെയും വീണ്ടെടുക്കുന്നതിനായി നടത്തിയ പോരാട്ടമായിക്കൂടി ഭക്തിപ്ര സ്ഥാന ചരിത്രത്തെ വായിക്കാം. ഭക്തിയുടെ മുഖ്യപ്രചാരണോപാധി യായി സാഹിത്യം പരിവർത്തന പ്പെട്ടു എന്ന യാഥാർത്ഥ്യം സാഹി ത്യ ചരിത്രങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. വേദാന്തസാരം ഉൾക്കൊള്ളുവാ നുള്ള മേധാശക്തി സാമാന്യ ജന തയ്ക്ക് ഇല്ലെന്ന് അറിഞ്ഞുകൊണ്ടു തന്നെ പുരാണേതിഹാസ കഥക ളുടെ പുനരാഖ്യാനത്തിലൂടെ അത് സാധ്യമാക്കാനുള്ള ശ്രമമാണ് ഭക്തികാവ്യങ്ങളുടെ വളർച്ചയ്ക്ക് സാ ഹചര്യമൊരുക്കിയത്. ജനകീയ കൂട്ടായ്മ എന്ന നിലയിൽ ഉയർന്നു വന്ന ഭക്തിപ്രസ്ഥാനം ജനകീയ സാഹിത്യത്തിന്റേകൂടി വളർച്ചയ്ക്ക് കളമൊരുക്കുകയായിരുന്നു.

പ്രാദേശിക ഭാഷകളുടെ ലാളി ത്യത്തിലേയ്ക്ക് സാഹിത്യത്തെ കൂട്ടിക്കൊണ്ടുവരുവാനുള്ള ശ്രമവും ഇതിന്റെ ഭാഗമായാണ് നടന്നത്. എഴുത്തിന്റെ അധികാരി ആരാ ണെന്ന ചോദ്യവും ഏതു ഭാഷയി ലാണ് എഴുതേണ്ടതെന്ന ചോദ്യവും ഒരുമിച്ചുയരുന്നത് ഈ ഭക്തിബോ ധകാലത്താണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. സംസ്കൃത ഭാഷാ പാണ്ഡിത്യ ഗർവ്വിനെ മറി കടന്ന് സാമാന്യ ജനതയുടെ ഭാശാ ക്രമത്തെ രൂപപ്പെടുത്തി സാഹി ത്യ നിർമ്മിതി നടത്താനുള്ള ശ്രമം ഇതിന്റെ ഭാഗമായിരുന്നു. പ്രാദേ ശിക ഭാഷാ വഴക്കം / നാട്ടുമൊഴി പാരമ്പര്യം സാഹിത്യത്തിൽ പ്രബലത നേടാൻ ഇടയാകുന്ന സന്ദർഭവും ഇതുതന്നെ. അതോടെ ഗൗരവപ്പെട്ട കാര്യങ്ങൾ മലയാ ളഭാഷയ്ക്ക് വഴങ്ങില്ലെന്ന വാദവും ഭാഷാക്കവികളെ അരക്കവികളാ ക്കുന്ന മനോഭാവവും ചോദ്യം ചെ യ്യപ്പെട്ടു.അപ്പോഴേക്കും സംസ്കൃത പണ്ഡിതനായ നമ്പൂതിരിയിൽ നിന്നും ഭാഷാഭിമാനിയായ നമ്പൂ തിരിയിലേയ്ക്ക് (മറ്റു ജാതിയിലേ യ്ക്കും) സാഹിത്യ മണ്ഡലം വഴിമാറി തുടങ്ങിയിരുന്നു. മേൽപ്പത്തൂരും പൂ ന്താനവും തമ്മിൽ നടന്ന ഭാഷായു ദ്ധത്തിന്റെ സാംസ്കാരിക തലം ഇതാണെന്ന് വിലയിരുത്തപ്പെ ട്ടിട്ടുണ്ട്. ചീരാമൻ, കണ്ണശ്ശൻമാർ, ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം തുടങ്ങി എല്ലാ ഭക്തി കവികളും പ്രാദേശിക ഭാഷാ പാരമ്പര്യത്തെ ഉറപ്പിച്ചെടുക്കുന്നത് വിജയം കണ്ട വരാണ്. ചുരുക്കത്തിൽ വരേണ്യ വർഗ്ഗത്തിന്റെ അറിവധികാര മേല്ക്കോയ്മയെ ചോദ്യം ചെയ്യുക മാത്രമല്ല, സാഹിത്യത്തെ ജനകീ യമാക്കുന്നതിലും ഭക്തിവാദക്കാർ തങ്ങളുടേതായ പങ്കു നിർവ്വഹിച്ചി ട്ടുണ്ട്.

# സമകാലീന ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയിലെ മുതലാളിത്ത പ്രതിസന്ധി

**അനിൽ വർമ്മ**
ഗുരുവായൂരപ്പൻ കോളേജ്,
കോഴിക്കോട്



ആഗോള തലത്തിൽ നവലിബറലിസം വലിയ പ്രതിസന്ധിയിലാണ്. ധനകാര്യ അച്ചടക്കത്തിന്റെ (fiscal prudence) പേരിൽ അടിച്ചേല്പിക്കുന്ന ധനകാര്യ മൗലിക വാദം (fiscal fundamentalism) വലിയ വരുമാന ശോഷണമാണ് (income deflation) ജനങ്ങളിൽ വരുത്തുന്നത്. ഈ വരുമാന ശോഷണം ജനങ്ങളുടെ വാങ്ങൽ ശേഷി കുറയ്ക്കും. ഇതാണ് ചോദന പ്രതിസന്ധി.

ഈ പ്രതിസന്ധി പരിഹരിക്കാൻ സർക്കാരിന്റെ ചിലവുകൾ വർധിപ്പിക്കുകയാണ് ചെയ്യേണ്ടത്. അപ്പോൾ ജനങ്ങളുടെ കയ്യിൽ ക്രയവിക്രയത്തിനുള്ള പണം ഉണ്ടാകും. എന്നാൽ ചെലവ് വർധിപ്പിക്കാൻ സർക്കാരുകൾക്ക് സാധിക്കുന്നില്ല. ആഗോള ഫൈനാൻസ് മൂലധനത്തിന് അടിമപ്പെട്ട സർക്കാരുകളെ മുതലാളിത്തം അതിന് സമ്മതിക്കുന്നില്ല. പകരം ചോദന പ്രതിസന്ധി പരിഹരി


ക്കാൻ പലിശ നിരക്ക് കുറച്ചാൽ മതിയെന്നാണ് അവർ കരുതുന്നത്. ചെലവ് കുറഞ്ഞ ലോൺ കൂടുതൽ നൽകി നിക്ഷേപങ്ങൾ വർധിപ്പിച്ചാൽ പ്രതിസന്ധി തരണം ചെയ്യാമെന്ന പോംവഴി യാണ് നവലിബറലിസം സ്വീകരിക്കുന്നത്. എന്നാൽ ഈ വഴിയും ഫലപ്രദമാവുന്നില്ല. യൂറോപ്പിലും അമേരിക്കയിലും പലിശനിരക്ക് ഏറെ കുറച്ചു എങ്കിലും നിക്ഷേപകർക്ക് സാമ്പത്തിക രംഗത്ത് യാതൊരു പ്രതീക്ഷയും ഇല്ലാത്തതിനാൽ പുതിയ നിക്ഷേപങ്ങൾ കടന്നുവരുന്നില്ല. പല സമ്പത് വ്യവസ്ഥകളിലും ഇനി കുറക്കാൻ ബാക്കിയില്ലാത്ത വിധം പലിശനിരക്ക് കുറവാണ്. ബാങ്കുകളിൽ വലിയ നിക്ഷേപങ്ങൾ കെട്ടിക്കിടക്കുകയും ചെയ്യുന്നു. ഇത് ബാങ്കിന് കടുത്ത ബാധ്യത ഉണ്ടാക്കുന്നുണ്ട്. ഈ പണം കൂടുതലായി ഷെയർ മാർക്കെറ്റിലേക്ക് വിൽക്കൽ വാങ്ങലുകൾക്കായി ഉപയോഗിക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ മാറുകയാണ്. ഷെയർ മാർക്കറ്റിലെ വിനിമയങ്ങൾ യഥാർത്ഥ ഉത്പാദനം വർദ്ധിപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ അത്തരം വിനിമയങ്ങൾ ഉത്പാദനോന്മുഖമായ മൂലധന വിനിമയങ്ങൾ ആയി കണക്കാക്കാൻ ആവുകയില്ല. ആഗോള മുതലാളിത്തം മുന്നോട്ട് നീങ്ങാൻ ആവാത്ത വിധത്തിൽ ഒരു പ്രതിസന്ധിയിൽ അകപ്പെട്ടിരിക്കുന്നു. ഉത്പാദനോന്മുഖമായ മൂലധനത്തെ ഈ നവലിബറൽ പ്രതിസന്ധി ഊഹമൂലധന മായി പരിവർത്തനപ്പെടുത്തുകയാണ്.

ഇന്ത്യൻ മുതലാളിത്തവും പ്രതിസന്ധിയിലാണ്. 2008 ലെ അമേരിക്കൻ പ്രതിസന്ധിയിൽ നിന്ന് ഇന്ത്യൻ സാമ്പത്തിക സംവിധാനം രക്ഷപെട്ടു എന്ന് (ഇതിന് ഡെക്കപ്ലിങ് ഹൈപോതെസിസ് എന്നാണ് പറയുക) കരുതിയവർ ഇന്ന് മിണ്ടുന്നില്ല. ഇന്ത്യയുടെ ഇന്നത്തെ ഭരണ നേതൃത്വം ഇന്ത്യൻ - വിദേശ കോർപ്പറേറ്റുകൾക്ക് പ്രിയപ്പെട്ടവരാണ്. അവർ ഒരുമിച്ച് ചേർന്ന് സുശക്തമായ ഒരു ചങ്ങാത്ത മുതലാളിത്ത ചേരി സൃഷ്ടിച്ചിട്ടുണ്ട്. ഈ ചങ്ങാത്ത മുതലാളിത്ത ചേരി സ്ഥിതിസമത്വത്തിനു പ്രാധാന്യം നൽകുന്ന നെഹ്റുവിയൻ കാഴ്ചപ്പാടിനെ മറിച്ചിടുന്നതിനുള്ള ശ്രമത്തിലാണ്. 1930 ശേഷം ഇന്ത്യൻ സമൂഹം കടന്നുപോയ സാമൂഹിക വിപ്ലവ പ്രക്രിയയുടെ ഭാഗമായാണ് നെഹ്റുവിയൻ കാഴ്ചപ്പാട്ഉരുത്തിരിഞ്ഞത്. എല്ലാവർക്കും വോട്ടവകാശം നടപ്പാക്കാനായത്; സാമ്പത്തിക വികസനത്തിന് ഉതകുന്ന വിധത്തിൽ ഏതാനും വ്യക്തികളുടെ കയ്യിൽ സമ്പത്ത് കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാനായത് ; വിഭവങ്ങളുടെ സാമൂഹികമായ ഉപയോഗം ഉറപ്പുവരുത്താനായത്; മതനിരപേക്ഷ - ജനാധിപത്യ ഭരണ സംവിധാനം നടപ്പാക്കിയത് ; ജാതീയമായ , ലിംഗപരമായ തരം തിരിവുകൾക്കു അപ്പുറമുള്ള വിപുലമായ ഭരണ - സ്ഥാപന സംവിധാനങ്ങൾ ഒരുക്കാനായത് എല്ലാം ദേശീയ പ്രസ്ഥാനത്തിൻറെ ഭാഗമായുണ്ടായ ഈ സാമൂഹിക വിപ്ലവ പ്രക്രിയയിലൂടെയാണ്. നമ്മുടെ ഭരണഘടന തന്നെ ഈ സാമൂഹിക വിപ്ലവ പ്രക്രിയയുടെ പരിണിത ഫലമായി ഉണ്ടായതാണ്. എന്നാൽ ഗാന്ധി വധ ത്തോടെ ഒരു സാമൂഹിക പ്രതിവിപ്ലവ നിര രാജ്യത്ത് കർമ്മനിരതമായി. 2014 ഇന്ത്യയുടെ ഭരണം ഫാസിസ്റ്റ് സംഘടനകൾ ഏറ്റ് ഏടുക്കുന്നത് വരെ ഈ പ്രതിവിപ്ലവ പ്രക്രിയ തുടർന്നു . അതായത് ഏകദേശം ഒരു നൂറ്റാണ്ടുകാലത്തെ സാമൂഹിക പ്രതി വിപ്ലവ പ്രക്രിയയുടെ അകെ തുകയാണ് ഇന്നത്തെ ഇന്ത്യൻ ഭരണകക്ഷി. ഫാസിസത്തിന്റെ ജനവിരുദ്ധമായ പാരികല്പനകളെ പിൻപറ്റിയ രാഷ്ട്രീയ നിലപാടുകളുള്ള ഈ പ്രതിവിപ്ലവ ശക്തികൾ നവലിബറലിസത്തിന്റെ ഇന്നത്തെ വക്താക്കളാണ്. അതുകൊണ്ടുതന്നെ മുതലാളിത്തവും നവലിബറലിസവും ഇന്ന് അനുഭവിക്കുന്ന പ്രതിസന്ധി പരിഹരിക്കാൻ ഫാസിസത്തിനും സാധിക്കുന്നില്ല എന്ന് നമ്മൾ തിരിച്ചറിയേണ്ടിയിരിക്കുന്നു. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് സമകാലീന ഇന്ത്യൻ സമ്പത് വ്യവസ്ഥയുടെ പ്രതിസന്ധിയുമായി ബന്ധപ്പെട്ട ചില അടിസ്ഥാന ചോദ്യങ്ങൾ വിശദീകരിക്കുക എന്നതാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

ഇത്തരത്തിലൊരു പ്രതിസന്ധി യാഥാർത്ഥത്തിൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നുണ്ടോ എന്നതാണ് ഏറ്റവും പ്രസക്തമായ ചോദ്യം? ഭരണവർഗം ഇതുപോലെ ഒരു പ്രതിസന്ധി നിലനിൽക്കുന്നുണ്ട് എന്ന് അംഗീകരിച്ച മട്ടില്ല. എന്തുകൊണ്ടാണ് ഇത്തരത്തിലൊരു പ്രതിസന്ധി ഉണ്ടായത് എന്ന് മനസ്സിലാക്കലാണ് രണ്ടാമത്തെ കാര്യം. മൂന്നാമതായി എന്താണ് ഈ പ്രതിസന്ധിയുടെ സ്വഭാവം എന്ന് പരിശോധിക്കാലാണ് . 1930 നു ശേഷം ലോകം വിവിധങ്ങളായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നു പോയിട്ടുണ്ട് . ഈ പ്രതിസന്ധികൾ എല്ലാം തന്നെ മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ കേന്ദ്രങ്ങളിൽ നിന്ന് ആരംഭിച്ച് താഴേക്ക് പടരുകയാണ് ചെയ്തത്. എന്നാൽ ഇന്ത്യയിലെ ഇപ്പോഴത്തെ പ്രതിസന്ധി താഴെ നിന്നും മുകളിലേക്ക് പടരുന്ന ചോദന പ്രതിസന്ധി ആണ്. അഞ്ചാമതായി ഏറ്റവും പ്രധാനപ്പെട്ട ചോദ്യം നമുക്ക് ഈ പ്രതിസന്ധിയെ മറികടക്കാൻ ആവുമോ എന്നുള്ളതാണ് . അതിനുള്ള പോംവഴികളും ഹ്രസ്വമായി പരിശോധിക്കണം.

## മാന്ദ്യങ്ങളിലൂടെ വളരുന്ന മുതലാളിത്തം

ആധുനിക സാമ്പത്തിക മാന്ദ്യങ്ങളുടെ ചരിത്രം ആരംഭിക്കുന്നത് 1930 കളിലെ മഹാ മാന്ദ്യത്തോടെ ആണെന്ന് പറയാം. മഹാ മാന്ദ്യത്തിനു ശേഷം ചെറുതും വലുതുമായ നിരവധി സാമ്പത്തിക പ്രതിസന്ധികൾ ലോകസമ്പദ് വ്യവസ്ഥകളെ ബാധിച്ചിട്ടുണ്ട്. മഹാ മാന്ദ്യം ക്ലാസ്സിക്കൽ ധനശാസ്ത്ര പരികല്പനകളെ അപ്രസക്തമാക്കി. വിഭവങ്ങൾ പൂർണമായി ഉത്പാദനത്തിന് ഉപയോഗിക്കുന്നു എന്ന ഒരു ധാരണയിലാണ് ക്ലാസിക്കൽ ധനതത്വശാസ്ത്രം അതിന്റെ സിദ്ധാന്തങ്ങൾ മുന്നോട്ട് വച്ചത്. ഉയർന്ന വേതനം ലാഭം കുറക്കുമെന്ന് ക്ലാസിക്കൽ ധനശാസ്ത്രം വിശ്വസിച്ചു. തൊഴിലിനെ പൂർണമായി ഉത്പാദനത്തിന് ഉപയോഗിക്കുമ്പോൾ ഉയരുന്ന വേതനം മുതലാളിക്ക് കുറഞ്ഞ ലാഭം ലഭിക്കാൻ




കാരണമാകും. കുറയുന്ന ലാഭം സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നു എന്ന വാദമാണ് ക്ലാസ്സിക്കൽ ധന ശാസ്ത്രം മുന്നോട്ട് വച്ചത്. ഈ പ്രതിസന്ധി സദാ സന്തുലിതമായ സമ്പദ് വ്യവസ്ഥയിൽ നിന്നുമുള്ള ഒരു ചെറിയ വ്യതിചലനം ആണെന്നും ക്ലാസ്സിക്കൽ ധന ശാസ്ത്രം വിഭാവനം ചെയ്യുന്നു. അതായത് ദീർഘ കാലയളവിൽ സർക്കാരിന്റെ സഹായം ഇല്ലാതെ കമ്പോളം തന്നെ പ്രതിസന്ധി സ്വയം പരിഹരിച്ച് കൊള്ളും എന്നാണ് വാദം. 30 കളിലെ മഹാമാന്ദ്യം ഈ വാദത്തെ പൊളിച്ചടുക്കി. തൊഴിൽ നഷ്ടവും ഉത്പാദന കുറവും മൊത്തം ചോദനത്തിൽ കുറവ് വരുത്തി. കെട്ടിക്കിടന്ന സാധങ്ങൾ കുറഞ്ഞ വിലക്ക് വിറ്റഴിച്ച മുതലാളിമാർ നഷ്ടത്തിൽ ആയി. പുതിയ നിക്ഷേപങ്ങൾ നടത്താൻ മുതലാളിമാർ വിമുഖത കാണിച്ചു. അവരുടെ പ്രതീക്ഷകൾ തകർന്നതാണ് കാരണം. തകർന്നു വീഴാൻ പോകുന്ന ഒരു കെട്ടിടത്തിന് ചുവട്ടിൽ ആരും പുതിയ പുതിയ കാർ കാർ പാർക്ക് ചെയ്യാൻ ഇഷ്ടപ്പെടുകയില്ല. അതുപോലെതന്നെ സ്വകാര്യ നിക്ഷേപകർക്ക് നഷ്ട സാധ്യത തോന്നുന്ന സമ്പദ് വ്യവസ്ഥയിൽ അവർ നിക്ഷേപിക്കാൻ ഇഷ്ടപ്പെട്ടില്ല.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകത്തിലെ ചില സമ്പദ് വ്യവസ്ഥകളിൽ വലിയ സാമ്പത്തിക അഭിവൃദ്ധി ഉണ്ടായി. വിഖ്യാത മുതലാളിത്ത സാമ്പത്തിക വിദഗ്ധൻ ആയിരുന്ന ജോൺ മെയ്നാർഡ് കെയിൻസിന്റെ നയങ്ങൾ നടപ്പാക്കിയതാണ് ഇതിനു കാരണം. നിക്ഷേപം നടത്താൻ മടിച്ച് നിൽക്കുന്ന സ്വകാര്യ നിക്ഷേപകർക്ക് പകരം സർക്കാർ മുതൽമുടക്കണം എന്ന് കെയിൻസ് അഭിപ്രായപെട്ടു. ഇത് സമ്പദ്വ്യവസ്ഥയിലെ മൊത്തം ചോദനം ഉയർത്തും. സമ്പത്ത് വ്യവസ്ഥയെ വളർച്ചയുടെ പാതയിലേക്ക് തിരിച്ചു കൊണ്ടുവരാൻ ഇത് ഉപകരിക്കും. ഈ അഭിവ്യദ്ധിക്ക് അന്ത്യം കുറിച്ചത് 1974 – 75 കാലയളവിൽ ഉത്പാദന മുരടിപ്പും തോഴിലില്ലായ്മയും കൂടിച്ചേർന്ന സ്റ്റാഗ് ഫ്ലേഷൻ എന്ന പ്രതിസന്ധി ആണ്. ഈ ഉത്പാദന മുരടിപ്പും വിലക്കയറ്റവും സമ്പത്ത് വ്യവസ്ഥകളെ തകർത്തു. അഭിവൃദ്ധിക്ക് കാരണമായ കെയിൻസിന്റെ സിദ്ധാന്തങ്ങൾ നയരൂപീകരണ രംഗത്ത് അപ്രസക്തമായി. സ്റ്റാഗ് ഫ്ലേഷൻ മുതലാളിത്തം കടന്നുപോകുന്ന ചാക്രിക പ്രക്രിയകളുടെ സൈദ്ധാന്തിക അവലോകനങ്ങളെ കൂടുതൽ സജീവമാക്കി.

70 കളിലെ മാന്ദ്യത്തെ  ക്ലാസിക്കൽ ധന ശാസ്ത്രത്തിൻറെ വീക്ഷണകോണിൽ നിന്നും ചില സാമ്പത്തിക വിദഗ്ധർ വിശകലനം ചെയ്തു . വേതനത്തിൽ ഉണ്ടാക്കുന്ന




വർദ്ധനവ് മുതലാളിമാരുടെ ലാഭത്തിൽ വരുത്തുന്ന കുറവാണ് പ്രതിസന്ധിയുടെ മൂലകാരണം എന്ന് അവർ വാദിച്ചു. 1974 ല്റാഫോർഡ് ബോഡിയും ജെയിംസ് ക്രോട്ടി യും ചേർന്ന് നടത്തിയ വിശകലനം മുതലാളിത്ത സമ്പത്ത് വ്യവസ്ഥകളുടെ പ്രതിസന്ധിയെ സംബന്ധിച്ച് പ്രധാനപ്പെട്ട ചില നിഗമനങ്ങളിൽ എത്തി . അഭിവൃദ്ധി യുടെ നാളുകളിൽ തൊഴിൽ ചിലവും വേതനവും മൊത്തം ഉത്പാദനത്തിന്റെ ഒരു അനുപാതം എന്ന നിലയിൽ വളരെ കൂടുതൽ ആയിരിക്കും എന്നവർ കണ്ടെത്തി. അതുകൊണ്ടു തന്നെ മൊത്തം ഉത്പാദനത്തിൽ ലാഭവിഹിതം കുറയും എന്നവർ വാദിച്ചു . പിന്നീട് ഉണ്ടാകുന്ന പ്രതിസന്ധിക്ക് ഇതാണ് കാരണം എന്നും അവർ കണ്ടെത്തി. മാത്രമല്ല മുതലാളിത്ത ഉത്പാദനരംഗത്ത് എല്ലാ വിഭവങ്ങളുടെയും പൂർണ മായ ഉപഭോഗം എന്നുള്ളത് ഒരിക്കലും സാധ്യമാകാത്ത കാര്യമാണ്. വിഭവങ്ങളുടെ പൂർണ ഉപയോഗം വേദനം വർദ്ധിപ്പിക്കുകയും മുതലാളി വർഗത്തിൻറെ ലാഭത്തിൽ കുറവ് വരുത്തുകയും ചെയ്യും. അതുകൊണ്ടുതന്നെ വിഭവങ്ങളുടെ പൂർണ ഉപയോഗത്തോട് മുതലാളി വർഗ്ഗത്തിന് എതിർപ്പ് ഉണ്ടാകുന്നത് സ്വാഭാവികമാണ്.

ഈ കാഴ്ചപ്പാട് ഹോളണ്ടിലെ മാർക്സിയൻ സാമ്പത്തിക ശാസ്ത്രജ്ഞനായ മൈക്കിൾ കലെസ്കിയുടെ വാദഗതികളിൽ നിന്ന് വ്യത്യസ്തമാണ്.  മുതലാളി വർഗ്ഗത്തിന്നങ്ങളുടെ ഉൽപ്പന്നങ്ങളുടെ പരിപൂർണ്ണമായ വില നിർണയാവകാശം ഉണ്ട്. സംഘടിച്ച തൊഴിൽ ശക്തിയുടെ വിലപേശൽ കഴിവിനെ നിഷ്പ്രഭമാക്കാൻ പര്യാപ്തമായ വില നിർണയാവകാശം  മുതലാളി വർഗ്ഗത്തിന്ഉണ്ട് എന്നാണ് കലെസ്കി അഭിപ്രായപ്പെട്ടത്. അതുകൊണ്ടുതന്നെ സർക്കാർ ചിലവുകൾ വർധിപ്പിച്ച് വിഭവങ്ങളുടെ പരിപൂർണ്ണ ഉപയോഗം ഉറപ്പാക്കുന്നതിൽ നിന്നും സർക്കാറുകൾ പിന്തിരിയാണുള്ള ഏക കാരണം ബൂടിയും ക്രൊട്ടിയും പറഞ്ഞതുപോലെ സാമ്പത്തിക ശാസ്ത്ര പരമല്ല മറിച്ച് രാഷ്ട്രീയ പരമാണ് എന്നാണ്  കലെസ്കി അഭിപ്രായപ്പെട്ടത്. ഭരണകൂടങ്ങൾ രാജ്യത്തിലെ മുതലാളി വർഗ്ഗത്തിന്റെ താൽപര്യങ്ങൾ മാത്രം സംരക്ഷിക്കുന്ന തിനാലാണ്ഇങ്ങനെ സംഭവിക്കുന്നത്.

80 കളിൽ ബ്രിട്ടനിൽ മാർഗ്രട്ട്താച്ചറും അമേരിക്കയിൽ റൊണാൾഡ് റീഗനും നടപ്പാക്കിയ തീവ്ര വലതുപക്ഷ പരിഷ്കാരങ്ങൾ ഊഹമൂലധന കമ്പോളങ്ങൾക്ക്പുത്തൻ ഉണർവ്വ് പ്രദാനം ചെയ്തു. അമേരിക്കയിലെ ചിക്കാഗോ സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര വിദഗ്ധനും ചിലിയിലെ പട്ടാള ഭരണാധികാരി പിനോഷെയുടെ സാമ്പത്തിക ഉപദേശകനും ആയിരുന്ന മിൽട്ടൺ ഫ്രീഡ്മാന്റെ നേതൃത്വത്തിൽ  സാമ്പത്തിക ശാസ്ത്രം ക്ലാസ്സിക്കൽ ധനശാസ്ത്രത്തിൻെറ സ്വതന്ത്ര കമ്പോള വാദത്തെ വീണ്ടെടുത്തു. കെയിൻസ് നുൻപുള്ള ക്ലാസിക്കൽ ധനശാസ്ത്രം കണ്ടെത്തിയത് പോലെ പ്രതിസന്ധികൾ ഉണ്ടാവാനുള്ള പ്രധാന കാരണം സമ്പത്ത് വ്യവസ്ഥയിലെ സര്ക്കാര് ഇടപെടൽ ആണെന്ന വലത് കാഴ്ചപ്പാടിന് മേൽകൈ ലഭിച്ചു. ബദലുകൾ ഇല്ല എന്ന പ്രചാരണത്തോടെ ഇന്ത്യയിലും നടപ്പാക്കിയ ഈ നവ ലിബറൽ നയങ്ങൾ ആണ് നമ്മുടെ രാജ്യത്ത് ഇന്ന് കാണുന്ന സാമ്പത്തിക പ്രതിസന്ധിയുടെ മൂലകാരണം.

70 കളിൽ അമേരിക്കൻ സമ്പത്ത് വ്യവസ്ഥ യുടെ ഇറക്കുമതി ദീർഘകാലം അതിന്റെ കയറ്റുമതി യേക്കാൾ കൂടുതൽ ആയിരുന്നു. ഈ വ്യാപാര കമ്മി യൂറോപ്പിലെയും മറ്റുമുള്ള ബാങ്കുകളിൽ ഡോളർ നിക്ഷേപങ്ങൾ കുമിഞ്ഞു കൂടുന്നതിന് ഇടയാക്കി. ഇതോടൊപ്പം OPEC രാജ്യങ്ങൾ എണ്ണ വിറ്റ് കിട്ടിയ പണം ഈ ബാങ്കുകളിൽ നിക്ഷേപിച്ചു. ഭീമമായ ഈ മൂലധനം കൈവശം വച്ച ബാങ്കുകൾക്കും അതിലെ നിക്ഷേപകർക്കും ഈ പണം അവരവരുടെ സ്വന്തം രാജ്യത്തിനു ഉള്ളിൽ നിക്ഷേപം നടത്തി അതിൽ നിന്ന് ലഭിക്കുന്ന പരിമിതമായ ലാഭം പോര എന്ന് തോന്നി തുടങ്ങി.  രാജ്യങ്ങൾ തമ്മിലുള്ള മൂലധന കൈമാറ്റം സുഗമ മാക്കുന്ന വിധത്തിൽ മൂലധന കൈമാറ്റ നിയന്ത്രണങ്ങൾ എടുത്തുകളയണമെന്ന് ആദ്യം വാദിച്ചത് ഇവരാണ്. യഥാർത്ഥത്തിൽ മൂലധനത്തിന്റെ അന്താരാഷ്ട്ര വ്യാപനം എന്ന ആശയത്തിന് കെയിൻസ് എതിരായിരുന്നു. മൂലധനം ഒരു രാഷ്ട്രത്തിന് ഉള്ളിൽ തന്നെ ആണ് നിക്ഷേപിക്കേണ്ടത് എന്ന അഭിപ്രായമായിരുന്നു അദ്ദേഹത്തിന്. മൂലധനം രാഷ്ട്രത്തിന് അകത്ത് സർക്കാർ മേൽനോട്ടത്തിൽ നിക്ഷേപത്തിന് ഉപയോഗിക്കുമ്പോൾ മാത്രമേ സാമ്പത്തിക അഭിവൃദ്ധിക്ക് ഉപയോഗിക്കാൻ ആകുകയുള്ളൂ എന്നാണ് കെയിൻസ് വാദിച്ചത്. ആ അർത്ഥത്തിൽ കെയിൻസ് ഉത്പാദനമൂലധനത്തിനാണ് പ്രാധാന്യം നൽകിയത്.

രാജ്യങ്ങൾ തമ്മിലുള്ള മൂലധന കൈമാറ്റത്തിന്റെ വിലക്കുകൾ ഉദാരീകരിക്കപ്പെട്ടു. ഇതോടെ ഊഹ മൂലധന കൈമാറ്റത്തിന് ഏറെ

പ്രാധാന്യം ലഭിച്ചു . ഇതോടെ കാര്യങ്ങൾ മാറിമറിഞ്ഞു. ഊഹ മൂലധനത്തിന് പ്രാധാനം ലാഭം മാത്രമാണ്. ഭരണകൂടങ്ങൾക്ക് സമ്പദ് വ്യവസ്ഥയിൽ ഉള്ള സ്വാധീനം ഊഹമൂലധനത്തിന് ഇഷ്ടമുള്ള കാര്യമല്ല. ഭരണകൂടങ്ങൾ ഇത്തരം മൂലധന നിക്ഷേപത്തിന് ഉതകുന്ന വിധത്തിൽ അതിന്റെ ആഭ്യന്തര നയ രൂപീകരണം നടത്തണം. അന്താരാഷ്ട്ര ഫൈനാൻസ് മൂലധനത്തിന് അതൃപ്തി ഉണ്ടാകുന്ന വിധത്തിൽ നയരൂപീകരണം നടത്തിയാൽ/ സമ്പദ് വ്യവസ്ഥയിൽ സർക്കാർ ഇടപെടൽ നടത്തിയാൽ മൂലധനം പിൻവലിക്കപ്പെടുകയും അത് നിക്ഷേപിക്കപ്പെട്ട രാജ്യങ്ങളിൽ വലിയ സാമ്പത്തിക പ്രതിസന്ധി രൂപപ്പെടുകയും ചെയ്യും. ഇന്ത്യയിലെ ഭരണകൂടവും അന്താരാഷ്ട്ര ഫൈനാൻസ് മൂലധനത്തിന്റെ ചൊൽ പടിയിൽ ആണ്. നിക്ഷേപ സൗഹൃദ അന്തരീക്ഷം ഒരുക്കിയും രാജ്യത്തെ പൊതുമേഖലയെ വിറ്റ് തുലച്ചും കോർപ്പറേറ്റുകൾക്ക് നിർലോഭം സഹായങ്ങൾ നൽകിയും സാമൂഹിക സുരക്ഷാ ചെലവ് അടക്കം സർക്കാർ ഇടപെടലുകൾ വെട്ടിക്കുറച്ചും ഇന്ത്യൻ ഭരണകൂടം അന്താരാഷ്ട്ര ഫൈനാൻസ് മൂലധനത്തോടുള്ള അതിന്റെ വിധേയത്വം വേണ്ടതുപോലെ പാലിച്ച് പോരുകയാണ്.

## ഇന്ത്യയിൽ പ്രതിസന്ധി ഉണ്ടോ?


വാഹന വിപണി മുതൽ നിത്യോപയോഗ സാധനങ്ങൾ വരെ വിപണിയിൽ വിറ്റ് പോകാത്ത സാഹചര്യമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്.യാത്രാ വാഹനങ്ങൾ, ട്രക്കുകൾ ട്രാക്ടറുകൾ ഇരുചക്ര വാഹനങ്ങൾ തുടങ്ങി വ്യോമയാന സംവിധാനം വരെ പൂജ്യത്തിനു താഴെ വളർച്ച രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ കൺസ്യൂമർ വസ്തുക്കളുടെയും വിപണനത്തിലും ഇടിവ് സംഭവിച്ചിട്ടുണ്ട്. റെയിൽ വഴിയുള്ള ഉത്പന്ന നീക്കം കഴിഞ്ഞ ഏഴു വർഷക്കാലം രേഖപ്പെടുത്തിയ ഏറ്റവും താഴ്ന്ന നിരക്കിലാണ്. കഴിഞ്ഞ എട്ടുവർഷക്കാലമായി വിറ്റു പോകാത്ത കെട്ടിടങ്ങളുടെ എണ്ണം റിയൽ എസ്റ്റേറ്റ് മേഖലയെ മുരടിപ്പിലാക്കുന്നു. ഇന്ത്യയുടെ ഭരണനേതൃത്വം നമ്മുടെ സമ്പദ് വ്യവസ്ഥയിൽ ഇത്തരത്തിലൊരു പ്രതിസന്ധി നിലനിൽക്കുന്നില്ല എന്ന അഭിപ്രായമാണ് പ്രകടമാക്കിയത് . 1980 കൾക്കു ശേഷം ജനിച്ച ആളുകൾ കൾ വാഹനങ്ങൾ വാങ്ങുന്നതിനു പകരം ടാക്സി ഉപയോഗിക്കുന്നത് കൊണ്ടാണ് രാജ്യത്ത് വാഹന വിപണിയിൽ വലിയ തകർച്ച നേരിടുന്നത് എന്നും മറ്റുമുള്ള തോട്ട ഞ്യായങ്ങൾ ഇതിന് ഉദാഹരണമാണ്. ഒരു പ്രതിസന്ധി ഉണ്ടായാൽ അത് പരിഹരിക്കാൻ ഏറ്റവും ആദ്യം വേണ്ടത് അത്തരത്തിലൊരു പ്രതിസന്ധിയുണ്ട് എന്ന് അംഗീകരിക്കലാണ്. അങ്ങനെ അംഗീകരിച്ചാൽ മാത്രമേ നാം പിന്തുടർന്നുവന്ന സാമ്പത്തിക നയത്തെ സംബന്ധിച്ച് സത്യസന്ധമായ സ്വയം വിമർശനാത്മകമായി അവലോകനം നടത്താൻ ആവുകയുള്ളൂ. പ്രശ്നങ്ങൾ തിരിച്ചറിയാനും അത് പരിഹരിക്കാനും ഈ സ്വയം വിമർശനാത്മകമായ പരിശോധനയിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. അങ്ങനെയൊരു പ്രതിസന്ധി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നില്ല എന്ന് പുറമേ നടിക്കുമ്പോഴും ധനമന്ത്രി മൂന്ന് സാമ്പത്തിക ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. ഓഗസ്റ്റ് 23-ന് പ്രഖ്യാപിച്ച ഒന്നാമത്തെ ഉത്തേജക പാക്കേജിൽ വിദേശ നിക്ഷേപങ്ങൾക്ക് ഏർപ്പെടുത്തിയിരുന്ന സർ ചാർജ് പിൻവലിക്കാനും പശ്ചാത്തല സൗകര്യ വികസനത്തിനായി നൂറുകോടി രൂപ ചിലവഴിക്കാനും 70 കോടി നൽകി ബാങ്കുകൾ റീ കാപ്പിറ്റലൈസ്ചെയ്യാനും തീരുമാനിച്ചു. വാഹന നിർമ്മാണ മേഖലയെ പരിപോഷിപ്പിക്കാൻ ആയി ചിലവ് കുറഞ്ഞ ലോണുകൾ നൽകാൻ തീരുമാനിച്ചു . പ്രതിസന്ധിയിലായ വാഹന വിപണിയിൽ നിന്നും സർക്കാർ കൂടുതൽ വാഹനങ്ങൾ വാങ്ങും . കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി നിബന്ധനകൾ ലഘൂകരിക്കും എന്നും തീരുമാനിച്ചു. ഓഗസ്റ്റ് 30ന് രണ്ടാമത്തെ പാക്കേജ് പുറത്ത് വന്നു. കൽക്കരി ഖനനം കോൺടാക്ട് മാനുഫാക്ച്റിങ് ഡിജിറ്റൽ മീഡിയ തുടങ്ങിയ മേഖലകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ വ്യവസ്ഥകൾ ഉദാരമാക്കി. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റിയുടെ ഭാഗമായി 30% വിഭവങ്ങൾ ആഭ്യന്തരമായി കണ്ടെത്തണമെന്ന നിയമം ലഘൂകരിച്ചു. രാജ്യത്തെ പ്രധാനപ്പെട്ട പൊതുമേഖലാ ബാങ്കുകൾ ഒരുമിച്ച് ചേർത്ത് കൊണ്ട് 12 പൊതുമേഖലാ ബാങ്കുകൾ എന്ന രീതിയിലേക്ക് ചുരുക്കാനും തീരുമാനിച്ചു. സപ്തംബർ 30ന് മൂന്നാമത്തെ പാക്കേജ് പുറത്ത് വന്നു.രാജ്യത്തെ കോർപ്പറേറ്റുകളുടെ നികുതി 30 ശതമാനത്തിൽ നിന്നും 22 ശതമാനം ആയി കുറക്കുന്നതായിരുന്നു ഏറ്റവും വലിയ തീരുമാനം. ജി എസ് ടി യുടെ നികുതി വരുമാനത്തിൽ വന്ന കുറവ് പരിഹരിക്കാനായി അടിയന്തരമായി നടപടികൾ കൈക്കൊള്ളും എന്നും ചില ഉത്പന്നങ്ങളിടെ പരോക്ഷ നികുതിയിൽ സുപ്രധാന മാറ്റങ്ങൾ വരുത്തുമെന്നും സപ്തംബർ 30ന് പ്രഖ്യാപിച്ച പാക്കേജ് പ്രസ്താവിക്കുകയുണ്ടായി.

ഈ മൂന്ന് പാക്കേജുകളും നമ്മുടെ രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ ഉതകുന്നത് അല്ല എന്ന് മാത്രമല്ല അത്തരമൊരു പ്രതിസന്ധിയെ ദീർഘകാലയളവിൽ കൂടുതൽ വിപുലവും ആഴത്തിലുള്ളതും ആയി മാറ്റാൻ പര്യാപ്തമായതാണ് എന്നു കൂടി മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഈ ഉത്തേജന പാക്കേജുകൾ അസമത്വം വർധിപ്പിക്കുകയും സമ്പത് വ്യവസ്ഥയുടെ പ്രവർത്തനങ്ങളെ ഊഹമൂലധനത്തിന്റെ ചൊൽപ്പടിക്ക് വിധേയമാക്കുകയും ചെയ്യും. നൂറ്റാണ്ടുകാലത്തെ സാമൂഹിക പ്രതിവിപ്ലവ പ്രക്രിയയുടെ ഫലമായി അധികാരത്തിലെത്തിയ ഈ സർക്കാരിൽ നിന്നും മറിച്ച് ഒന്നും പ്രതീക്ഷിക്കുന്നത്തിൽ അർത്ഥമില്ല എന്ന് തന്നെയാണ് ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ഈ ഉത്തേജന പാക്കേജുകളുടെ ഒരു ഹ്രസ്വ അവലോകനം താഴെ പട്ടികയിൽ നിന്ന് വ്യക്തമാണ്.

## പട്ടിക 1. സാമ്പത്തിക ഉത്തേജക പാക്കേജ്– ഒരു അവലോകനം

| പാക്കേജ് | നടപടി | ഫലം |
|---|---|---|
| ഓഗസ്റ്റ് 23 | വിദേശ നിക്ഷേപങ്ങൾക്ക് ഏർപ്പെട്ടുത്തിയിരുന്ന സർ ചാർജ് പിൻവലിച്ചു | കൂടുതൽ വിദേശ നിക്ഷേപം – ഊഹ മൂലധന കൈമാറ്റ വിപണി സജീവമാകും. യഥാർത്ഥ ഉത്പാദന മേഖലയ്ക്ക് നേട്ടമില്ല. |
| | പശ്ചാത്തല സൗകര്യ വികസനത്തിനായി നൂറുകോടി രൂപ | എങ്ങനെ ചിലവഴിക്കുമെന്നെ വ്യക്തമല്ല. ഇതിനുള്ള പണം, സ്ഥലം ഏറ്റെടുപ്പ് രീതി, നിർമാണ ചുമതല തുടങ്ങിയ കാര്യങ്ങൾ അവ്യക്തം. |
| | 70 കോടി നൽകി ബാങ്കുകൾ റീ കാപ്പിറ്റലൈസ്ചെയ്യും | നികുതി പണം എടുത്ത് നഷ്ടം വരുത്തിയ ബാങ്കുകളെ റീ കാപ്പിറ്റലൈസ് ചെയ്യുന്നത് ഇതു സാമ്പത്തിക സിദ്ധാന്തമാണ്? കമ്പോളയുക്തി പാലിക്കാതെയുള്ള നടപടി. വലിയ കോർപ്പറേറ്റുകൾ പശ്ചാത്തല സൌകര്യ വികസനത്തിനായി പൊതുമേഖലാ ബാങ്കുകളിൽ നിന്ന് എടുത്ത ലോൺ, നീരവ് മോഡിയും വിജയ് മല്യയുമെല്ലാം കവർന്നുകൊണ്ടുപോയ പൊതുമേഖലാ ബാങ്കുകളുടെ പണം, ഇതൊന്നും തിരിച്ച് പിടിക്കാനുള്ള കഴിവ് സർക്കാരിനില്ല. |
| | വാഹന നിർമ്മാണ മേഖലയെ പരിപോഷിപ്പിക്കാൻ ആയി ചിലവ് കുറഞ്ഞ ലോണുകൾ നൽകാൻ തീരുമാനിച്ചു | അമേരിക്കയിലെ പ്രതിസന്ധി ഭവന മേഖലയിൽ ചെലവ് കുറഞ്ഞ ലോൺ നല്കിയതിനെ തുടർന്ന് ഉണ്ടായതാണ്. |
| | കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി നിബന്ധനകൾ ഉദാരമാക്കി | നവ ലിബറലസത്തിന്റെ ആസുരകാലത്ത് ഏതെങ്കിലും ചെറിയ രീതിയിൽ പുനർവിതരണം സാധ്യമായിരുന്ന ഒരു മേഖല കൂടി ഇല്ലാതെയാക്കുന്നു. |
| ഓഗസ്റ്റ് 30 | കൽക്കരി ഖനനം, കോൺടാക്ട് മാനുഫാക്ചറിങ്, ഡിജിറ്റൽ മീഡിയ തുടങ്ങിയ മേഖലകളിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന്റെ വ്യവസ്ഥകൾ ഉദാരമാക്കി | ഉദാരമായ നേരിട്ടുള്ള വിദേശ നിക്ഷേപം ഇന്ത്യൻ നിർമാണ മേഖലയെ പൂർണ്ണമായി വിദേശ സംരംഭകരെ കൊണ്ട് നിറയ്ക്കും. |
| | കോർപ്പറേറ്റ് സോഷ്യൽ റെസ്പോണ്സിബിലിറ്റി യുടെ ഭാഗമായി 30% വിഭവങ്ങൾ ആഭ്യന്തരമായി കണ്ടെത്തണമെന്ന നിയമം ലഘൂകരിച്ചു | നവ ലിബറലസത്തിന്റെ ആസുരകാലത്ത് ഏതെങ്കിലും ചെറിയ രീതിയിൽ പുനർവിതരണം സാധ്യമായിരുന്ന ഒരു മേഖല കൂടി ഇല്ലാതെയാക്കുന്നു. |
| | രാജ്യത്തെ പ്രധാനപ്പെട്ട പൊതുമേഖലാ ബാങ്കുകൾ ഒരുമിച്ച് ചേർത്ത് കൊണ്ട് 12 പൊതുമേഖലാ ബാങ്കുകൾ എന്ന രീതിയിലേക്ക് ചുരുക്കാനും തീരുമാനിച്ചു | ഈ നടപടി എങ്ങിനെയാണ് ചോദന പ്രതിസന്ധി മറികടക്കാൻ ഉപകരിക്കുക എന്ന് വ്യക്തമല്ല. |
| സപ്തംബർ 30 | രാജ്യത്തെ കോർപ്പറേറ്റുകളുടെ നികുതി 30 ശതമാനത്തിൽ നിന്നും 22 ശതമാനം ആയി കുറച്ചു. | ഇത് ഖജനാവിന് 1.45 ലക്ഷം കോടിയുടെ നഷ്ടം ഉണ്ടാക്കും. രാജ്യത്തെ 1000 രജിസ്റ്റേഡ് കോർപ്പറേറ്റുകൾക്ക് 37000 കോടി രൂപയുടെ ലാഭം ഉണ്ടാക്കും.<br><br>(ക്രിസിൽ എന്ന റേറ്റിങ് ഏജൻസി) തൊഴിലാളികളെ അവഗണിച്ച് ധനികരെ പ്രീണിപ്പിക്കുന്ന ചങ്ങാത്ത മുതലാളിത്ത നടപടി. |
| | ജി എസ് ടി യുടെ നികുതി വരുമാനത്തിൽ വന്ന കുറവ് പരിഹരിക്കാനായി അടിയന്തരമായി നടപടികൾ കൈക്കൊള്ളും | ഇന്ത്യന് ഫെഡറലിസത്തിന്റെ കടക്കൽ കത്തിവെച്ച ഒരു രാജ്യം ഒരു നികുതി എന്ന ജി എസ് ടി പിഴവുകൾ ഉള്ളതാണ് എന്ന കുറ്റസമ്മതം. |
| | ചില ഉത്പന്നങ്ങളിടെ പരോക്ഷ നികുതിയിൽ സുപ്രധാന മാറ്റങ്ങൾ വരുത്തുമെന്നും സപ്തംബർ 30ന് പ്രഖ്യാപിച്ച പാക്കേജ് പ്രസ്താവിക്കുകയുണ്ടായി | പരോക്ഷ നികുതിവരുമാനത്തിൽ ഉണ്ടായ ഇടിവ് പരിഹരിക്കാൻ അപര്യാപ്തം. |

നമ്മുടെ രാജ്യത്ത് ഇത്തരത്തിൽ ഒരു സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നു എന്ന് നിസംശയം പറയാൻ സാധിക്കുന്നത് എന്തു കൊണ്ടാണ് . കാർഷിക മേഖല, വ്യാവസായിക മേഖല, ചെറുകിട വ്യവസായ മേഖല, വൻകിട ഉല്പാദന മേഖലകൾ, തൊഴിൽമേഖല, ബാങ്കിംഗ് മേഖല, വിദേശ വ്യാപാര മേഖല തുടങ്ങി സമ്പത്ത് വ്യവസ്ഥയുടെ എല്ലാ മേഖലകളും ഉൽപാദന മുരടിപ്പും തൊഴിൽ മുരടിപ്പും നേരിട്ടുകൊണ്ടിരിക്കുകയാണ്. സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ 2019 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദത്തിൽ രേഖപ്പെടുത്തിയ വളർച്ചാ നിരക്ക് 5 % ആണ്. 2018 -19 ഒന്നാം പാദത്തിൽ ഇത് 7 ശതമാനത്തിനു അടുത്തായിരുന്നു. ഇത് കഴിഞ്ഞ 6 വർഷക്കാലത്തെ ഏറ്റവും കുറഞ്ഞ വളർച്ചനിരക്ക് ആണ് . മൊത്തം മൂല്യ വർദ്ധനവിന്റെ വളർച്ചാ നിരക്ക് 2016 -17 ലെ ഒന്നാം പാദത്തോടുകൂടി തന്നെ കുറഞ്ഞുവരുന്നതായി കാണാം (ചിത്രം കാണുക)




ഒരു സമ്പദ്‌വ്യവസ്ഥയിലെ മൊത്തം ചോദനം എന്നത് രാജ്യത്തെ ജനങ്ങളുടെയും സർക്കാരിന്റെയും ഉപഭോഗം ജനങ്ങളുടെയും സർക്കാരിന്റെയും നിക്ഷേപം എന്നിവയുടെ തുകയാണ്. മൊത്തം ചോദനത്തിലെ എല്ലാ ഘടകങ്ങളിലും കുറവ് സംഭവിച്ചിരിക്കുന്നതായി 2019 -20 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദ ത്തിലെ കണക്കുകൾ വ്യക്തമാക്കുന്നു. 2018 ലെ ഒന്നാം പ്പാദത്തിൽ മൊത്തം ആഭ്യന്തര ഉപഭോഗത്തിന്റെ വളർച്ചനിരക്ക് 7.3 ശതമാനം ആയിരുന്നുവെങ്കിൽ ഇന്നത് കേവലം 3.1 ശതമാനം മാത്രമാണ്. മൊത്തം നിക്ഷേപവളർച്ച കഴിഞ്ഞ വർഷത്തെ ഇതേകാലയളവിൽ 13.3 % ആയിരുന്നു എങ്കിൽ ഇന്നത് കേവലം 4 % ആയിരുന്നു. പ്രധാനപ്പെട്ട മാനുഫാക്ച്ചറിങ് മേഖലകളിൽ എല്ലാം തന്നെ വളർച്ചാ നിരക്ക് പൂജ്യത്തിന് താഴെയാണ്. നിർമാണ മേഖലയുടെ മൊത്തം വളർച്ച നിരക്ക് കഴിഞ്ഞവർഷത്തെ 12.1 ശതമാനത്തിൽ നിന്നും കേവലം .6 ശതമാനമായി കുറയുകയാണ് ഉണ്ടായത്.

തൊഴിലിൽ വന്ന കുറവാണ് ഇത്തരമൊരു പ്രതിസന്ധി നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നു എന്നതിന് തെളിവ് നൽകുന്ന രണ്ടാമത്തെ വസ്തുത. ഇക്കഴിഞ്ഞ 45 വർഷക്കാലത്തെ ഏറ്റവും വലിയ തൊഴിലില്ലായ്മ യിലൂടെയാണ് ആണ് രാജ്യം കടന്നു പോകുന്നത് എന്ന് ലേബർ ഫോഴ്സ് സർവ്വേ 2017 18 കണ്ടെത്തിയിട്ടുണ്ട്. തൊഴിൽ ലഭ്യതയുടെ തോതല്ല മറിച്ച് യഥാർത്ഥത്തിൽ ജനങ്ങൾക്ക് തൊഴിൽ തന്നെ നഷ്ടപ്പെടുന്ന ഭീകര സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. പാരമ്പരാഗതമായും സ്വാഭാവികമായും തങ്ങൾ ഏർപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രവർത്തനത്തില നിന്നും ഒട്ടേറെ ജനങ്ങൾ പറിച്ചുമാറ്റപ്പെട്ടു. ഒട്ടുമിക്ക തൊഴിലാളികളും കരുതൽ തൊഴിൽ സേന യിൽ അംഗമായി. സ്വതവേ കീഴ്പ്പോട്ട് കു തി ക്കുന്ന വേതനം കൂടുതൽ വേഗത്തിൽ കുറയാൻ തുടങ്ങി. ഇക്കാലയളവിൽ തൊഴിലാളിയുടെ ഉത്പാദനക്ഷമത പതിന്മടങ്ങു വർധിച്ചു. അതുമൂലം ഉണ്ടായ അധിക ലാഭം മുഴുവൻ മുതലാളിമാർ കരസ്ഥമാക്കി. ജനങ്ങളുടെ തൊഴിൽ പങ്കാളിത്തത്തിലും വലിയ കുറവ് രേഖപെടുത്തിയതായി സർവ്വേ കണ്ടെത്തുന്നു. ഒരുഭാഗത്ത് തൊഴിലന്വേഷകർക്ക്തൊഴിൽ കണ്ടെത്താൻ ആവുന്നില്ല. മറുഭാഗത്ത് തൊഴിൽ തേടുന്നതിൽ ആളുകൾ വിമുഖത കാണിക്കുന്നും ഉണ്ട്. തൊഴിൽ പങ്കാളിത്തത്തിൽ വരുന്ന ഈ കുറവ് ദാരിദ്രം വർദ്ധിപ്പിച്ചിട്ടുണ്ട് . വിവിധ ഏജൻസികൾ നടത്തിയ പഠന പ്രകാരം നമ്മുടെ രാജ്യത്ത് 22 മുതൽ 29 ശതമാനം വരെ വരെ ജനങ്ങൾ ദാരിദ്ര്യത്തിലാണ് എന്ന് കണ്ടെത്തുന്നു. അതിനർത്ഥം നവലിബറലിസത്തിന്റെ പ്രതിസന്ധി ഒരു സാമൂഹിക പ്രതിസന്ധിയായി രാജ്യത്തെ ഗ്രസിച്ചിരിക്കുന്നു എന്നാണ് .

ഇന്ന് രാജ്യത്ത് അവശേഷിക്കുന്ന തൊഴിലിന്റെ ഗുണ നിലവാരം പരിശോധിക്കുന്നത് ഈ അവസരത്തിൽ ഉചിതം ആയിരിക്കും. മൊത്തം തൊഴിൽ സേനയുടെ 90 ശതമാനത്തിൽ അധികം പേരും ജോലിചെയ്യുന്നത് അസംഘടിത മേഖലയിൽ ആണ്. ഏറ്റവും വലിയ തൊഴിൽ ദാദാവ് ആയ കാർഷിക മേഖലയിൽ ജോലി ചെയ്യുന്ന 48.9 ശതമാനം ആളുകൾ അസംഘടിത മേഖലയിലാണ്. മാ

നഫാക്ചട്യറിങ് ലെ സംഘടിത മേഖലയിൽ (പത്ത് തൊഴിലാളികളിൽ കൂടുതൽ ഉള്ള രജിസ്റ്റർ ചെയ്ത നിർമാണ സ്ഥാപനങ്ങളിൽ) കേവലം 11 ശതമാനം തൊഴിലാളികൾ മാത്രമാണ് ജോലി ചെയ്യുന്നത്. ഇതിൽ തന്നെ 4/5 തൊഴിലാളികും കരാർ നിയമനം ആണ്. അതായത് സംഘടിത മേഖലയിൽ തന്നെ തൊഴിൽ നിയമങ്ങളെ മറികടക്കാനായി അസംഘടിത തൊഴിൽ സംഘടിത തൊഴിൽ മേഖലകൾക്ക് ഉള്ളിൽ തന്നെ നിർമിക്കുന്നു. ഈ മേഖലയിലെ ഒരു യൂണിറ്റ് ഉത്പാദന വർദ്ധനവിന് കേവലം .08 ശതമാനം തൊഴിലിൽ വർദ്ധനവ് മാത്രമാണ് ഉണ്ടാക്കാൻ സാധിക്കുന്നത്. ഈ തൊഴിൽ ഇലാസ്റ്റികത 2009-11 കാലയളവിൽ .18 ശതമാനം ആയിരുന്നു. ഉത്പാദനത്തിൽ തൊഴിലിനേക്കാളും ഉയർന്ന പ്രാതിനിധ്യം മൂലധന ത്തിനു നൽകുന്നത്, ആഭ്യന്തര ഉത്പാദകർ നശിച്ച് ആ മേഖല പൂർണ്ണമായി വിദേശ ഉത്പാദകർ കയ്യടക്കുന്നത് തൊഴിൽ ഇലാസ്റ്റികാത്ത ഏറെ കുറഞ്ഞ സേവന മേഖല മറ്റു മേഖലകളെ അപേക്ഷിച്ച് ഉയർന്ന വളർച്ച നേടുന്നത് തുടങ്ങി നിർമാണ മേഖലയിൽ ഈ കുറഞ്ഞ തൊഴിൽ പങ്കാളിത്ത ത്തിന് ഒട്ടേറെ കാരണങ്ങൾ ചൂണ്ടിക്കാണിക്കാനാവും.രാജ്യത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒന്നായിരുന്ന ബി എസ് എൻ എല്ലിന്റെ അവസ്ഥ എന്താണ്. അമ്പതു വയസ്സ് കഴിഞ്ഞവർക്ക് ബി എസ് എൻ എല്ലൽ നിന്നും സ്വയം വിരമിച്ച് പോകാൻ പാക്കേജ് പ്രഖ്യാപിച്ചിരിക്കുന്നു. വിരമിക്കാത്തവരെ ഭീഷണിപ്പെടുത്തി വി ആർ എസ് എടുപ്പിക്കുന്നു. മാസങ്ങളായി ശമ്പളം നൽകുന്നില്ല. കരാർ തൊഴിലാളികൾക്ക് പത്തുമാസത്തിൽ ഏറെയായി ശമ്പളം ഇല്ല. ടെലികോം മേഖലയിലെ ബി എസ എൻ എല്ലിന്റെ പ്രധാന എതിരാളി, സർക്കാരിന്റെ പ്രധാന കോർപ്പറേറ്റ് സുഹൃത്ത് റിലയൻസിന് പരവതാനി വിരിച്ച് ആനയിക്കാൻ രാജ്യത്തെ പ്രധാന പൊതുമേഖലാ സ്ഥാപനത്തെ മനപ്പൂർവ്വം ചവുട്ടിമെതിക്കുകയാണ് ഈ സർക്കാർ.

## എന്താണ് ഈ പ്രതിസന്ധിക്ക് കാരണം ?

നോട്ട് നിരോധനവും ജി എസ് ടി നടപ്പാക്കിയതും ആണ് ഈ പ്രതിസന്ധിക്ക് മുഖ്യകാരണം എന്ന് അഭിപ്രായപ്പെടുന്ന സാമ്പത്തിക ശാസ്ത്രജ്ഞർ ഉണ്ട്. നവലിബറലിസത്തിന്റെ ഉത്പന്നങ്ങൾ ആണ് ഈ വിദഗ്ധർ. 1990 കൾക്ക് ശേഷം നമ്മുടെ രാജ്യത്തെ നടപ്പാക്കുന്ന നവലിബറലിസം ആണ് ഈ പ്രതിസന്ധിക്ക് മൂലകാരണം എന്നവർക്ക് പറയാൻ സാധിക്കുകയില്ല. മൊത്തം ചോദനത്തിൽ ഇടിവ് വരുന്നതാണ് ഈ പ്രതിസന്ധിക്ക് കാരണം എന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ? എന്തുകൊണ്ടാണ് ചോദനം ഇടിയുന്നത്. ആളുകളുടെ വാങ്ങൽ ശേഷി കുറയുന്നു എന്നതാണ് കാരണം. എന്താണ് വാങ്ങൽ ശേഷി കുറയാൻ കാരണം? ലോകത്തെ വലതുപക്ഷ / മുതലാളിത്ത സർക്കാരുകൾ പിന്തുടരുന്ന ധനകാര്യ മൗലിക വാദമാണ് വാങ്ങൽ ശേഷി കുറയാൻ കാരണം. സാമ്പത്തിക പരിഷ്കാരാനന്തര ഇന്ത്യയിലെ ബഡ്ജെറ്റുകളുടെ പൊതുസ്വഭാവം ആണ് ധനകാര്യ മൗലിക വാദം. ഇത് നവ ലിബറൽ പരിഷ്കാരത്തിന്റെ വക്താക്കളിൽ നിന്നാരംഭിച്ച പല്ലവിയാണ്. 2014 -15 സാമ്പത്തിക വർഷം മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ 15 .4 ശതമാനം ആയിരുന്നു സർക്കാരിന്റെ ചെലവ്. അത് 2017 -18 കാലയളവിൽ 12 .5 ശതമാനം ആയി കുറയുകയാണ് ചെയ്തത്. 2018 -19 കാലയളവിൽ ഇത് 13 ശതമാനം ആയി ഉയർത്തുമെന്നു ധനമന്ത്രാലയം വാഗ്ദാനം നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ ചെലവ് 2018 -19 കാലയളവിൽ 12 .2 ശതമാനം ആയി താഴുക ആണ് ചെയ്തത്. ധന മൗലികവാദമാണ് വിഭവ വിനിയോഗത്തിൽ നിന്നും സർക്കാരുകളെ തടയുന്നത്. ആഗോള ഫിനാൻസ് മൂലധനത്തിന്റെ ഈ നിർദേശങ്ങൾ പാലിക്കപ്പെട്ടില്ലെങ്കിൽ മൂലധനത്തിന് ഇന്ത്യ അസ്വീകാര്യമാകും. റേറ്റിംഗ് ഏജൻസികൾ ഇന്ത്യ നിക്ഷേപ സൗഹൃദ ഇടമല്ല എന്ന് വിധിയെഴുതും. ഹ്രസ്വ മൂലധനത്തിന്റെ പുറത്തേക്കുള്ള ഒഴുക്ക് രാജ്യത്തെ സാമ്പത്തിക പ്രതിസന്ധിയിൽ എത്തിക്കും എന്ന ഭയമാണ് സർക്കാരിനെ നയിക്കുന്നത് . ഫലമോ? കമ്മി ചുരുക്കൽ നടപടി യഥാർത്ഥത്തിൽ ഗ്രാമീണ ജനതയുടെ വരുമാനം ചുരുങ്ങുന്നതിലേക്കും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാത്ത അവസ്ഥയിലേക്കും നയിക്കും. തൊഴിലവസരങ്ങളിൽ വരുത്തുന്ന ഈ കുറവാണ് ഇന്ത്യയുടെ കരുതൽ തൊഴിൽ ശേഖരം വർദ്ധിക്കാനും ഗ്രാമീണ നാഗരിക ഇന്ത്യയിൽ കടുത്ത വരുമാനശോഷണത്തിനും കാരണമാകുന്നത്.

എന്താണ് ധനകാര്യ മൗലികവാദം? സർക്കാരിൻറെ വരുമാനവും ചെലവും തമ്മിലുള്ള വ്യത്യാസമാണ് ഫിസ്കൽ കമ്മി . സർക്കാരുകൾ പിന്തുടരേണ്ട സാമ്പത്തിക/ ധനകാര്യ അച്ചടക്കത്തിന്റെ ഭാഗമായി ഫിസ്കൽ കമ്മി പരമാവധി കുറയ്ക്കണം എന്ന വാദം ആണ് ധനകാര്യ മൗലികവാദം എന്ന പേരിൽ അറിയപ്പെടുന്നത്. ധനകാര്യ കമ്മി നിയന്ത്രിക്കണം എങ്കിൽ ഒന്നെങ്കിൽ സർക്കാരിന്റെ വരുമാനം വർധിപ്പിക്കണം. നികുതി നികുതിയേതര വരുമാന സമാഹരണം ഊർജ്ജിതമാക്കിയാൽ ഇത് സാധിക്കും. ഇതിൽ നവലിബറലിസത്തിനു തീരെ താല്പര്യം ഇല്ല. മറ്റൊരു മാർഗ്ഗം ചിലവുകൾ ചുരുക്കുക എന്നതാണ്. സർക്കാർ കമ്പോളത്തിൽ ഇടപെട്ട് തൊഴിൽ നൽകിയാൽ രാജ്യത്ത് തൊഴിൽ നൽകാൻ പിന്നെ എന്തിനാണ് മുതലാളികൾ എന്ന ചോദ്യം ഉയർന്നുവരും. അതുകൊണ്ടുതന്നെ മുതലാളിയുടെ അസ്തിത്വത്തെ ബാധിക്കുന്ന 'സർക്കാർ ഇടപെടൽ' എന്ന കാര്യം തന്നെ ഇല്ലാതെയാക്കുക എന്നതാണ് നവലിബറലിസത്തിന്റെ രീതി. ഇന്ത്യയിലും സ്ഥിതി മറിച്ചല്ല. ധനകാര്യ അച്ചടക്കത്തിന് എന്നപേരിൽ പാർലമെന്റ് പാസാക്കിയ FRBM act ധനകാര്യ മൗലിക വാദം പിന്തുടരാൻ സർ



ക്കാരുകളെ നിയമപരമായി ബാധ്യസ്ഥമാക്കുന്നു. അതുകൊണ്ടു തന്നെ ഗ്രാമീണമേഖലയിൽ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ രീതിയിൽ ഇടപെടുന്നതിനു സർക്കാറുകൾക്ക് സാധിക്കുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും അതുപോലെതന്നെ ഗ്രാമീണമേഖലയിലെ ജനങ്ങളുടെ വരുമാനത്തെ സ്വാധീനിക്കുന്ന സുപ്രധാന സാമൂഹിക സുരക്ഷാ പദ്ധതികളും എല്ലാം തന്നെ എന്നെ ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ വിഭവ ലഭ്യതയിൽ ഉള്ള കുറവ് നല്ലവണ്ണം അനുഭവിക്കുന്നുണ്ട്.


## എന്താണ് ഈ പ്രതിസന്ധിയുടെ സ്വഭാവം?

30 കൾ തൊട്ട് ഇങ്ങോട്ടുള്ള എല്ലാസാമ്പത്തിക പ്രതിസന്ധികളും ആയിരത്തി തൊള്ളായിരത്തി മുപ്പതുകളിലെ അമേരിക്ക, യൂറോപ്പ് തുടങ്ങിയ സമ്പദ്വ്യവസ്ഥകളെ ബാധിച്ച മഹാ മാന്ദ്യം (great depression) മുതൽ 2007 ലെ സാമ്പത്തിക മാന്ദ്യം വരെയുള്ള പ്രതിസന്ധികൾ ആധുനിക മുതലാളിത്തം താണ്ടിയിട്ടുണ്ട്. ഈ മാന്ദ്യങ്ങൾ എല്ലാം തന്നെ ആഗോള മുതലാളിത്ത സാമ്പത്തിക ക്രമത്തിന്റെ തലസ്ഥാനത്തുനിന്നു ആരംഭിച്ച് ലോകമാകെ പടരുന്ന മാന്ദ്യമായി മാറുകയാണ് ഉണ്ടായത്. എന്നാൽ ഇന്ത്യയിലെ ഇപ്പോഴത്തെ പ്രതിസന്ധി സാമ്പത്തിക രംഗത്തിന്റെ അടിസ്ഥാന മേഖലയിൽ നിന്നാണ് ആരംഭിച്ചത്. അടിസ്ഥാന മേഖലയിൽ നിന്നും മുകളിലേക്ക് പടരുന്ന ഒരു ബോട്ടം അപ്പ് സാമ്പത്തിക പ്രതിസന്ധിയാണ് ഇന്ന് നാം കാണുന്നത്. നോട്ടു നിരോധനത്തെ തുടർന്ന് കാർഷിക മേഖലയിലും ചെറുകിട ഉത്പാദന മേഖലയിലും തൊഴിൽ മേഖലയിലും ചോദന പ്രതിസന്ധി ഉടലെടുത്തു. കറൻസിയുടെ ലഭ്യതക്കുറവ് ഈ മേഖലകളെ തമ്മിൽ ബന്ധിപ്പിച്ചിരുന്ന പ്രദാന ശൃംഖല മുറിയുന്നതിനു കാരണമായി. ഈ പ്രതിസന്ധിയാണ് പടിപടിയായി മുകളിലേക്ക് വ്യാപിച്ച് ഇന്ന് സർക്കാരിന്റെ ധനകാര്യ പ്രതിസന്ധിയായും ബാങ്കിങ് പ്രതിസന്ധിയായും പരിണമിച്ചിരിക്കുന്നത്.

പ്രതിസന്ധി പടരുന്ന ഈ രീതിയിൽ വ്യത്യാസം ഉണ്ട് എങ്കിലും പ്രതിസന്ധിയെ ഒരു അവസരമാക്കി ഉപയോഗിക്കുക എന്ന ആഗോള മുതലാളിത്ത രീതി ഇന്ത്യയിലും കാണാനാകും. ഓരോ പ്രതിസന്ധികളിലും ആഗോള സമ്പത്ത് വ്യവസ്ഥയുടെ അതിരുകളിൽ നിന്നും മിച്ച മൂല്യം ധനകാര്യ കേന്ദ്രത്തിലേക്ക് പ്രവഹിക്കുന്നമുണ്ട്. അമേരിക്കയിൽ 2008 ഉണ്ടായ സാമ്പത്തിക പ്രതിസന്ധി അമേരിക്കയിൽ മാത്രം ഒതുങ്ങി നിൽക്കുമായിരുന്ന നഷ്ടസാധ്യതയെ ലോകം മുഴുവനും വ്യാപിപ്പിക്കും വിധത്തിൽ ഏതാനും ചില ഊഹ കച്ചവടക്കാർ പ്രവർത്തിച്ചത് മൂലം ഉണ്ടായതാണ്. ഉദാരമായ വ്യവസ്ഥകളിൽ അമേരിക്കൻ ബാങ്കുകൾ കുറഞ്ഞ പലിശയ്ക്കു നൽകിയ ലോൺ ഉപയോഗിച്ച് ആളുകൾ വീടുകൾ വാങ്ങുകയുണ്ടായി. ലോൺ നൽകുന്നതിനായി ഉപഭോക്താക്കൾ നൽകിയ സർട്ടിഫിക്കറ്റുകൾ നിക്ഷേപ ബാങ്കുകളിൽ പണയമായി വച്ച് ലോൺ നൽകുന്ന ബാങ്കുകൾ കൂടുതൽ ലോൺ നൽകുകയുണ്ടായി. നിക്ഷേപ ബാങ്കുകൾ അവർക്കു ലഭിച്ച രേഖകളെ തരം തിരിച്ച് അവയെ കൊളാറ്ററൽ ഡെബ്റ്റ് ഒബ്ലിഗേഷൻ എന്ന പേരിൽ ഷെയർ മാർക്കറ്റിൽ വിൽക്കാവുന്ന സെക്യൂരിറ്റികളാക്കി. ഒരു പുതിയ നിക്ഷേപ മേഖലയായി അന്താരാഷ്ട്ര ഷെയർ മാർക്കെറ്റിൽ സി ഡി ഓ കളെ അവർ അവതരിപ്പിച്ചു. ജപ്പാനിലെ പെൻഷൻ ഫണ്ടുകാർ മുതൽ ബ്രസീലിലെ സാധാരണ ജനങ്ങൾ വരെ അവരുടെ നിത്യ ചെലവ് കഴിച്ച് സൂക്ഷിച്ച, കഷ്ടപ്പെട്ട് സമ്പാദിച്ച പണം സി ഡി ഓ കളി ൽ നിക്ഷേപിച്ചു. ചീട്ട് കൊട്ടാരം പോലെ പടുത്ത് ഉയർത്തിയ ഈ ധനകാര്യ സൗധം പിന്നീട് തകർന്നു വീണു. എന്നാൽ ഈ പണം തിരികെ നൽകുന്ന സംവിധാനങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. അതായത് ലോകത്തിന്റെ അരികുകളിൽ നിന്നും ധനകാര്യ കേന്ദ്രങ്ങളിലേക്ക് മിച്ച സമ്പാദ്യത്തെ സ്വരൂപിക്കാനുള്ള അവസരമായിട്ടാണ് മുതലാളിത്തം ഓരോ പ്രതിസന്ധിയെയും കാണുന്നത്. ഇന്ത്യയിലും സ്ഥിതി മറിച്ചല്ല. സാമ്പത്തിക മാധ്യമ മറികടക്കാൻ പ്രഖ്യാപിക്കപ്പെട്ട പാക്കേജ് ഇത്തരത്തിൽ ഏതാനും കോർപ്പറേറ്റുകൾക്ക് അമിതമായി ധനസമാഹരണം നടത്താൻ ഉപകരിക്കുന്ന വിധത്തിൽ ആണ് വിഭാവനം ചെയ്തിരിക്കുന്നത്.

## എന്താണ് പ്രതിവിധി?

ഇന്ത്യയിൽ മാത്രമല്ല ലോകമെങ്ങും മുതലാളിത്തം ചോദന പ്രതിസന്ധിയിലാണ്. പലിശനിരക്ക്




കുറച്ചുകൊണ്ട് കൂടുതൽ വായ്പകൾ നൽകി ചോദന പ്രതിസന്ധി പരിഹരിക്കുമെന്നാണ് മുതലാളിത്ത ലോകം വിശ്വസിക്കുന്നത്. എന്നാൽ എന്നാൽ 2008ലെ അമേരിക്കൻ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് അമേരിക്കയിലും യൂറോപ്പിലെ പല ഭാഗങ്ങളിലും ഉണ്ടായ സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് യൂറോപ്പിലും പലിശനിരക്ക് ഏറെ കുറച്ചെങ്കിലും നിക്ഷേപങ്ങൾ വർദ്ധിച്ചില്ല. സ്വകാര്യ നിക്ഷേപകർക്ക് അവരുടെ മൂലധന ചിലവെങ്കിലും തിരികെ ലഭിക്കും എന്ന പ്രതീക്ഷ ഉണ്ടെങ്കിലേ നിക്ഷേപം നടത്താനാകൂ. പ്രതിസന്ധിയിൽ ആ പ്രതീക്ഷ ഇല്ലാത്തതിനാൽ സ്വകാര്യ സംരംഭകർ ഉൽപാദനോന്മുഖമായ നിക്ഷേപങ്ങൾ നടത്താൻ വിമുഖത കാണിക്കും. കുറഞ്ഞ പലിശയ്ക്ക് ലഭിക്കുന്ന വായ്പയെടുത്ത് ഉത്പാദനോന്മുഖമില്ലാത്ത ഊഹ മൂലധന കമ്പോളത്തിൽ ഈ പണം നിക്ഷേപിക്കാൻ സ്വകാര്യ സംരംഭകർ ശ്രമിക്കുന്നുമുണ്ട്. അത്തരത്തിൽ സാമ്പത്തിക പ്രതിസന്ധി കാലയളവിൽ കുറഞ്ഞ പലിശ നിരക്കിൽ ബാങ്ക് വായ്പ ലഭ്യമാകുന്നത് ദേശീയ മൂലധനത്തെ ഉത്പാദനോന്മുഖ മായ മേഖലകളിൽ നിന്നും ഊഹകച്ചവട മൂലധന കമ്പോളത്തിലേക്ക് കൊണ്ടുചെന്നെത്തിക്കുന്ന സാഹചര്യം ആണ് ഇന്ന് നിലനിൽക്കുന്നത്. 30 കളിലെ പ്രതിസന്ധി മറികടക്കാൻ സർക്കാരുകൾ കൂടുതൽ മൂലധന നിക്ഷേപം നടത്തണമെന്ന് വാദിച്ച ജോൺ മെയ്നാഡ് കെയിൻസ് മൂലധനം ആത്യന്തികമായി ദേശീയമാകേണ്ടതിന്റെ അനിവാര്യത ചൂണ്ടിക്കാട്ടിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിയുടെ കാലത്തെ പ്രവർത്തനങ്ങൾ ജനങ്ങളെ വിരലിലെണ്ണാവുന്ന ഏതാനും ഊഹക്കച്ചവടക്കാർക്ക് എറിഞ്ഞുകൊടുക്കാൻ പര്യാപ്തമാകും എന്ന് കാഴ്ചപ്പാട് അദ്ദേഹം വികസിപ്പിച്ചത് ഈ സാഹചര്യത്തിലാണ്.

2008 ലെ ആഗോള സാമ്പത്തിക പ്രതിസന്ധി എന്നത് ഊഹകച്ചവടത്തിന്റെ ഇളകുന്ന അടിത്തറയിൽ ചീട്ടുകൊട്ടാരം പോലെ പടുത്തുയർത്തിയ ബാങ്കിംഗ് മേഖലയുടെ അനിവാര്യമായ തകർച്ച ആണെന്ന് വിലയിരുത്തപ്പെട്ടു. മുതലാളിത്ത സമ്പത്ത് വ്യവസ്ഥകൾ ഏറെക്കാലം ആയി കടന്നു പോകുന്നത് ഇത്തരമൊരു 'ബൂം-ബെർസ്റ്റ്' വളർച്ചാ പന്ഥാവിലാണ്. ചെറുതും വലുതുമായി മുതലാളിത്ത ലോകം ഇന്നനുഭവിച്ച സാമ്പത്തിക പ്രതിസന്ധികൾ എല്ലാം യഥാർത്ഥത്തിൽ മുതലാളിത്തത്തിൽ തന്നെ അന്തർലീനമായ പ്രതിസന്ധിയുടെ പരിണിത ഫലം ആണ്. 'തെറ്റു ചെയ്തവന് അതിന്റെ പരിണിതഫലം അനുഭവിയ്ക്കണമെന്ന കമ്പോളയുക്തി പാലിക്കാതെ, സമ്പദ്ഘടനയിൽ ഊഹാപോഹത്തിന്റെ കുമിളകളൂതി വീർപ്പിച്ചവരെ, പൊതുഖജനാവിൽ നിന്ന് പണമെടുത്ത് മുതലാളിത്ത ഭരണകൂടങ്ങൾ 'ബെയിൽ ഔട്ട്' ചെയ്തു രക്ഷിച്ചത് ഈ തിരിച്ചറിവിൽ നിന്നാണ്.

സർക്കാരുകളുടെ വരുമാനം വർധിപ്പിച്ചുകൊണ്ട് ഈ പ്രതിസന്ധി പരിഹരിക്കാൻ ഉള്ള ശ്രമം പോലും സർക്കാർ നടത്തുന്നില്ല എന്നതാണ് ആശങ്കാജനകമായ വസ്തുത. കഴിഞ്ഞ രണ്ടുവർഷമായി കേന്ദ്ര സർക്കാരിന്റെ നികുതി വരുമാനത്തിൽ കാര്യമായ ഇടിവ് ഉണ്ടാകുന്നുണ്ട്. പണപ്പെരുപ്പം കൂടി കണക്കിലെടുത്താൽ 2018 -19 ലെ വളർച്ചാ നിരക്ക് കേവലം 3 ശതമാനത്തിൽ താഴെ മാത്രം ആയിരിക്കും. ഇത് മൊത്തം ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്കിലും താഴ്ന്നതാണ്. ജി എസ് ടി വരുമാനവും പരോക്ഷ നികുതി വരുമാനവും കുറഞ്ഞിട്ടുണ്ട്.

പ്രത്യക്ഷനികുതിവരുമാനം മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ അനുപാതം എന്ന നിലയിൽ മാറ്റമില്ലാതെ നില്ക്കുന്നു. മൊത്തം കേന്ദ്ര നികുതി വരുമാനത്തിന്റെ 20 % (2016 -17) ആയിരുന്ന പരോക്ഷ നികുതി വരുമാനം കേവലം 6 .3 % (2017 -1 8 ) ആയും പിന്നീട് 2 .7 % (2018 -19 ) ആയും കുറഞ്ഞു. ജി എസ് ടി നടപ്പാക്കിയത് ആണ് നികുതിവരുമാനം കുറയാനുള്ള ഏറ്റവും പ്രധാന കാരണം. 2019 -20 ജനുവരി ഫെബ്രുവരി കാലയളവിൽ ജി എസ് ടി വരുമാനം ഒരു ലക്ഷം കോടി കവിഞ്ഞപ്പോൾ ജി എസ് ടിനടപ്പാക്കലിന്റെ എല്ലാ പ്രശ്നങ്ങളും അവസാനിച്ചു എന്നാണ് കരുതിയിരുന്നത്. എന്നാൽ പിന്നീട് ജൂൺ 2019 ഓടുകൂടി ജി എസ് ടി വരുമാനം വീണ്ടും താഴ്ന്നു. അതായത് ജി എസ് ടി നികുതി പരിഷ്ക്കാരം സർക്കാരിന്റെ വരുമാനം കുറയ്ക്കുകയാണ് ചെയ്തത്. എന്നാൽ ജി എസ് ടി നടപ്പാക്കിയതുകൊണ്ടു മാത്രമല്ല സർക്കാരിന്റെ നികുതി വരുമാനം കുറയുന്നത്. മേൽ സൂചിപ്പിച്ച മൊത്തം മൂല്യവർദ്ധനവിൽ ഉണ്ടായ ഇടിവും നികുതി വരുമാനം കുറക്കാൻ



കാരണമാകും. ഇതോടൊപ്പം കോർപ്പറേറ്റ് മേഖലക്ക് നൽകുന്ന ഇളവുകളും ചേർത്തുവയ്ക്കണം. ഈ കാഴ്ചപ്പാട് സർക്കാരിന്റെ ധനകാര്യ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തും. ധനകാര്യ മൗലികവാദവുമായി ചേരുമ്പോൾ നമ്മുടെ സാമ്പത്തവ്യവസ്ഥയിൽ ചോദന പ്രതിസന്ധി എങ്ങനെ ഉണ്ടായി എന്ന് മനസ്സിലാകും.

## ഉപസംഹാരം

ഇന്ത്യയുടെ സാമ്പത്തിക രംഗം കടുത്ത ചോദന പ്രതിസന്ധിയിലാണ്. ഈ പ്രതിസന്ധി മുതലാളിത്തത്തിന്റെ അത് പിന്തുടരുന്ന നവ ലിബറലിസത്തിന്റെ പ്രതിസന്ധിയാണ്. സ്വയം വിമർശനാത്മകമായ സമീപനത്തിലൂടെ ഉരുത്തിരിയുന്ന കാഴ്ചപ്പാടിലൂടെ അല്ലാതെ ഈ പ്രതിസന്ധിയിൽ നിന്ന് നമുക്ക് മുക്തി നേടാൻ ആവുകയില്ല. കെയ്നീഷ്യൻ നയങ്ങൾ നടപ്പാക്കുന്നത് തത്കാലത്തേക്ക് പ്രതിസന്ധിയിൽ നിന്ന് മുക്തി നേടാൻ നമ്മളെ സഹായിക്കും. എന്നാൽ മറ്റൊരു മേഖലയിൽ പ്രതിസന്ധി രൂപീ കൃതമാവുകയും വലിയ തൊഴിൽ നഷ്ടവും വരുമാന ശോഷണവും ഉണ്ടാവുകയും ചെയ്യും. ചലനാത്മകമായ ഒരു സമ്പത് വ്യവസ്ഥയിൽ കെയ്ൻസ് അഭിപ്രായപ്പെട്ട രീതിയിൽ സന്തുലിതാവസ്ഥ ഉറപ്പുവരുത്തുക എന്നത് കത്തിയുടെ മുനയിലൂടെ നടക്കുന്നതുപോലെ ദുഷ്കരമാണെന്ന് ഹാരോട് എന്ന സാമ്പത്തിക ശാസ്ത്രജ്ൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത ശക്തിയെ കൂടുതൽ ഊർജസ്വലമാക്കുകയാണ് പ്രതിസന്ധി ശാശ്വതമായി മറികടക്കാനുള്ള പോംവഴി. ജനങ്ങളുടെ വരുമാന ശോഷണം തടയാനുള്ള രീതിയിൽ തൊഴിലാളിയുടെ വിലപേശൽ ശേഷി വർധിപ്പിക്കുക എന്നത് അനിവാര്യമാണ്. ഇങ്ങനെ ചെയ്യുന്നത് സമ്പത്തിന്റെ പുനര് വിതരണത്തെ കൂടുതൽ കാര്യക്ഷമമാക്കും. കോർ പ്പ റേ റ്റുകൾക്ക് നികുതി വർധിപ്പിച്ച് കൂടുതൽ ആർജവത്തോടെ വിഭവസമാഹരണം നടത്താൻ സർക്കാരുകൾക്ക് മേൽ ശക്തമായി സ്വാധീനം ചെലുത്താൻ തൊഴിലാളിവർഗ്ഗവുത്തിനാവും. അതോടൊപ്പം തന്നെ ധനകാര്യ മൗലിക വാദത്തെ മറികടക്കുന്നതിന് ബഡ്ജറ്റിന് പുറത്ത് വിഭവസമാഹരണം നടത്താവുന്നതാണ്. ഈ ദിശയിൽ കേരളം മുന്നോട്ട് വച്ച രീതി ആണ് കിഫ്ബി. മുതലാളിത്ത സാമ്പത്തിക കാഴ്ചപ്പാടിന് വിരുദ്ധമായ ഈ രീതികൾ കൂടുതൽ ജനാധിപത്യ പരവും വികാസനോന്മുഖവുമാണ്. എന്നാൽ നവലിബറലിസത്തിന്റേത് പ്രതിസന്ധി - മാന്ദ്യം- പുരോഗതി എന്ന ചാക്രിക രീതിയാണ്. ഓരോ പ്രതിസന്ധിയും തൊഴിലാളികളെയും കർഷകരെയും സാധാരണ ജനങ്ങളെയും പാപ്പരാക്കുന്നു. അവരുടെ മിച്ച ധനം ധനികരിലേക്ക് ഒഴുകാനുള്ള ചാൽ നിർമിക്കുകയാണ് മുതലാളിത്ത പ്രതിസന്ധികൾ. കൂടുതൽ ജനപക്ഷവും തൊഴിലാളി കേന്ദ്രീകൃതവുമായ നടപടികൾ നടപ്പിലാക്കാൻ സർക്കാരുകളെ നിർബന്ധിച്ചുകൊണ്ടല്ലാതെ മുതലാളിത്ത പ്രതിസന്ധി പരിഹരിക്കപ്പെടുകയില്ല.


# കാറ്റ്

**ഡോ. ജോയിസ് റ്റോം**
അസി. പ്രൊഫസർ, പാവനാത്മാ കോളേജ്,
മുരിക്കാശ്ശേരി, ഇടുക്കി



ടക് ടക്....
വാതിലിൽ ഒരു മുട്ട് കേട്ടു.
ലോകാവസാനത്തിന് ശേഷം, ഭൂമിയിലെ
അവസാനത്തെ മനുഷ്യൻ വാതിൽ തുറന്നു
വെളിയിലേക്ക് നോക്കി.
ഇല്ല........ആരുമില്ല...
കാറ്റ് വന്നുവിളിച്ചതാണ്...
കൊള്ളാം... കാറ്റുണ്ട്...
വെള്ളമുണ്ട്... വെളിച്ചമുണ്ട്...
മണ്ണുണ്ട്, മരങ്ങളുണ്ട്, മഴത്തുള്ളികളും ഉണ്ട്...
അഭിമതങ്ങളില്ല.... മുൻവിധികളില്ല...
ജാതി, വർണ്ണ, വർഗ, ലിംഗ, രാഷ്ട്രവിവേചനങ്ങളില്ല...
മനസ്സിൻ വിലങ്ങുതീർക്കുന്നവയൊന്നും തന്നെ ഇല്ല.
പിന്നെ... അടുപ്പ്കൂട്ടി വെള്ളം തിളപ്പിച്ചു...
മണ്ണിൽ നിന്നൊരായുധം ചികഞ്ഞെടുത്തു...
ശിഷ്ടലോകത്തിന്റെ കണ്ണുതേടി...
ചുണ്ടിൽ ഒരു മൂളിപ്പാട്ടുമായി... കാറ്റ് വന്ന വഴിയേ...
അവൾ നടന്നകന്നു...





# Verses in crisis

**(For T.S Eliot, the greater craftsman)**

The streets are void, uninhabited
Tedros declares COVID-19, Wuhan the epicentre
Human-to-human transmission
Epidemic to pandemic, and then to infodemic
Single stranded RNA, Epidemiology,
Pathophysiology, etiology
N95 mask, protective goggles
Coughs or sneezes surely an alarm to many
Sure, men die everywhere
Only numbers matter
As his lungs craved for breath,
he passed the stages of his age and youth
Succumbing to multiple organ dysfunction
Here is no human being, only emptiness
Dead streets, hungry dogs, sullen faces from windows
Aggressive isolation and social distancing,
Self-enforced quarantines, avoiding public gatherings
Police men with lathis, somebody performing
Thoppukarnam to pay obeisance
Eliot asks do I need Tiresias
No, I see not the future nor the past but the present
I see heaps of soil in borders
I see migrant workers moving in large numbers
I had not thought life had undone so many
Those hooded figures, the anonymous
I think I know him, Listson! I called
The thesis you planted lasted year
Has it begun to sprout?
They wash their hands in soap and water
Pontius Pilatus did that ages back
Later with alchohol

**Dr. T.R. Muralikrishnan**
MES Asmabi College Kondungallur

Drip drop drip drop drop drop
What is that which is kept always next to you?
My phone, my only solace
Amazon Prime, Netflix and lot more
My legs yearn to go out, to explore that long walk
Nothing happens, nobody comes,
nobody goes, it's awful.
What is that noise again?
The children must have broken something
My nerves were bad for the last fortnight
Falling states
Italy, Spain, China
The USA, the UK, Iran
All real
Nobody is spared, celebrity and nonentity,
Boris, Tom, Charles
Come, my spade.
The clown has moved on to Italy from Denmark
There is the empty chapel, only the wind's home
Mosques awaiting people
The thunder doesn't speak DA
The temples closed, no darshan
Only Doordarshan
Arun, Nitish and Mukesh are back
After three decades
Such an ennui
Where is the release?
Quem quaeritis?
Where is freedom?
Asato Maa Sadgamaya
Tamaso Maa Jyotir-Gamaya
Mrtyor-Maa Amrtam Gamaya
Eliot smiles and he knows what comes next
Then I conclude
Shaantih Shaantih Shaantih







# Corona engenders infight among the proponents of Globalisation

**The US, after reeling under shortage of medical supplies and being proved inefficient in containing the worst hit pandemic of the era, makes a hue and cry on China's atrocities.**

**In the wake of a century's worst crisis, the ill-effects of globalisation popped up so badly in order the proponents of the same to engage in proxy war.**

**Dr. Dileep M.R.**
Pazhassiraja College, Pulpally



Ironically, Corona pandemic turned to be an eye-opener for the West as they reel under shortage of medical supplies at a crucial juncture. The Chinese domination in the supply of goods across the world caused much worries for the proponents of the Globalisation, particularly the US. As the ire among the people in the West against the undue dependence for medical supplies to China is on the steady increase, the leaders started blame game and mudslinging. The president of the so-called most powerful nation in the World, the US, makes unwarranted remarks on China's atrocities. Here comes the most important aspect to point out: the rapid rise China as a global leader of manufacturing is indeed due to globalisation as well. Moreover, the rapid spread of this current pandemic itself is also a by-product of globalisation since excessive movement of people





for trade is the prime cause of the spread of the Covid-19.

Globalisation is certainly a double edged sword. Amidst a range of benefits, there are severe consequences as well that are side lined/ neglected by the Capital-loving leaders and nations.  Globalization paves the way for manufacturing of goods wherever the cost of production and resources is the lowest and then to the free flow of them across the borders. Having aplenty of cheap human and other resources, China got the advantage and the transnational business giants moved into China for making the goods at the lowest cost. Thus, health products were also started to produce in China, which offered production of almost very items probably at very low cost. Naturally, other nations depended on China for the products at lower rates, and now, at the time of a real and devastating crisis, they realised the consequences.Let's peep into the after-effects of Globalisation in general.

It was towards the end of the last century, the new trend in globalization became so pervasive that reshapes the world economy, while unveiling new, anticipated and unanticipated occurrences that would alter many of our established norms. As the new economic order is in place,  Capital has utmost significance and the control of economies in almost all societies across the world in the hands of some international business giants. The borders of the countries became insignificant for the flow of goods in and out of the countries. Moreover, the global market is increasingly being in the hands of some global transnational corporations which have incredible investment capability, even more than some of the sovereign countries in the world, and hence the trend is more of a kind of corporate globalization.

As China and similar nations offered production space, resources and capacity at the lowest rates, transnational corporations rushed into China for taking the advantages. China too got developed own corporations that could become global firms. Sooner, China became the hub of global manufacturing and the rest of the world started to enjoy the luxury of making in China at a lower cost.  The extreme consumerism, another outcome of excessive globalization already caused severe environmental, social and cultural repercussions. While the West blame China for



widening holes in the Ozone layer as a result of emissions due to manufacturing of goods and products, they were also enjoying the luxury of consuming cheaper products that were being imported from China and other similar nations which could manufacture at lowest rates.

**What does globalization give?**

Globalization with its inherited and intriguing possibilities of consequences also offers a range of advantages. Economic growth is one of the most visible indicators of its effects. As the countries get increased amount of investment and inflow of funds from abroad, the economy will see growth and dynamism immediately along with enhancement in the overall efficiency. Increase in employment opportunities is another benefit the recipient can enjoy.

The pervasiveness of globalization creates Open societies and economies in which a freer exchange of goods, ideas and knowledge will take place. That will enable the economy to be dynamic. Furthermore, entrepreneurial activity enhances along with innovation and increased rate of creativity in the business sectors. Moreover, due to the increasing rate of information technology use, the people become more aware of their rights and identities. On top of them, the intellectual property rights (IPR) are increasingly intact due to the strict regulations being imposed upon.

While the products are manufactured wherever it is most convenient to do so will make the possibility of 'economy of scale' maximum. Production in large quantity certainly reduces the production cost substantially. Global sourcing enables easy availability of cheapest materials, as well, so that the production cost can be reduced further. Benefit is also there from manufacturing of products in less regulated environments where business resources are cheaper and easily available. Standardized products will become available for the communities in most of the economies world over and local business infrastructure gets multiplied. Moreover, supplementary and associated business will also flourish which will have cascading effects throughout the economy. Another benefit is that the products manufactured in a country get a wider market beyond boundaries. In general, the greater the growth, the higher the per capita income would be at the national level.

**The growing concerns of corporate globalization**

A brief on major consequences of the excessive globalization is following.

***Threat to sovereignty, and denationalization***

One of the major concerns is all about the growing power of transnational corporations and the consequent threat being posed to the sovereignty of countries. Globalization offers the prospect of a world that will be controlled by these new economic forces. A few hundred giant corporate entities march towards global financial control spearheaded by the capital as prime instrument. One of the primary targets of globalization is indeed the creation of a global market in which the significance of state boundaries fades away. In this process, the internationalization of national economic spaces through growing penetration (inward flows) and extraversion (outward flows) will take place. It can sweep away regulations and undermines local and national politics, just as the consolidation of the nation state swept away local economies, dialects, cultures and political forms. The expansion and deepening of multi nationalism with the prevalence of transnational corporations while getting support from global norms and standards always loom

large over sovereignty of countries. In some cases, it can even influence in shaping the destiny of various countries especially that belong to economically disadvantaged of less developed countries. Super national institutions such as World Trade Organization (WTO) and International Monetary Fund (IMF) are backing the global march of those corporations with the required rules and regulations that have global legitimacy. Some of the former third world countries could gain much from the globalization process. At the same time, most of the poor countries have sunk deeper into poverty, as happened in some African countries. Moreover the divide between the rich and the poor countries is getting widened.

Policy modification is another important aspect of growing globalization. As the market power go beyond the reach of national governments, the large transnational corporations generate a formidable lure and appeal among the policy makers and developers in order to have favourable policies to create a convenient business environments and attempt to ease out regulatory restrictions towards free flow of business resources such as money, labour and the products in and out of the countries. In the meanwhile ample pressure would be there on authorities to make necessary modifications to attract international investment and foreign direct investment (FDI). This will be possible only when the national and local interests of the people and environment are sidelined especially those related to the welfare measures and environmental regulations. It is widely seen now a days that the authorities are increasingly being deprived of freedom in terms of the action they are able to take in crucial areas such as labor and environmental legislation. In addition to sideling or removing the trade barriers, governments have to avoid the regulations that protect local labor, the practice of giving subsidy to the fledgling or primary industries and trade protectionism. Transnational Corporations will see that the required labour can be imported or exported at will.

**Loss of own land and depletion of resources**

The permeating globalization leads to increased demands for critical, finite natural resources which ultimately lead to resource crunch which is a pressing reality. The increasing global competition for natural resources is a concern and in the wake of Globalization, not just market, but geopolitical forces are being pressurized to ensure continued supplies and controls over critical resources. The resource utilization issue is more severe since the production rate is increasing so fast. Moreover, transnational firms are in a hurry to find out locations where they can make the products cheaply. This lead to the identification of poor countries where they can have production smoothly and cheaply and the same poses consequences such as over exploitation of resources and disregarding of the local interests. Moreover the value of the resources is usually undermined while highlighting the statistics of growth and development which is rarely deep rooted or comprehensive. Its already an issue that globalization has dislocated traditional livelihoods and local communities, and threatens cultural diversity.

**Imbalance and inequalities**

Globalization impacts countries in varied manner as not all regions are affected equally. The developed regions certainly take the advantages more. Immense riches are being generated. But fundamental problems of poverty, exclusion and inequality persist in spite of the scope for more economic dyna-



mism. Further, corruption is observed to be increasing, particularly among the so called third world countries. Globalized production process is in place, and yet global poverty still remains a hard nut to crack. Women, indigenous peoples, and the working poor without skills and assets, are among the most vulnerable.Unemployment and underemployment remain stubborn realities for the majority of the world's population. Many reports indicate that poverty in sub-Saharan Africa is still on the increase though that region has been exploited under the globalization process. Welfare of the people is at stake in many occasions when decision making is undertaken to favour the incoming corporations. There is imbalance in the global rules. Economic rules and institutions prevail over social rules and social institutions, while the effectiveness of existing rules and institutions themselves are being tested by current global realities. Furthermore, it has to be noted that the poorer societies do not possess the capabilities and assets needed to enter into productive economic transactions internationally. The traditional labour forces are endangered now. Migration of labour from traditional sector to the glamorous jobs gained speed. This directly impacts the traditional sectors by missing skilled labour and in turn leads to increase in production cost and eventually those sectors may face severe existential crisis. Furthermore migration of people from rural to urban areas as well as from one country to another country is also increasing.

Structural change, without necessary social and economic provision for adjustment has brought in uncertainty and insecurity to workers and businesses that prevailed in third world societies. As some countries progress fast, the inequality between countries widens further. On top of them, the inequality inside countries is also on the increase. It effects on people, families and communities. The gap between the poor and the rich is widening further. Hence it can be summed up that three kinds of inequalities are there such as: inequality among people within nations, inequality between nations and inequality at global level among people. Moreover the bargaining power the labour is lost as the authorities are liberalizing the labour policies continually to attract external economic forces. Besides, outsourcing has weakened the labour sector. Permanency character of the employment is at stake and instead contract based temporary job culture is increasing.

**Environmental hazards**

With its unrestrained pursuit of profits across the world, the tyranny of capital in the form of globalization is certainly a major contributor to environmental deterioration. The global firms try to create more demand, and new products are created to increase transaction and sale. This leads to unsustainable use of resources. At times governments have to relax environmental policies and regulations in favour of the interests of international forms in order to attract them for investment. One important aspect to ponder is the indifference of transnational corporations to the environmental values and sensitivity of local regions. All other sorts of environmental consequences of manufacturing will increase along with the surge in production and consumption at a global scale.

**Homogenization**

Homogenization of culture is gaining strength along the progress of globalization. Structures of modernity (capitalism, industrialism, etc.) are spreading world over, destroying cultures and local self-determination in the process. Third world countries are rich with cultural diversity. But in the process of globalization, the mighty culture invades local culture and slowly becomes the part of the culture over there. The western culture is getting more and more acceptance in all the societies and the other cultures are getting less significance. Everyone conforms to western ideal which causes the loss of individual cultures and religions. The cultural diversity existed in many third world countries are endangered now. The modern societies are in many respects increasingly standardized, predictable, and uniform and the term 'McDonaldization' is widely used to refer this phenomenon. It does not have a bearing that the whole world will become a single cultural world, yet certain elements of day to day cultural life are getting common in many societies and the spread of such is rapid.

**Conclusion**

The world has seen the repercussions of excessive globalization and consequent surging consumerism in myriad ways. Its latest version is seen when the most powerful economic giants enter into proxy war and mudslinging. Some of the powerful economies have realized the issues of the ill-effects of globalization well. When the blame from their own people emanated, they, led by the US, started blame game among them. It's high time to have a rethink to minimize the impacts and manage the globalization process in a controlled way.

**References and bibliography**

*AnkieHoogvelt, 2001, Globalisation and the Post-colonial World, Palgrave: Hampshire.*

*David a Deese, 2012, Globalisation-Causes and Effects, Routledge: London.*

*RakKeily, 2005, The Empire in the Age of Globalisation, Pluto Press: London.*

*Spencer Zifcak, 2005, Globalisation and the Rule of Law, ,Routledge: London.*

*Jens-Uwe-Wuderlich, 2007, Regionalism, Globalisation and International Order, Ashgate:Hampshire.*

# അമേരിക്കയിൽ നിന്നൊരു പട്ടാളക്കാരൻ

നിനച്ചിരിക്കാത്ത സമയത്ത്
ഒരജ്ഞാതന്റെ വെടിയേറ്റ്
ഞാൻ മരുഭ്രമിയിൽ മരിച്ചുവീഴും
ഇതുവരെ മുറുക്കിപ്പിടിച്ചതൊക്കെ
വിരലുകളിലൂടെ വിടവുകൾ തേടും.

മരുഭ്രമിയുടെ ചുളിവുവീണ മുഖം
കാറ്റിന്റെ കരങ്ങൾക്കു വഴങ്ങും.
കണ്ണുനീർത്തുള്ളിയായി ഉരുളുന്ന
എന്നെ വിസ്മൃതിയിലേക്ക്
തിടുക്കത്തിൽ പൊഴിയിച്ചുകളയും
മുൾക്കിരീടമോ ലൈലാക്കിന്റെ വസന്തമോ
എനിക്ക് പശ്ചാത്തലമൊരുക്കില്ല

ക്യാമറകളുടെ തെളിവെട്ടപ്പിന്
അധികാരികളുടെ മുഖത്ത്
അനുശോചനം ഒരുങ്ങിയെത്തും
ലോകം കണ്ണുചിമ്മുമ്പോൾ
ഉടുതുണി അഴിക്കും.

വർണ്ണക്കടലാസുകളിൽ പൊതിഞ്ഞ്
എന്റെ മരണവാർത്ത
പത്രങ്ങളിലും ചാനലുകളിലും
ചൂടപ്പംപോലെ വിറ്റഴിയും
കോക്കും കോളയും നുണഞ്ഞ്
നാട്ടുകാർ എന്നെ
ഏമ്പക്കമായി പുറത്തുതള്ളും

വീട്ടുകാർ അഭിമാനത്തോടെ
എന്റെ ഓട്ടവീണ ശരീരം
ഏറ്റെടുക്കും. കുഴിച്ചിടും
അച്ഛന്റെ വീരമൃത്യു
മക്കളുടെ ഓർമ്മയിൽ
ത്യാഗത്തിന്റെ നുണക്കഥകൾ നട്ടുവളർത്തും
എന്നെ അറിയാത്തവർ വരെ
വീരപുത്രനെന്നു വിളിച്ച്
ജീവചരിത്രമെഴുതാൻ കുഴിമാടത്തിനടുത്തെത്തും
മൂകമായി കോപ്പിറൈറ്റ് വാങ്ങും.

**ശംഭു ആർ.**
എൻ.എസ്.എസ്. കോളേജ്, പന്തളം





ആലബാമയും അഫ്ഘാനിസ്ഥാനും
വിയറ്റ്നാമും കൊറിയയും ഇറാഖും
എന്റെ രക്തത്താൽ ചരിത്രപുസ്തകങ്ങളിൽ
അടിവരയിടപ്പെട്ട സ്ഥലങ്ങൾ
പരീക്ഷയ്ക്ക് പണിപ്പെട്ട്
വീർപ്പിച്ചെടുക്കുന്ന ഉപന്യാസങ്ങൾ

ഞാൻ കാലാകാലങ്ങളായി ശിരസ്സറ്റുവീഴുന്നു.
പഴയ തൃഷ്ണയോടെ വീണ്ടും
പടയൊരുക്കം നടത്തുന്നു
വേട്ടമൃഗത്തിന്റെയും ഇരയുടെയും വേഷമണിയുന്നു.

മഴ എനിക്ക് മനസ്സിലാകാത്ത ഭാഷ
വെയിൽ എനിക്ക് വഴങ്ങാത്ത വെളിപാട്

ഞാൻ ചുട്ടുകൊല്ലുന്നവർ
എന്റെ ശത്രുക്കളായി നടിക്കുന്നു
അതിനുനേരെ ഞാൻ കണ്ണടക്കുന്നു
അവരില്ലെങ്കിൽ ഞാനില്ല.
ഞങ്ങളില്ലെങ്കിൽ യുദ്ധങ്ങളില്ല
യുദ്ധങ്ങളില്ലെങ്കിൽ അധികാരമെങ്ങനെ
അന്നത്തിനു വകതേടും?

മൃഗങ്ങൾ ബോംബ് നിർമ്മിക്കാത്തതുകൊണ്ട്
അവർക്ക് നോബേൽ സമ്മാനം ലഭിക്കുന്നില്ല
അവരെ കൊന്നൊടുക്കുന്നതിന്
അറവുകാരന് ഭരണകൂടങ്ങൾ
പാരിതോഷികമോ പതക്കമോ നൽകാറില്ല

ഞാൻ അതിർത്തികളിൽ വിശ്വസിക്കാൻ
പണ്ടുമുതലേ പ്രേരിതനായവൻ
റാഡ്ക്ലിഫ്ഫും മക്മോഹനും മാഷിനോ മാഷും
എന്റെ ഗുരുനാഥന്മാർ.

എന്റെ നാടിനെ ചാമ്പലാക്കുന്നവൻ
മറുനാട്ടിൽ രാജ്യസ്നേഹി
അവനുവേണ്ടി അമ്മമാർ പ്രാർത്ഥിക്കുന്നു
പെങ്ങന്മാർ പലഹാരങ്ങൾ നേദിക്കുന്നു
ആരാധകർ പാതനിറക്കുന്നു
ഞാൻ കെണിയൊരുക്കുന്നു
അവന്റെ രക്തസാക്ഷിത്വവും
വാഴ്ത്തപ്പെടലും എന്നിലൂടെ.

അപരബോധത്തിൽ ഞാൻ
അലിഞ്ഞുതീരാൻ പാടില്ല
എന്റെ കാഴ്ച ഒറ്റക്കണ്ണിൽ
കവിയാൻ പാടില്ല.
കവിതയെ കെട്ടിപ്പിടിച്ച്
പോരാട്ടവീര്യത്തിന് ചാരിത്ര്യദോഹം
വരുത്തിവെക്കാൻ പാടില്ല.

എങ്കിലും ചിലപ്പോഴൊക്കെ
എന്റെ പരിചയിൽ
റോസാപ്പൂ പിടിപ്പിക്കാൻ
ഒരു പെൺകുട്ടി വരുന്നതും കാത്ത്
ഞാൻ ഉറങ്ങാതിരിക്കാറുണ്ട്.
അവളുടെ പ്രത്യാശയിൽ
ലോകം പല്ലുമുളക്കാത്ത മോണകാട്ടി
ചിരിക്കുന്നതായി സങ്കല്പിക്കാറുണ്ട്....



# കരുണാമയൻ

**ഗോപകുമാർ രാമകൃഷ്ണൻ**
എസ്എൻ കോളേജ്, ചേർത്തല



ഒരുപാട് കാത്തിരുന്നതു കൊണ്ടാവണം
ദൂരെ കണ്ട മാത്രയിൽ തന്നെ,
അവനരികിലേക്ക് ഓടിയണഞ്ഞ്,
അവൾ പറഞ്ഞു 'എനിക്ക് വിശക്കുന്നു'.
നിറകണ്ണുകളോടെ അവൻ അവളെ ചേർത്തു  പിടിച്ചു,
അവന്റെ സ്നേഹം നൽകി.
അവൾ വീണ്ടും പറഞ്ഞു, 'എനിക്ക് വിശക്കുന്നു'.
അവൻ അവളുടെ നെറുകയിൽ ചുംബിച്ചു.
അവളെ കുളിപ്പിച്ച് വൃത്തിയാക്കി,
തിളങ്ങുന്ന പുതുവസ്ത്രങ്ങൾ ധരിപ്പിച്ചു
അവൾ വീണ്ടും പറഞ്ഞു, 'എനിക്ക് വിശക്കുന്നു'.
അവനവളെ ആഭരണങ്ങൾ അണിയിച്ചു,
അവളുടെ സൗന്ദര്യത്തെ വാനോളം പ്രകീർത്തിച്ചു.
ആർദ്രതയോടെ 'എന്റെ പ്രിയതമേ' എന്നു വിളിച്ചു.
അവൾ വീണ്ടും പറഞ്ഞു, 'എനിക്ക് വിശക്കുന്നു'.
വികാരഭരിതനായി അവൻ അവളെ വാരിപുണർന്നു.
അപ്പോളും അവൾ പറഞ്ഞുകൊണ്ടേയിരുന്നു,
'എനിക്ക് വിശക്കുന്നു'.
അവനു ദേഷ്യം വരുന്നുണ്ടായിരുന്നു, എങ്കിലും
അത് പുറമേ കാണിക്കാതെ അവൻ ഓർത്തു.
'ആർത്തിപ്പണ്ടാരം!
എന്തെന്തു കിട്ടിയാലും മതിയാവില്ല'.
ഒടുവിൽ അവൾ ഒന്നും പറയാതെയായി.
പതിയെ അടയുന്ന നിറമിഴികളാൽ അവനിലേക്കാഞ്ഞ്
അവനിൽ അലിഞ്ഞലിഞ്ഞു ചേർന്നു.
കരുണാമയനായ അവൻ അവളിൽ പ്രസാദിച്ചു.




# വിദ്യാർത്ഥി വസന്തം

**ഡോ. സീത വിജയകുമാർ**
എൻഎസ്എസ് കോളേജ്, പന്തളം



2019 എന്തിന്റെ പേരിലായിരിക്കും ചരിത്രത്തിൽ ഓർമിക്കപ്പെടുക. ഒരുപക്ഷേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അരങ്ങേറിയ പ്രക്ഷോഭങ്ങളുടെ പേരിൽ ആയിരിക്കും. കഴിഞ്ഞ പതിറ്റാണ്ട് തുടങ്ങിയതു തന്നെ ജനകീയ പ്രക്ഷോഭങ്ങളോടെയാണ്. 2010ന്റെ ഒടുക്കം ടുണീഷ്യയിലും 2011ൽ ഒട്ടനവധി അറബ് രാജ്യങ്ങളിലും ജനങ്ങൾ ഭരണകൂടങ്ങൾക്കെതിരെ തെരുവിലിറങ്ങി. അത് അറബ് വസന്തമെന്ന് വിളിക്കപ്പെട്ടു. 2019ഉം വ്യത്യസ്തമായിരുന്നില്ല. അൾജിയേഴ്സിലും, ഖാർത്തൂമിലും, ഹോങ്കോങ്ങിലും ജനം പ്രക്ഷോഭത്തിനായിറങ്ങി. പല നഗരങ്ങളിലും, പ്രത്യേകിച്ചും ഹോങ്കോങ്ങിൽ, ഇനിയും പ്രതിഷേധങ്ങൾ കെട്ടടങ്ങിയിട്ടില്ല.  ഈ നഗരങ്ങളിലെല്ലാം സമരങ്ങൾക്ക് നേതൃത്വം നൽകിയത് ചെറുപ്പക്കാരും വിദ്യാർത്ഥികളും ആയിരുന്ന




എന്നതാണ് പ്രത്യേകത. ഹോങ് കോങ്ങിൽ പോളിടെക്നിക് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾ ഒന്നടങ്കം പ്രക്ഷോഭത്തിൽ പങ്കു ചേരുകയായിരുന്നു. ഒടുക്കം പൊലീസിനു യൂണിവേഴ്സിറ്റിക്കു ചുറ്റും ഉപരോധം തീർക്കേണ്ടി വന്നു.

അങ്ങിനെ ലോകത്തിന്റെ പല ഭാഗങ്ങളിലും വിദ്യാർത്ഥികൾ സമരത്തിനിറങ്ങിയപ്പോൾ ഇന്ത്യയിലെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. പല വിഷയങ്ങളിലും, ഇന്ത്യയിലെ മുഖ്യ പ്രതിപക്ഷ പാർട്ടികൾ പോലും വ്യക്തതയില്ലാതെ മടിച്ചിരുന്നപ്പോൾ വിദ്യാർത്ഥികളാണ് സമരത്തിനു മുന്നിട്ടിറങ്ങിയത്. അവർ ദില്ലിയിലെ ജാമിയ മില്ലിയ സർവകലാശാലയിൽ കൊളുത്തിയ തീ പിന്നീട് രാജ്യം മുഴുവൻ പടരുന്നതാണ് നമ്മൾ കണ്ടത്.

വിദ്യാർത്ഥികളുടെ ഒരു പ്രത്യേകത അവരുടെ രാഷ്ട്രീയധാരണകൾ ശക്തമായ ധാർമ്മിക മൂല്യങ്ങളിൽ അധിഷ്ഠിതമായിരിക്കും എന്നതാണ്. അവർ നാളെയുടെ രാജ്യശില്പികളാണ്. ആശയവാദികളാണ്. മുതിർന്നവരുടെ ആശയ യാഥാസ്ഥിതികതയോ ശാരീരിക ക്ലേശതകളോ അവർക്കില്ല. ലോകത്തെ മാറ്റിത്തീർക്കാനുള്ള ത്വരയാണ് പലപ്പോഴും അവരിൽ കാണുക. 'ഒരു പാട് ലോകം കണ്ട' ദോഷൈദൃക്കുകളല്ല അവർ. മറിച്ച് ലോകത്തെക്കുറിച്ച്, രാഷ്ട്രത്തെക്കുറിച്ച്, സമൂഹത്തെക്കുറിച്ച് ഭരണഘടനാധിഷ്ഠിതമായ കാഴ്ചപ്പാടുള്ളവരാണ് അവർ. അതുകൊണ്ടാണ് ലോകത്തിന്റെ പല ഭാഗങ്ങളിലും ചരിത്രത്തെ മുന്നോട്ടു കൊണ്ടുപോയിട്ടുള്ള പ്രക്ഷോഭങ്ങളുടെ മുൻപന്തിയിൽ വിദ്യാർത്ഥികൾ ഉണ്ടായിട്ടുള്ളത്. സ്വാതന്ത്ര്യബോധവും ധാർമികരോഷവും (moral anger) ചേരുമ്പോഴാണ് വിദ്യാർത്ഥി ഉയർത്തെഴുന്നേല്പ്പുകൾ ഉണ്ടാകുന്നത്.

ഒരു ജനാധിപത്യ സമൂഹത്തിൽ ഭരണകൂടത്തിനെതിരെ പ്രതിഷേധങ്ങൾ ഉണ്ടാവുന്നത് സ്വാഭാവികമാണ്. പ്രധാനമായും പ്രതിപക്ഷ പാർട്ടികളോ അവയുടെ പോഷക സംഘടനകളോ ആണ് ഇത്തരം പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുക. അവയുടെ അസാന്നിധ്യത്തിൽ ജനങ്ങൾ നേരിട്ടു തെരുവിലിറങ്ങുന്നത് അസംഭവ്യമല്ല. ഇന്ത്യയിൽ ഇന്ന് നിലവിലുള്ളത് സമീപകാല ചരിത്രത്തിലെ ഏറ്റവും ശക്തമായ സർക്കാരുകളിലൊന്നാണ്, ലോകസഭയിലെ ഭൂരിപക്ഷം പരിഗണിച്ചാൽ. മാത്രമല്ല, സംസ്ഥാനങ്ങളിലും ഭരണപാർട്ടി ശക്തമായ നേട്ടം സമീപവർഷങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്. പ്രതിപക്ഷം വളരേ ക്ഷീണിതവുമാണ്. ഈ സാഹചര്യത്തിലാണ് ഇന്ത്യയിൽ കഴിഞ്ഞ ആറു വർഷക്കാലയളവിൽ ഉയർന്നു വന്നിട്ടുള്ള വിദ്യാർത്ഥി പ്രക്ഷോഭങ്ങളെ മനസിലാക്കാൻ.

ഇന്ത്യയുടെ കാര്യം നോക്കുക. 2016ൽ ദില്ലി ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി കേന്ദ്രീകരിച്ചുണ്ടായ വിദ്യാർത്ഥി സമരമാണ് അന്നത്തെ കേന്ദ്രസർക്കാർ 2014ൽ അധികാരത്തിൽ വന്നതിനു ശേഷം കാണുന്ന ഒരു ശക്തമായ പ്രതിഷേധം. ദില്ലി പൊലീസ് നിഷ്ഠുരമായാണ് ആ സമരത്തെ നേരിട്ടത്. അന്നത്തെ ജെഎൻയു വിദ്യാർത്ഥി യൂണിയൻ പ്രസിഡന്റായ കനയ്യ കുമാറടക്കമുള്ളവർക്കെതിരെ രാജ്യദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തു. കനയ്യയെ കോടതി വളപ്പിൽവച്ച് സർക്കാരനുകൂലികൾ ആക്രമിക്കുന്നിടം വരെയെത്തി കാര്യങ്ങൾ. പക്ഷേ കനയ്യയേയും, ഒമർ ഖാലിദിനേയും, ഷെഹ്‌ലാ റഷീദിനേയും പോലുള്ള വിദ്യാർത്ഥി നേതാക്കൾ ആ സമരത്തിൽ നിന്നും ഉയർന്നു വരുന്നതാണ് രാജ്യം കണ്ടത്. 2016ൽ ഹൈദരബാദ് സർവകലാശാല വിദ്യാർത്ഥി രോഹിത് വെമുല ആത്മഹത്യ ചെയ്തതാണ് മറ്റൊരു പ്രധാന സംഭവം. അംബേദ്കർ സ്റ്റുഡന്റ്സ് അസോസിയേഷനിൽ അംഗമായിരുന്ന രോഹിത് രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. യൂണിവേഴ്സിറ്റി രോഹിത്തിന്റെ സ്റ്റൈപൻഡ് കൊടുക്കുന്നത് നിർത്തലാക്കിയിരുന്നു. യൂണിവേഴ്സിറ്റിയിൽ നടന്ന ഒരു കലഹവുമായി ബന്ധപ്പെട്ട് രോഹിത്തിനെ ഉൾപ്പെടെ അഞ്ചു വിദ്യാർത്ഥികളെ അധികൃതർ സസ്പെൻഡ് ചെയ്തതിനു ശേഷമാണ് രോഹിത് ആത്മഹത്യ ചെയ്യുന്നത്.

രോഹിത്തിന്റെ ആത്മഹത്യ രാജ്യത്തിന്റെ പല ഭാഗത്തും വിവിധ തോതിലുള്ള വിദ്യാർത്ഥി സമരങ്ങൾക്കു വഴിവച്ചു. രോഹിത്തിന്റെ മരണം വെറും ആത്മഹത്യയല്ലെന്നും, അതൊരു വ്യവസ്ഥാപിത കൊലപാതകമാണെന്നുമാണ് (institutional murder) വിദ്യാർത്ഥികൾ ആരോപിച്ചത്. രാജ്യത്തിന്റെ പ്രധാനപ്പെട്ട സർവകലാശാലകൾ പോലും ദലിത് വിദ്യാർത്ഥികളെ അന്യവത്കരിച്ച് മരണത്തിലേക്കു തള്ളിവിടുന്നത് എങ്ങിനെ എന്നാണ് രോഹിത്




വെമുലയുടെ മരണം നമുക്ക് കാണിച്ച് തന്നത്.

കഴിഞ്ഞ വർഷം ജാമിയയിലും, അലിഗഢിലും മറ്റ് പല വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഉണ്ടായ പ്രതിഷേധങ്ങൾ കാണിച്ചു തന്നത് രോഹിത് വെമുലയും, കനയ്യയും മറ്റും കൊളുത്തിയ അഗ്നി ഇപ്പോഴും ജ്വലിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. 2019ലെ തെരഞ്ഞെടുപ്പിനു ശേഷം ഇപ്പോഴത്തെ സർക്കാരും കോടതിയും മറ്റും ഒരു കൂട്ടം പ്രധാനപ്പെട്ട വിവാദ തീരുമാനങ്ങൾ എടുക്കുകയുണ്ടായി. അതിൽ ഒന്നാണ് കാശ്മീരിന്റെ പ്രത്യേക പദവി റദ്ദ് ചെയ്യൽ. ആഗസ്റ്റ് മാസം കഷ്മീരിന്റെ പ്രത്യേക പദവി എടുത്തു കളഞ്ഞ് ജമ്മു കാശ്മീർ സംസ്ഥാനത്തെ മൂന്ന് കേന്ദ്രഭരണ പ്രദേശമാക്കി മാറ്റിയതിനു ശേഷം കാശ്മീർ താഴ്‌വര പൂർണമായും ഒറ്റപ്പെട്ട സ്ഥിതിയിലാണ്. മാസങ്ങളായി അവിടെ മൊബൈൽ ഇന്റർനെറ്റ് ഇല്ല. ടെലഫോൺ സംവിധാനം തന്നെ നാളുകൾക്കു ശേഷമാണ് പുനസ്ഥാപിക്കപ്പെട്ടത്. മൂന്നു മുഖ്യമന്ത്രിമാർ ഉൾപ്പെടെ കാശ്മീരിലെ പല രാഷ്ട്രീയ നേതാക്കളും മാസങ്ങളായി തടങ്കലിൽ ആണ്. സർക്കാരിന്റെ കാശ്മീർ നയത്തിനെതിരെ കാര്യമായ പ്രതിഷേധങ്ങളൊന്നും ഉയർന്നു വന്നിരുന്നില്ല.

അതുപോലെ തന്നെ ഒരു സുപ്രധാന തീരുമാനമായിരുന്നു സുപ്രീം കോടതിയുടെ അയോധ്യാ വിധി. 1992ലാണ് ബാബറി മസ്ജിദ് കർസേവകർ പൊളിച്ചു മാറ്റുന്നത്. അന്നു മുതൽ കേസ്സ് കോടതിയിലാണ്. സുപ്രീം കോടതി ഐകകണ്ഠേന തീരുമാനിച്ചത് ബാബറി മസ്ജിദ് ഇരുന്നിരുന്ന ഭൂമി ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്ക് പള്ളി പണിയാൻ വേറെ എവിടെയെങ്കിലും അഞ്ചേക്കറ് നൽകാനായിരുന്നു. കോടതിവിധിക്കെതിരെ പ്രതിഷേധങ്ങൾ പൊട്ടിപ്പുറപ്പെടുമെന്ന് പലരും മുന്നറിയിപ്പ് നൽകിയിരുന്നെങ്കിലും അങ്ങിനെ ഒന്നും ഉണ്ടായില്ല. അതുപോലെ രാജ്യത്തിന്റെ പല ഭാഗങ്ങളിലായി നടക്കുന്ന ആൾക്കൂട്ട കൊലപാതകങ്ങൾ. ഇതിൽ ഭൂരിഭാഗവും ഇരകൾ ന്യൂനപക്ഷസമുദായത്തിൽ പെട്ടവരായിരുന്നു. ഭൂരിപക്ഷം കൊലകളും പശുവിന്റെ പേരിലും. ഇങ്ങിനെ ഒന്നിനു പുറകേ ഒന്നായി വിവാദ സംഭവങ്ങളും തീരുമാനങ്ങളും അരങ്ങേറുന്ന സമയത്താണ് കേന്ദ്ര സർക്കാർ പൗരത്വ നിയമ ഭേദഗതിയുമായി വരുന്നത്. അതും പ്രതിഷേധങ്ങളൊന്നും ഉണ്ടാവാതെ കടന്നുപോകുമെന്നായിരിക്കണം ഒരു പക്ഷേ സർക്കാർ കരുതിയിരിക്കുക. ആ പ്രതീക്ഷ തെറ്റിച്ചത് വിദ്യാർത്ഥികളായിരുന്നു. ഇത്തരം സംഭവങ്ങളിൽ എല്ലാം തന്നെ ആദ്യ മറുചോദ്യം ഉയർന്നു കേട്ടത് ഇവിടുത്തെ വിദ്യാർഥികളിൽ നിന്നാണ്.

പൗരത്വ നിയമ ഭേദഗതി അനുസരിച്ച് ഇന്ത്യയുമായി അതിർത്തി പങ്കിടുന്ന മൂന്നു മുസ്ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ -- പാകിസ്താൻ, അഫ്ഘാനിസ്ഥാൻ, ബംഗ്ലദേശ് -- മതപീഡനം നേരിടുന്ന ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യയിൽ പൗരത്വം ലഭിക്കും. ഒറ്റനോട്ടത്തിൽ ഇത് അയൽരാജ്യങ്ങളിൽ മതപീഡനം നേരിടുന്നവർക്ക് ആശ്വാസം നൽകുന്ന നിയമമാണെന്ന് തോന്നാമെങ്കിലും, ഇത് മുസ്ലിങ്ങളെ ഒഴിച്ചു നിർത്തുന്നു എന്നിടത്താണ് വിവാദമായത്. ഈ രാജ്യങ്ങളിലെ മുസ്ലിങ്ങളൊഴിച്ച് മറ്റുള്ളവർക്ക് മാത്രമേ പൗരത്വത്തിന് അപേക്ഷിക്കാൻ പറ്റൂ. ശ്രീലങ്ക, മ്യാന്മർ, ചൈന എന്നീ രാജ്യങ്ങളെ ഇന്ത്യ പട്ടികയിൽ ഉൾപ്പെടുത്തിയതുമില്ല. ഈ രാജ്യങ്ങളിൽ മുസ്ലിങ്ങൾ ന്യൂനപക്ഷമാണ്. അതുകൊണ്ട് തന്നെ പൗരത്വനിർണയത്തിന്റെ അടിസ്ഥാനം മതമാകുന്നു. അതു ഒരു മതേതര രാഷ്ട്രത്തിന്റെ അടിസ്ഥാന ഭരണഘടനാ മൂല്യങ്ങൾക്ക് എതിരാണ് എന്നു പറഞ്ഞു കൊണ്ടാണ് വിദ്യാർത്ഥികളും ചെറുപ്പക്കാരും പ്രതിഷേധിച്ചു തുടങ്ങിയത്. വിദ്യാർഥികൾ മതത്തിന്റെയോ ജാതിയുടെയോ വരേണ്യവാദം പിന്തുടരാതെ ഭരണഘടനാ മൂല്യങ്ങൾക്കായി തെരുവിൽ ഇറങ്ങി എന്നത് അത്യന്തം പ്രതീക്ഷനൽകുന്നു.

മറ്റൊരു പ്രശ്നം കൂടി ഉണ്ട്. പൗരത്വ ഭേദഗതി നിയമം പാർലമെന്റിൽ പാസാക്കുന്നതിനു മുൻപ് സർക്കാർ അസമിൽ ഒരു ദേശീയ പൗരത്വ രജിസ്റ്റർ (NRC) തയ്യാറാക്കിയിരുന്നു. ഇതനുസരിച്ച്, വേണ്ടത്ര രേഖകളോടെ പൗരത്വം തെളിയിക്കേണ്ട ചുമതല ആ സംസ്ഥാനങ്ങളിൽ ഉള്ളവർക്കായിരുന്നു. ഒടുവിൽ പൗരത്വപട്ടിക വന്നപ്പോൾ ഇരുപതു ലക്ഷം ആളുകൾക്കാണ് പൗരത്വം നഷ്ടപ്പെട്ടത്. ഇതിൽ മുസ്ലിങ്ങല്ലാത്തവർക്ക് പൗരത്വ ഭേദഗതി നിയമമനുസരിച്ച് ഇന്ത്യൻ പൗരത്വത്തിനു അപേക്ഷിക്കാം. അപ്പോഴും മുസ്ലിങ്ങൾ പുറത്താവും. അവരെ എന്തു ചെയ്യുമെന്ന കാര്യത്തിൽ ഇപ്പോഴും വ്യക്തത ഇല്ല. ഈ എൻആർസി രാജ്യം മുഴുവൻ നടപ്പാക്കും എന്നാണ് തെരഞ്ഞെടുപ്പ് പ്രചരണ സമയത്ത് ഭരണപ്പാർട്ടി നേതാക്കൾ പറഞ്ഞത്. അതായത്, രാജ്യവ്യാപകമായി കോടിക്കണക്കിനാളുകൾക്ക് ഒരുപക്ഷേ അവരുടെ പൗരത്വം നഷ്ടപ്പെട്ടേക്കാമെന്ന്.

ആദ്യത്തെ പ്രധാന പ്രക്ഷോഭം അരങ്ങേറിയത് ജാമിയ സർവകലാശാലയിലയിലായിരുന്നു. ദില്ലി പൊലീസ് വിദ്യാർത്ഥികളെ ക്രൂരമായാണ് നേരിട്ടത്. പൊലീസ് സർവകലാശാലയ്ക്കുള്ളിൽ കടന്നു എന്ന് മാത്രമല്ല, ലൈബ്രറിയിലും, വാഷ്റൂമിനകത്തും കയറി വിദ്യാർത്ഥികളെ വേട്ടയാടി. പലർക്കും ഗുരുതരമായി പരിക്കേറ്റു. ജാമിയക്കു ശേഷം പ്രതിഷേധം പൊട്ടിപ്പുറപ്പെട്ട അലിഗഡ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികൾക്കെതിരെയും കടുത്ത അക്രമങ്ങളാണ് പൊലീസ് അഴിച്ചു വിട്ടത്. ഈ അക്രമങ്ങളുടെ ദൃശ്യങ്ങൾ ഫോട്ടോകളായും ചെറിയ വീഡിയോ ക്ലിപ്പുകളായും സോഷ്യൽ മീഡിയ വഴി വൻതോതിൽ പ്രചരിക്കപ്പെട്ടു. അങ്ങിനെയാണ് ജാമിയ സമരം പൗരത്വനിയമത്തിനെതിരെയുള്ള പ്രക്ഷോഭത്തിൽ ഒരു വഴിത്തിരുവായത്.

ജാമിയയിൽ പൊലീസ് വിദ്യാർത്ഥികളെ ആക്രമിച്ച അന്നു വൈകുന്നേരം ദില്ലി ഐടിഒവിലെ പൊലീസ് ഹെഡ്ക്വാട്ടേഴ്സിനു മുന്നിൽ ആയിരക്കണക്കിനു വിദ്യാർത്ഥികളാണ്, ദില്ലി യൂണിവേഴ്സിറ്റി, ജെഎൻയു, ജാമിയ എന്നിവിടങ്ങളിൽ നിന്നുള്ളവരും മറ്റുള്ളവരും, അണി നിരന്നത്. അതിനു ശേഷം പൗരത്വ നിയമഭേദഗതിക്കെതിരെ രാജ്യവ്യാപകമായി പ്രതിഷേധങ്ങളുയർന്നു. കേരളം മുതൽ ദില്ലി വരെ. ദില്ലിയിലെ പ്രഗതി മൈദാനിൽ വിദ്യാർഥികൾ ദില്ലിപോലീസിനു റോസാപുഷ്പങ്ങൾ നൽകി പ്രതിഷേധിച്ചു. ജാമിയയിൽ തങ്ങളെ നേരിടാൻ വന്ന പൊലീസുകാരുടെ മുന്നിൽ കയറി നിന്ന് ദേശീയ ഗാനം ആലപിച്ച് അവർ പൊലീസുകാരെ നിശ്ചലരാക്കി. പലയിടങ്ങളിലും വിദ്യാർഥികൾ അംബേദ്കറുടേയും ഗാന്ധിജിയുടേയും ചിത്രങ്ങൾ ഉയർത്തിപ്പിടിച്ചാണ്, ദേശീയപതാക ഉയരത്തിൽ വീശിക്കൊണ്ടാണ് പ്രതിഷേധങ്ങൾ സംഘടിപ്പിച്ചത്. ഭരണഘടന ശില്പിയായ അംബേദ്കറെ ഉയർത്തിപ്പിടിച്ച് ഗാന്ധിയൻ സത്യഗ്രഹയിലൂടെ ഇന്ത്യയിൽ മറ്റൊരു ദേശീയത സാധ്യമാണെന്നാണ് ഈ വിദ്യാർത്ഥികൾ പറഞ്ഞു വച്ചത്. അവരുടെ ഐക്യവും രാഷ്ട്രീയ വ്യക്തതയും, ധീരതയുമാണ് പ്രതിഷേധങ്ങൾ 'മുസ്ലിങ്ങളുടെ മാത്രം' പ്രതിഷേധമാണെന്ന പ്രചരണത്തെ പൊളിച്ചത്. അതുകൊണ്ടാണ് പ്രധാനമന്ത്രിക്ക് തന്റെ അഭ്യന്തര മന്ത്രിയെ പരസ്യമായി തിരുത്തിക്കൊണ്ട് രാജ്യവ്യാപകമായി എൻആർസി നടപ്പാക്കുന്ന കാര്യത്തെ പറ്റി സർക്കാർ ചിന്തിച്ചിട്ടു പോലുമില്ല എന്നു പറയേണ്ടി വന്നത്(ഇന്ത്യ ടുഡേ,ഡിസംബർ 24, 2014.

എൻ ആർ സിയുടെ കാര്യത്തിൽ തത്കാലത്തേക്ക് പിന്നോട്ട് പോകുകയാണെന്ന് സർക്കാർ സൂചിപ്പിച്ചെങ്കിലും പൗരത്വ നിയമവുമായി മുന്നോട്ടു പോകുകയാണ്. അതുകൊണ്ട് പ്രതിഷേധങ്ങൾ പുതുവർഷത്തിൽ കെട്ടടങ്ങിയിട്ടില്ല. രാജ്യത്തെ കാമ്പസുകൾ ശാന്തമായിട്ടുമില്ല. സമാധാനപൂർണ്ണമായി ജെ എൻ യു വിലെ സബർമതി പോയിന്റിൽ ഒത്തുകൂടിയ വിദ്യാർഥികൾക്കും അധ്യാപകർക്കുമെതിരെ ഇരുട്ടിന്റെ മറവിൽ മുഖംമൂടി ആക്രമണം നടത്തിയെന്ന വാർത്തകളാണ് പുറത്തുവരുന്നത്. ജാമിയയുടേയും അലിഗഡിന്റേയും മുറിവുകൾ ഉണങ്ങാൻ പാടാണ്. ഒന്നുറപ്പാണ്, വിദ്യാർത്ഥികൾ ലോകത്തിന്റെ മറ്റേതൊരു കോണിലേതും പോലെ ഇന്ത്യയിലും ജാഗരൂഗരാണ്, രോഷാകുലരും നിർഭയരുമാണ്. വിദ്യാർഥികൾ തെരുവിൽ ഇറങ്ങിയപ്പോഴൊക്കെ അധികാരവർഗം അടിയറവുപറഞ്ഞിട്ടുണ്ട് എന്നതാണ് ചരിത്രമെന്നിരിക്കെ തീർച്ചയായും 'ഇന്ത്യ എന്ന ആശയം' ലോകത്തിനു മുന്നിൽ തലയുയർത്തിപ്പിടിച്ചു നിൽക്കുകതന്നെചെയ്യും.

(ലേഖിക ജെ എൻ യുവിലെ പൂർവ്വ വിദ്യാർഥിനിയാണ്)

# മതനിരപേക്ഷ സമൂഹത്തിനായി അധ്യാപകർ ഉണരണം




തൃശ്ശൂർ :ഉന്നത വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര സർക്കാർ നടത്തികൊണ്ടിരിക്കുന്ന കച്ചവട താൽപ്പര്യങ്ങളും ഹൈന്ദവ അധീശീതത്വ പ്രത്യയശാസത്രങ്ങളും തിരിച്ചറിഞ്ഞ അതിനെതിരെ അധ്യാപകരും വിദ്യാർത്ഥികളും പ്രവർത്തിക്കണമെന്ന് ശ്രീ കേരളവർമ്മ കോളേജിൽ നടന്ന എ.കെ.പി.സി.ടി.എ തൃശ്ശൂർ ജില്ലാ സമ്മേളനം ആഹ്വാനം ചെയ്തു.

ഡോ. ബിച്ചു. എക്സ്. മലയിൽ ഉദ്ഘാടനം ചെയ്തു. കേരളമാണ് കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ ശക്തമായ നിലപാടുകളുമായി മുന്നോട്ടുവന്നിരിക്കുന്നതെന്ന് മുഖ്യപ്രഭാഷണത്തിലൂടെ മുൻ എം .എൽ.എ. ബാബു എം.പാലിശ്ശേരി അഭിപ്രായപ്പെട്ടു. കേരളത്തിന്റെ സമ്പദ്ഘടനയെയും വികസനത്തെയും തകർക്കുവാനാണ് കേന്ദ്രം ശ്രമിച്ചു കൊണ്ടിരിക്കുന്നത്..ഇതിനെ പൊതുസമൂഹത്തിന്റെ മുന്നിൽ തുറന്നു കാട്ടുവാൻ അദ്ധ്യാപക സമൂഹം തയ്യാറാകണമെന്നും അദ്ദേഹം കൂട്ടിചേർത്തു.

സമ്മേളനത്തിന് സി.പി.എം ഏരിയ സെക്രട്ടറി രവീന്ദ്രൻ സ്വാഗതം പറഞ്ഞു. എഫ്.എസ്.ഇ.ടി.ഒ. ജില്ലാ സെക്രട്ടറി പി.എസ്.രഘുനാഥ്, എ കെ.ജി.സി.ടി ജില്ലാ സെക്രട്ടറി ഡോ.ജോജോമോൻ എൻ.എ, കെ.എൻ ടി ഇ ഒ ജനറൽ സെക്രട്ടറി കെ.എൻ.ഗിരിധരൻ ,ഡോ. പി.കെ.കുശലകുമാരി, പ്രൊഫ.ആർ. ബിന്ദു, ഡോ.കെ.പ്രദീപ് കുമാർ, ഡോ.ബി.പി.അരവിന്ദ, പി.പ്രമോദ് എന്നിവർ പ്രസംഗിച്ചു. ഭാരവാഹികൾ .ഡോ.പി.എസ്.വിജോയ് (പ്രസിഡന്റ്),ഡോ.കെ.പ്രദീപ്കുമാർ (സെക്രട്ടറി),ഡോ.കെ.സുധീന്ദ്രൻ (വൈസ് പ്രസിഡന്റ്),ആഷ എസ്. കുട്ടി (ജോയിന്റ് സെക്രട്ടറി).

# ആലപ്പുഴ ജില്ലാസമ്മേളനം

AKPCTA ആലപ്പുഴ ജില്ലാ സമ്മേളനം ജൂലൈ ഒന്നാം തീയതി ഉച്ചക്ക് 2 മണിക്ക് Zoom Platform ൽ ചേർന്നു . കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സമ്മേളനം ഓൺലൈനായി നടത്തിയെങ്കിലും സമ്മേളനത്തിന്റെ ഗൗരവം ഒട്ടും ചോർന്ന് പോകാതെ എല്ലാ നടപടി ക്രമങ്ങളും പാലിച്ചാണ് സമ്മേളനം പൂർത്തീകരിച്ചത്. ഉന്നത വിദ്യാമേഖലയിൽ പുതിയ കാഴ്ച്ചപ്പാടുകൾ പങ്കു വയ്ക്കുകയും വെല്ലുവിളികൾ ഏറ്റെടുത്ത് സംഘടനയെ കൂടുതൽ കരുത്തോടെ നയിക്കേണ്ടതിന്റെ പ്രധാന്യം അംഗങ്ങളുടെ ചർച്ചകളിൽ വ്യക്തമായിരുന്നു. ജില്ലാ പ്രസിഡന്റ് Dr ടി ആർ അനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം സഖാവ് ആർ നാസർ (CPIM ജില്ലാ സെക്രട്ടറി) ഉദ്ഘാടനം ചെയ്തു. ഓൺലൈൻ വിദ്യാഭ്യാസത്തെ കുറിച്ചുള്ള പാർട്ടി നിലപാട് അദ്ദേഹം പ്രസംഗത്തിൽ പ്രത്യേകം എടുത്തു പറഞ്ഞു, ഈ അസാധാരണ ഘട്ടത്തിൽ കുട്ടികളെ സഹായിക്കാൻ മാത്രമാണ് ഓൺലൈൻ പഠനമെന്നും സാഹചര്യം മാറുന്ന മുറക്ക് ബാക്കിയെല്ലാം പഴയ പടിയാവുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാത്രമല്ല ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പാർട്ടി AKPCTA യുടെ കൂടെയുണ്ടാകുമെന്ന ഉറപ്പും അദ്ദേഹം നൽകി. : സമ്മേളനത്തെ അഭിവാദ്യം ചെയ്തു കൊണ്ട് AKPCTA സംസ്ഥാന പ്രസിഡന്റ് Dr. സി പത്മനാഭൻ . DYFI സംസ്ഥാന വൈസ് പ്രസിഡന്റ് മനു സി പുളിക്കൽ, പാർട്ടി ജില്ലാ സെക്രട്ടറിയേറ്റ് അംഗം സഖാവ് ഹരിശങ്കർ എന്നിവർ സംസാരിച്ചു. AKPCTA സംഘടനാ റിപ്പോർട്ടിംങ് സംസ്ഥാന ജനറൽ സെക്രട്ടറി പ്രൊഫ ആർ ഇന്ദുലാൽ, ജില്ലാ റിപ്പോർട്ടിംങ് ജില്ലാ സെക്രട്ടറി മനോജ് ടി ആർ എന്നിവർ നിർവഹിച്ചു. യോഗത്തിന് Dr S സുരേഷ് സ്വാഗതവും D r രാജീവ് നന്ദിയും അറിയിച്ചു. Dr S ഫറൂഖ് രക്തസാക്ഷി പ്രമേയവും ,Dr S അജയകുമാർ , അനുശോചന പ്രമേയവും അവതരിപ്പിച്ചു . സമ്മേളനം താഴെ പറയുന്ന ഭാരവാഹികളെ തിരഞ്ഞെടുത്തു.

പ്രസിഡന്റ് - ഡോ. ടി.ആർ. അനിൽ കുമാർ, എസ് .ഡി. കോളേജ് ആലപ്പുഴ, വൈസ് പ്രസിഡന്റ് : പ്രൊഫ. വിനോദ് ജേക്കബ്, എസ് .എൻ. കോളേജ് ചേർത്തല, സെക്രട്ടറി : ഡോ. മനോജ് ടി. ആർ, എം.എസ് .എം കോളേജ് കായംകുളം, ജോയിന്റ് സെക്രട്ടറി -ഡോ. രാജീവ് എസ് .ആർ., ടി.കെ.എം. കോളേജ് നങ്യാർകുളങ്ങര, ട്രഷറർ : ശ്രീദേവി ഗോപാലകൃഷ്ണൻ, എസ്.എൻ.കോളേജ്,

**ജില്ലാ കമ്മിറ്റി അംഗങ്ങൾ**

ഡോ. ഫറൂഖ് എസ്., എം.എസ്.എം കോളേജ് കായംകുളം, ഡോ.ബിജി എബ്രഹാം, ക്രിസ്ത്യൻ കോളേജ് ചെങ്ങന്നൂർ, ഡോ. എൻ. രേണുക, എൻ.എസ്.എസ്. കോളേജ് ചേർത്തല, സംസ്ഥാന കമ്മിറ്റി നോമിനേഷൻ : ഡോ.എസ് .സുരേഷ് ഡി.ബി. കോളേജ് ഇരമല്ലിക്കര

# മതനിരപേക്ഷ പൗരത്വം ഉയർത്തിപ്പിടിക്കുക എ.കെ.പി.സി.ടി.എ. പാലക്കാട് ജില്ല






ദേശീയ വിദ്യാഭ്യാസ നയത്തെ പ്രതിരോധിക്കുക, മതനിരപേക്ഷ പൗരത്വം ഉയർത്തിപ്പിടിക്കുക എന്നീ മുദ്രാവാക്യങ്ങളുയർത്തിക്കൊണ്ട് എ.കെ.പി.സി.ടി.എ. പാലക്കാട് ജില്ലാ സമ്മേളനം സമാപിച്ചു. പൗരത്വനിയമത്തിനെതിരെ പ്രതികരിക്കുന്ന ഇന്ത്യൻ കാമ്പസുകളിലെ അദ്ധ്യാപക -വിദ്യാർത്ഥികളെ തല്ലിച്ചതക്കുന്ന കേന്ദ്രസർക്കാർ സമീപനം അപലപനീയമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ നിന്നും പൂർണ്ണമായും കേന്ദ്രസർക്കാർ പിന്മാറുകയാണ്. ദേശീയ വിദ്യാഭ്യാസനയം നടപ്പിലാക്കുക വഴി രാജ്യത്തെ അനേകായിരം കോളേജുകൾ അടച്ചുപൂട്ടേണ്ടിവരും. ഇത്തരം നയങ്ങൾക്കെതിരായി പ്രതികരിക്കാൻ കോളേജ് അദ്ധ്യാപകർ ഒറ്റക്കെട്ടായി മുന്നിട്ടിറങ്ങണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ജില്ലാ സമ്മേളനം നെന്മാറ എം .എൽ.എ. കെ. ബാബു ഉദ്ഘാടനം ചെയ്തു.  പ്രൊഫ. കെ. നയന അദ്ധ്യക്ഷയായി. സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പി.എൻ. ഹരികുമാർ മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. പി. ഹരിദാസ്, ഡോ. കെ.പി. വിനോദ് കുമാർ, ഡോ. ജി. റിജുലാൽ, സന്തോഷ്കുമാർ, ടി. ജയപ്രകാശ് തുടങ്ങിയവർ സംസാരിച്ചു.

യാത്രയയപ്പ് സമ്മേളനം ഡോ. കെ. വാസുദേവൻപിള്ള ഉദ്ഘാടനം ചെയ്തു. ഡോ. ജയപ്രകാശ് ആർ.കെ. അദ്ധ്യക്ഷനായി. പ്രൊഫ. ജി. സഞ്ജീവ്, പ്രൊഫ. എ.ടി. ചെറിയാ തുടങ്ങിയവർ സംസാരിച്ചു. ജില്ലയിലെ വിവിധ കോളേജുകളിൽ നിന്നായി 687 അദ്ധ്യാപകർ യാത്രയയപ്പ് ഏറ്റുവാങ്ങി.

പുതിയ ഭാരവാഹികൾ: ഡോ. ജയപ്രകാശ് ആർ.കെ. (ഒറ്റപ്പാലം എൻ.എസ്.എസ്. ട്രെയിനിങ് കോളേജ്) പ്രസിഡന്റ്, ഡോ. ലിജി കെ.ടി. (മേഴ്സി കോളേജ്, പാലക്കാട്) വൈസ് പ്രസിഡന്റ്, പ്രൊഫ. പി. ഹരിദാസ് (വി.ടി.ബി. കോളേജ് ശ്രീകൃഷ്ണപുരം) സെക്രട്ടറി, ഡോ. രാജേഷ് ആർ. (എൻ.എസ്.എസ്. കോളേജ് നെന്മാറ) ജോ. സെക്രട്ടറി, ആർ രഞ്ജിത്ത് (എസ്.എൻ. കോളേജ്, ഷൊർണ്ണൂർ) ട്രഷറർ.

KERALA PRIVATE
COLLEGE TEACHER

R.No. 36025/81 No.279

ISSN 2454-4795
Rs.11/- JUNE - 2020

# എ.കെ.പി.സി.ടി.എ.
# 62-ാം
# സംസ്ഥാന സമ്മേളനം

2020 ജൂലൈ 18 ശനി

ഓൺലൈനിൽ




Printed and Published by Dr.P.N.Harikumar, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494, Fax: 0471-2468984 E-mail: akpctatvm@gmail.com www.akpcta.in
**Editor : Dr. A.S. Sumesh**